മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): സർ, അവിടെ നടക്കുന്ന പണിക്കു ഒരു യന്ത്രത്തിന്റെ സഹായം ആവശ്യമാണെന്നു കണ്ടതുകൊണ്ട് കൺട്രാക്ടറുടെ ഗവണ്മെൻറുമായി ഒരു കരാറിന്മേലാണ് ആ യന്ത്രം ഉപയോഗിക്കുന്നതു്. അങ്ങനെ യന്ത്രം ഉപയോഗിക്കുന്നതുമൂലം കുറച്ചുതൊഴിലാളികൾക്കു്, 500 തൊഴിലാളികൾക്കു് എന്നു കൃത്യമായി പറയുന്നതു ശരിയാണോ എന്നറിവില്ല—കുറെ തൊഴിലാളികൾക്കു് ജോലിയില്ലാതാകുമെന്നു പറയുന്നതു ശരിയാണു്. എന്നാൽ, ആ ജോലി, യന്ത്രസഹായം ഉണ്ടായാൽ മാത്രമേ വിചാരിക്കുന്നരീതിയിൽ, ഉദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ചെയ്തുതീർക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ടുമാത്രമാണു യന്ത്രം ഉപയോഗിക്കുന്നതു്.

MOTION UNDER RULE 137.

Re: Discussion on the Report of the States Re-organisation Commission (*Contd.*)

ശ്രീ. എം. പി. മേനോൻ: സർ, ദേവികുളം പീരുമേട് താലൂക്കുകളിലെ നദീജലംസംബന്ധിച്ചു മദ്രാസ്ഗവണ്മെൻറ് ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളെക്കുറിച്ചാണു് ഇന്നലെ സഭ പിരിയുന്ന സമയത്തു് ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു്. മദ്രാസ്സ്റ്റേറിലെ ഒന്നരണ്ടു ഡിസ്ട്രിക്റ്റുകളിൽ ജലസേചനം നടത്താൻ പെരിയാറിലെയും, അതുപോലെ മറ്റു നദികളിലെയും വെള്ളം, തിരുവിതാംകൂർ–കൊച്ചി സ്റ്റേറിൽ നിന്നും തിരിച്ചുകൊണ്ടുപോയാൽ സൗകര്യമായിരിക്കുമെന്നുള്ളതിൽ തർക്കമില്ല. വെള്ളത്തിനു വളരെയേറെ ക്ഷാമമുള്ള പ്രദേശങ്ങളാണു് മധുര, രാമനാടു് മുതലായ ഡിസ്ട്രിക്റ്റുകൾ. അതിനാൽ അവർ ഉന്നയിച്ചിട്ടുള്ള ഈ ആവശ്യം, ജലദൗർലഭ്യംമൂലം വിഷമിക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായ ഒന്നാണെന്നതുതന്നെ സമ്മതിക്കാവുന്നതാണു്. പക്ഷേ, ദേവികുളം പീരുമേട് താലൂക്കുകൾ പുനഃസംഘടനയനുസരിച്ചു് മദ്രാസ്സ്റ്റേറിൽ ഉൾപ്പെട്ടതാണെന്നുള്ള വാദത്തിന്റെ മറ്റൊരു ഭാഗമായിട്ടാണു്, അതുമല്ലെങ്കിൽ, ആ വാദത്തിനു് ആവേശം നൽകുന്ന ഒരു ആവശ്യമായിട്ടാണു് ഇന്നു് അവർ ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതെന്നു് നമുക്കെല്ലാവർക്കും അറിയാം.

[Mr. Deputy Speaker in the Chair]

SHRI N. G. CHACKO: Several members are desirous of participating in the discussion. I request the Chair to prescribe a time limit.

MR. DEPUTY SPEAKER: Members will be given ample time.

ശ്രീ. എം. പി. മേനോൻ: ഇന്നലെ, എന്റെ തമിഴ്നാടു സ്നേഹിതൻ ശ്രീ. ടി. ടി. ഡാനിയൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, പെരിയാർ ഡാം വളരെയധികം പണം ചെലവുചെയ്തു് മദ്രാസ്ഗവണ്മെൻറ് അവിടെ കെട്ടിയിട്ടുള്ളതാണു്, അതുകൊണ്ടു് ആ സ്ഥലങ്ങൾ തമിഴ്നാടിനോടു ചേർക്കേണ്ടതാണു് എന്ന അഭിപ്രായപ്പെടുകയുണ്ടായി. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

നോക്കുമ്പോൾ, ബഹുമാനപ്പെട്ട തമിഴ് സ്നേഹിതന്മാർ തെക്കൻതാലൂക്കുകൾ മദ്രാസിനോട് ചേർക്കണ്ടതാണെന്നു പറയുന്ന ന്യായവാദങ്ങൾക്ക് ഒരു തിരിച്ചടിയായി ചില ന്യായങ്ങൾ മലയാളികൾക്കും പറയാനുണ്ടാകും. തെക്കൻതിരുവിതാംകൂറിലുള്ള നാല് താലൂക്കുകളിൽ വളരെയധികം പണം ചെലവുചെയ്തു, പഴയ തിരുവിതാംകൂർ ഗവണ്മെൻറും, ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറും, പല ഇറിഗേഷൻ പദ്ധതികളും നടപ്പിലാക്കിയിട്ടുള്ളതുകൊണ്ട് ആ താലൂക്കുകൾ ന്യായമായും കേരളത്തിൽത്തന്നെ ചേർക്കണ്ടതാണെന്നു വാദം ഉണ്ടാകാവുന്നതാണ്. പെരിയാർ ഡാം പണിക്കു മദ്രാസ് ഗവണ്മെൻറ് ധാരാളം പണം ചെലവു ചെയ്തിട്ടുള്ളതുകൊണ്ട് ആ താലൂക്കു മദ്രാസിനോട് ചേർക്കണമെന്നു പറയുന്ന അതേ അടിസ്ഥാനത്തിൽത്തന്നെ തെക്കൻതാലൂക്കുകളിൽ ഇറിഗേഷൻ പണികൾക്കായി തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് ചെലവു ചെയ്തിട്ടുള്ള ഭീമമായ തുകകളുടെ ന്യായംപറഞ്ഞുതന്നെ ആ താലൂക്കുകൾ കേരളത്തോട് ചേർക്കണമെന്നും പറയാം. ദേവികുളം പീരുമേട് താലൂക്കുകളിലെ നദികളിൽനിന്നും ധാരാളം ജലം നിരുപയോഗമായി അറബിക്കടലിലേയ്ക്ക് ഒഴുകിപ്പോകുന്നതുകണ്ട് കാമരാജനാടാക്കും മദ്രാസ് ഗവണ്മെൻറിനും കണ്ണുനീർ വരുന്നു. ഇന്നലെ എൻറെ സ്നേഹിതൻ മി. നൂർമുഹമ്മദ് ചൂണ്ടിക്കാണിക്കുകയുണ്ടായി, തെക്കൻതാലൂക്കുകൾ മദ്രാസിൽ ചേർക്കുന്നതുകൊണ്ട് തമിഴ്നാട് ഉണ്ടാകാവുന്ന വൈഷമ്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതു് ഒരുതരം മുതലക്കണ്ണീർ പൊഴിക്കലാണെന്നു്. അദ്ദേഹം ഉപയോഗിച്ച വാക്കുകൾ "tears of greed and tears of land grabbing" എന്നായിരുന്നു. ശ്രീ നൂർമുഹമ്മദും, അദ്ദേഹം ആക്ഷേപിക്കുന്നവരും ആ കൂട്ടരും ഒന്നു മനസ്സിലാക്കാനുണ്ട്. ദേവികുളം പീരുമേടിനെ സംബന്ധിച്ചും മദ്രാസ് ഗവണ്മെൻറ് മുതലക്കണ്ണീർപൊഴിക്കയല്ലേ ചെയ്യുന്നതു്? ഒന്നു ഞാൻ ചോദിക്കുകയാണു്, മദ്രാസ് ഗവണ്മെൻറിൻറെ കീഴിൽ മലബാർ ഇന്നനുഭവിക്കുന്ന അവശനാവസ്ഥയിലല്ലേ നമുക്കറിവുള്ളതു്? മദ്രാസ് ഗവണ്മെൻറിൻകീഴിൽ അനേകം സംവത്സരങ്ങളായി കഴിഞ്ഞുകൂടുന്ന മലബാറിലെ നദികളിലെ വെള്ളം എത്ര കാലമായി കടലിലേയ്ക്കു ഒഴുകിപ്പോകുന്നു? കാലാകാലമായി കടലിലേയ്ക്കു ഒഴുകിപ്പോകുന്ന ആ വെള്ളം കാര്യമായി എന്തെങ്കിലും പദ്ധതികൾക്കു വിനിയോഗിക്കുന്നതിനും അങ്ങനെ മലബാറിനെ ഫലപ്രദമാക്കുന്നതിനും സാധിക്കാത്ത മദ്രാസ് ഗവണ്മെൻറ് ദേവികുളം പീരുമേടിനെപ്പറ്റി ഇങ്ങനെ മുറവിളികൂട്ടുന്നതു് വെറും മുതലക്കണ്ണീരൊഴുക്കലല്ലേ? അതു tears of water-grabbing–ആണെന്നു് നൂർമുഹമ്മദ് സമ്മതിക്കുമോ? തിരുവിതാംകൂർ ഗവണ്മെൻറ് തമിഴ്പ്രദേശങ്ങളെ അവഗണിച്ചു എന്നു് അവർക്ഷേപമുള്ളതുപോലെ, മലബാറിനെ മദ്രാസ് ഗവണ്മെൻറ് ഇക്കാലമത്രയും അവഗണിക്കുകയായിരുന്നു എന്നു് മലയാളികൾക്കും ആക്ഷേപമുണ്ട്. പെരിയാറിലെ വെള്ളം കരസ്ഥമാക്കാൻവേണ്ടി തൊട്ടന്യായങ്ങൾ ഉന്നയിച്ചും, അവസാനഅടവായി രാജ്യദ്രോഹികൾതന്നെ ആവശ്യപ്പെട്ട മുന്നോട്ടുവരുന്ന മദ്രാസ് ഗവണ്മെൻറ് മലയാളിക്കരയുടെ ശത്രുവാണെന്നു് ഞാൻ ആക്ഷേപിക്കുന്നു.

1886–ലെ മറ്റൊരു ആണെന്നതോന്നുന്നു, പെരിയാർ ജലം, മദ്രാസ് ഗവണ്മെൻറുമായി ചില കരാറിൽ ഏർപ്പെട്ട് അവരുടെ ജലസേചന സൗകര്യത്തിനായി ഉപയോഗിക്കാൻ തിരുവിതാംകൂർ ഗവണ്മെൻറ് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയുണ്ടാക്കിയതു്. അതൊരു അനർത്ഥമായിപ്പോയി എന്നു ഇപ്പോൾ തോന്നുന്നു. അവിടെ ഒരു അന്നം കെട്ടാൻ സൗകര്യം കൊടുത്തതു് ഇപ്പോൾ രാജ്യംതന്നെ വേണമെന്നു പറയത്തക്ക അവകാശവാദമായി ഉന്നയിക്കാൻ ഇടയാകുമെന്നു വിചാരിച്ചിരുന്നില്ല. അവർ അങ്ങനെ നിബ്ബന്ധം പിടിക്കുന്നതു ശരിയല്ല. തേവികളം പീരുമേടു താലൂക്കുകളിൽ തമിഴന്മാരാണധികമെന്നും, അവിടത്തെ താമസക്കാർ തമിഴന്മാരാണെന്നും മറ്റും ചില കക്ഷികൾ ഉദ്ഘോഷിച്ചുകൊണ്ടു് ഇന്നലെ പല മെംബറന്മാരും പ്രസംഗിച്ചുകേട്ടു. അവിടെ എസ്റ്റേറ്റുകളിൽ ജോലിചെയ്യാൻവന്ന ആളുകളുടെ കണക്കു പറഞ്ഞതാണു്. ഈ ന്യായവാദങ്ങളും നടത്തുന്നതു്. ഇന്നലെ ഞാൻ മദ്രാസിലെ 1931-ലെ സെൻസസ്സു് റിപ്പോർട്ടു് ഉദാഹരണമായി ഇവിടെ ഉദ്ധരിക്കയുണ്ടായി എസ്റ്റേറ്റ് ജോലിക്കാരുടെ പൊതുവായ ചില സ്വഭാവങ്ങളെക്കുറിച്ചു് സൂക്ഷ്മമായ ഒരഭിപ്രായംകൂടി അതിൽ പറഞ്ഞിട്ടുണ്ടു്. ഞാനാഭാഗം വായിക്കാം:—

"This census is taken for obvious reasons at a period at which all types of plantations are working at full effort. In February, when the population census was taken, a good number of the employees on tea and the majority of those on rubber estates would be back at their villages as this is the quite time for these products. In general, labour on these estates bears a marked resemblance to more sedentary forms of activity in which the twelve months include a definite period of holiday, for it is the rule for these workers to return to their village for periods each year varying from 2 to 3 months, but generally 2. The labour comes by families and returns year after year, frequently to the same estate."

തൊഴിലാളികൾ ഒരു കൊല്ലത്തിൽ എട്ടോ പത്തോ മാസം ജോലി ചെയ്തിട്ടു്, രണ്ടും മൂന്നും മാസക്കാലം അവധിക്കാലമായി വീടുകളിലേക്കും, നാടുകളിലേക്കും പോകുകയാണു് പതിവു്. ആ റിപ്പോർട്ടിൽതന്നെ മറ്റൊരു ഭാഗവും ഇങ്ങനെ കാണുന്നു.

ശ്രീ. എസ്സ്. ശേഷാദ്രിനാഥശർമ്മ : ഏതു റിപ്പോർട്ടിൽ നിന്നാണു് ഇതു ഉദ്ധരിക്കുന്നതു്?

ശ്രീ. എം. പി. മേനോൻ : മദ്രാസിലെ 1931-ലെ സെൻസസ്സു് റിപ്പോർട്ടിൽനിന്നു്.

"In addition, British India supplies three-fourths of the labour on plantations in the adjoining States. Tinnevelly itself furnishes half the plantation labour in Travancore and with Madura and Ramnad, over three-fourths."

മദിരാശിയിലെ ചില ഡിസ്ട്രിക്റ്റുകളിൽനിന്നും നമ്മുടെ രാജ്യത്തു ജോലിക്കുവേണ്ടി വന്നവരിൽ ഒരു വിഭാഗമാണു് ഇനിയുള്ളതു്. ഇപ്പോൾ അവിടെ ജോലിചെയ്യുന്നവരിൽ നാലിൽ മൂന്നു ഭാഗം ആളുകൾ മദിരാശി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

ഡിസ്ട്രിക്റ്റിൽനിന്നും വന്നിട്ടുള്ളവരാണ്. അവർ കൊല്ലംതോറും കൂടക്കൂടെ അവരുടെ നാട്ടിലേക്കു മടങ്ങുന്നു. അങ്ങനെ ജോലിക്കു വന്നവരുടെ കണക്കു പറഞ്ഞു് ആ താലൂക്കുകളും തമിഴ്ഭൂരിപക്ഷപ്രദേശമാണെന്നു പറഞ്ഞാൽ അതു വിട്ടുകൊടുക്കാൻ നിവൃത്തിയില്ല. അങ്ങനെ വന്നു താമസിക്കുന്നവർക്ക് ഈ മണ്ണിനോടു യാതൊരു ബന്ധവും ഇല്ലെന്നു തന്നെ പറയാം. എസ്റ്റേറ്റുകളിലെ തൊഴിലാളികളും മുതലാളിമാരും തമ്മിൽ തർക്കം ഉണ്ടായാൽ ആ തർക്കവും മണ്ണിന്റെ പ്രശ്നവും തമ്മിൽ യാതൊരു ബന്ധവുമില്ല. തോട്ടങ്ങളിലെ കൂലിവേലക്കാരേയും തെക്കൻ തിരുവിതാംകൂറിലെ തമിഴരായ കൃഷിക്കാരേയും ഒരുപോലെ കണക്കാക്കാൻ പാടില്ല. തെക്കൻതിരുവിതാംകൂറിലെ തമിഴരും ആ നാടും തമ്മിലുള്ള ബന്ധം വേറെയാണ്. പരമ്പരയായി മണ്ണിനോടു മല്ലടിച്ചു കഴിയുന്ന കർഷകരേയും, തൽക്കാലജോലിക്കായി വന്നു് അതു കഴിയുമ്പോൾ മടങ്ങുന്ന എസ്റ്റേറ്റുജോലിക്കാരേയും ഒരേ മാനദണ്ഡംകൊണ്ടു് അളക്കാൻ വയ്യ.

ശ്രീ. എ. ചിദംബരനാഥനാടാർ : ദേവികുളവും പീരുമേടും താലൂക്കുകളിലെ താമസക്കാർക്കു മണ്ണിനോടു് ബന്ധമില്ലെങ്കിൽ വോട്ടവകാശം എങ്ങനെ കിട്ടി ?

ശ്രീ. എം. പി. മേനോൻ : നിയമപ്രകാരം 180 ദിവസം ഒരു സ്ഥലത്തു സ്ഥിരമായി താമസിച്ചാൽ വോട്ടവകാശം സിദ്ധിക്കുമെന്നുള്ള വിവരം എല്ലാവർക്കും അറിയാവുന്നതാണ്.

ശ്രീ. എ. കണ്ണൻനാടാർ : കണ്ണൻദേവൻകമ്പനിയുടെ മുതലാളിയ്ക്കു് ആ മണ്ണുമായി എന്തെങ്കിലും അവകാശമോ ബന്ധമോ ഉണ്ടോ ?

ശ്രീ. എം. പി. മേനോൻ : കണ്ണൻദേവൻ ഹിൽസ് തിരുവിതാംകൂർ ഗവണ്മെന്റിന്റെ വകയാണ്. കമ്പനിയുടമസ്ഥന്മാർ ഗവണ്മെന്റുമായി നടത്തിയ ഒരു കരാർ അനുസരിച്ചു് ആ സ്ഥലം എത്രയോ കൊല്ലത്തേയ്ക്കു് കമ്പനിക്കു കൊടുത്തിരിക്കുകയാണ്. കണ്ണൻദേവൻ പ്രൊഡ്യൂസ് കമ്പനിക്കാർ ഇവിടെനിന്നും പോകുമ്പോൾ ഈ സ്ഥലം തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റിനു് അവശേഷിക്കും.

ശ്രീ. എസ്സ്. ശേഷാദ്രിനാഥശർമ്മ : ഈ സ്ഥലം കണ്ണൻദേവൻ കമ്പനിക്കാർക്കു കൊടുത്തതു് പൂഞ്ഞാർ ചീഫ് ആണെന്നറിയാമോ ?

ശ്രീ. എം. പി. മേനോൻ : ആയിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ : പൂഞ്ഞാർ ചീഫ് തമിഴനാണോ ?

ശ്രീ. എം. പി. മേനോൻ : അല്ലെന്നാണ് എന്റെ അറിവ്.

ഞാൻ തെക്കൻതിരുവിതാംകൂർ പ്രദേശത്തെപ്പറ്റി സംസാരിച്ചപ്പോൾ വളരെ സഹിഷ്ണുതയോടുകൂടി കേട്ടുകൊണ്ടിരുന്ന എന്റെ തമിഴ് സ്നേഹിതന്മാർ ദേവികുളം-പീരുമേടിനെപ്പറ്റിയുള്ള കാര്യം വന്നപ്പോൾ ഇത്രമാത്രം പരിഭ്രമിക്കുകയും പരിഭവിക്കുകയും ചെയ്യുന്നതെന്തിനാണ് ? തെക്കൻതിരുവിതാംകൂർ പ്രദേശങ്ങൾ മദ്രാസിൽ ലയിക്കണമെന്നു പറയുന്നതു് എത്രമാത്രം ന്യായമാണോ, അത്രമാത്രം ന്യായത്തോടുകൂടിത്തന്നെ ദേവികുളവും പീരുമേടും കേരളത്തിൽ ലയിക്കേണ്ടതാണെന്നു സ്ഥാപിക്കുവാനാണ് ഞാൻ ശ്രമിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ആകപ്പാടെ നോക്കുമ്പോൾ കാണുന്ന വസ്തുത ഇതാണ്. ഒൻപതു താലൂക്കുകളാണ് തമിഴ്നാട്ടുകാർ മദ്രാസിലേയ്ക്കു വശ്യപ്പെടുന്നതു്. തിരുവിതാംകൂർ-കൊച്ചിയിലെ ജനസംഖ്യയിൽ ആകെ ഒൻപതു ശതമാനം ജനങ്ങളാണ് ഈ ഒൻപതു താലൂക്കുകളിലുള്ളതു്. എന്നാൽ സംസ്ഥാനത്തിന്റെ 25 ശതമാനം വിസ്തീർണ്ണമുള്ള സ്ഥലമാണ് അവർ ആവശ്യപ്പെടുന്നതെന്നു മനസ്സിലാക്കണം. ഇന്നത്തെ ജനസംഖ്യാപ്രശ്നം നമ്മുടെ രാഷ്ട്രീയഭാവിയെ എത്രമാത്രം രൂക്ഷമായി ബാധിക്കുന്നു എന്നുള്ളതിനെക്കൂടി പരിഗണിക്കുമ്പോൾ, സംസ്ഥാനത്തിന്റെ 2,5 ശതമാനത്തോളം വിസ്തീർണ്ണം വരുന്ന സ്ഥലം ആകെ ജനസംഖ്യയിൽ ഒൻപതു ശതമാനം മാത്രമുള്ള തമിഴർക്കായി വിട്ടുകൊടുക്കുകയെന്ന വാദം ഉന്നയിക്കുന്നതു് ഈ സംസ്ഥാനത്തു് ബാക്കിവരുന്ന മലയാളികൾ നശിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രം ആകാമതേ വഴിയുള്ളൂ.

ദേവികുളം പീരുമേട് താലൂക്കിന്റെ കാര്യത്തെപ്പറ്റി എന്റെ ബഹുമാന്യരായ തമിഴ്നാട് സ്നേഹിതന്മാർ എടുത്തിരിക്കുന്ന നില ഈ രാജ്യത്തിനുതന്നെ ആക്ഷേപകരമാണ്. കാരണം, അവർ ഈ വാദം ഉന്നയിക്കുന്നതു അവകാശത്തിന്റെയോ, താല്പര്യത്തിന്റെയോ അല്ല. നേരേമറിച്ചു് മദ്രാസു് ഗവണ്മെൻറിന്റെ താൽപ്പര്യസംരക്ഷണത്തിനുവേണ്ടിയും അവർ ആവശ്യപ്പെട്ടതനുസരിച്ചുമാണ്. റീ ഓർഗനൈസേഷൻ കമ്മിഷൻ റിപ്പോർട്ടു് പുറത്തായ ഉടൻതന്നെ തമിഴ്നാട് നേതാക്കൾ ശ്രീ. കാമരാജനാടാരുടെ ഉപദേശം നേടുവാനായി മദ്രാസിലേയ്ക്കു ഓടുകയായിരുന്നുചെയ്തതു്. ഇവർ വാസ്തവത്തിൽ നിരപരാധികളാണ്. മദ്രാസ് ഗവണ്മെൻറിനുവേണ്ടി മാവിയിലെ അവരുടെ മുഖ്യമന്ത്രിക്കുവേണ്ടി, അവർ ഇപ്പോഴെ വാദം തുടങ്ങിയിരിക്കുന്നു എന്നേയുള്ളൂ. അയൽപക്കത്തുള്ള ഒരു സ്റ്റേറ്റിന്റെ അവകാശങ്ങളെ ക്ഷയിപ്പിക്കുന്നതിനുവേണ്ടി അനർഹമായ ന്യായങ്ങൾ ഉന്നയിച്ചുകൊണ്ടു്, അതിർത്തിതന്നു വാദങ്ങൾ ഉന്നയിച്ചുകൊണ്ടു് അതിനുവേണ്ടി എത്രയും പിണിയാളുകളെ കൂട്ടുപിടിക്കുന്നതു കാമരാജനാടാർക്കായാലും ക്ഷണമല്ല.

ബാക്കി ശേഷിക്കുന്നതു് നെയ്യാറ്റിൻകര, ചിറയിൻകീഴ് താലൂക്കുകളാണ്. ഈ രണ്ടു താലൂക്കുകളും മദ്രാസിൽ ലയിക്കേണ്ടതിന്റെ ന്യായത്തെപ്പറ്റി ശ്രീ. മുഹമ്മദും ശ്രീ. ഡാനിയലും ഇവിടെ പറഞ്ഞതുകൊണ്ടും മുഴുവൻ തൃപ്തനാകാൻ ശ്രമിച്ചിട്ടും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. 1941-ലെ സെൻസസ് റിപ്പോർട്ടു നോക്കിയാൽ ചിറയിൻകീഴ് താലൂക്കിൽ രണ്ടു മലയാളിക്കു ഒരു തമിഴനെ ഉണ്ടായിരുന്നുള്ളൂ എന്നതു കാണാം. 1941-ലെ സെൻസസ് റിപ്പോർട്ടിൽ,—ഇന്നു ഇവിടത്തെ ചീഫ് സെക്രട്ടറിയായിരിക്കുന്ന ശ്രീ. ബി. വി. കെ. മേനോൻ കൊച്ചിയിൽ സെൻസസ് കമ്മിഷണരായിരുന്ന കാലത്തു തയാറാക്കിയ റിപ്പോർട്ടാണതു്.—ചിറയിൻകീഴിൽ എഴുപതിനായിരം മലയാളികൾ ഉള്ളപ്പോൾ മുപ്പത്തയ്യായിരം തമിഴരെ ഉള്ളൂ എന്നാണ് കാണുന്നതു്. അപ്പോൾ തമിഴ് ന്യൂനപക്ഷമാണവിടെയുള്ളതു്. ആ നിലയ്ക്കു ചിറയിൻകീഴ് താലൂക്കിനെ സംബന്ധിച്ചെത്തിടത്തോളം നിൽക്കുന്നതിലാണ് ഈ വാദം എന്റെ തമിഴ്നാട് സ്നേഹിതന്മാർ ഉന്നയിക്കുന്നതെന്നു എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല.

നെയ്യാറ്റിൻകര താലൂക്കിനെ സംബന്ധിച്ചുള്ള വസ്തുതയും ഇതുതന്നെയാണ്. തമിഴ്നാട് മെംബർമാർ കൊണ്ടുവരുന്ന ആക്ഷേപം ബലം പ്രയോഗിച്ചു് മലയാളികളുടെ എണ്ണം കൂട്ടിയും അതുപോലെ തമിഴരുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

എണ്ണം കുറച്ചും സെൻസ്സസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്നാണല്ലോ. ഈ ആക്ഷേപം ഗ്രൂഡല്ലൂർ താലൂക്കിനെ സംബന്ധിച്ചു മലയാളികൾക്കും ഉണ്ട്. ഇങ്ങനെ ഇരുകൂട്ടരും ആക്ഷേപങ്ങൾ പുറപ്പെടുവിക്കുമ്പോൾ ഈ രണ്ടാക്ഷേപങ്ങളും തമ്മിൽ സുല്ല പറഞ്ഞു സെൻസ്സസ് റിപ്പോർട്ടിൽ ഉള്ളതു വിശ്വസിക്കാതെ നിർവാഹമുള്ളൂ. ഈ കണക്കുകൾ നോക്കുമ്പോൾ ചിറ്റൂർ താലൂക്കും നെയ്യാറ്റിൻകര താലൂക്കും മദ്രാസിൽ ലയിക്കണമെന്നു പറയുന്ന വാദത്തിൽ യാതൊരു ന്യായവുമില്ലെന്നു കാണാം.

അടുത്തതു് കാസർകോടിന്റെ കാര്യമാണു്. അതു മലയാളികൾ ഉൾക്കൊള്ളുന്ന ഒരു പ്രദേശമാണെന്നു കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. 1881-ലും 1891-ലും അതിനുശേഷം 1931 വരെയും ഉള്ള എല്ലാ സെൻസ്സസ് റിപ്പോർട്ടും പരിശോധിച്ചാൽ കാസർകോടു താലൂക്കിലെ ഭൂരിപക്ഷം ജനങ്ങളും മലയാളികളാണെന്നു രേഖപ്പെടുത്തിയിട്ടുള്ളതായി കാണാം. അതുപോലെതന്നെ ഗ്രൂഡല്ലൂർ താലൂക്കും കേരളത്തിലേയ്ക്കു് വിട്ടുകിട്ടേണ്ടതാണു്. ദേവികുളവും പീരുമേടും താലൂക്കുകളിലുള്ള എസ്റ്റേറ്റുകളിലെ ജോലിക്കാർ ഭൂരിപക്ഷം തമിഴരാണെന്ന വാദം തമിഴ്നാടു മെംബറന്മാർ ഉന്നയിക്കുമ്പോൾ, നീലഗിരിയിൽ നിങ്ങൾക്കു ഭൂരിപക്ഷമുണ്ടോയെന്നു ഞാൻ അവരോടു ചോദിക്കുന്നു. എന്നിട്ടും നീലഗിരി മദ്രാസിനോടു ചേക്കുന്നതിൽ മലയാളികൾക്കു വിരോധമില്ല. അവിടെയുള്ളവരിൽ ഏകദേശം നാൽപ്പതുശതമാനത്തോളം ആളുകൾ 'വടക' എന്നു പറയുന്ന മറ്റൊരുമില്ലാത്ത ഒരുതരം ഭാഷയാണു് സംസാരിക്കുന്നതു്. 17 ശതമാനം ആളുകൾ മലയാളവും, 30 ശതമാനം പേർ തമിഴും, 17 ശതമാനം പേർ കന്നടവും സംസാരിക്കുന്നു. ആ പ്രദേശം ഭാഷാപരമായ അടിസ്ഥാനത്തിൽ മറ്റൊന്നിനോടും ചേക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ഇതുവരെ ഭരിച്ചുകൊണ്ടിരുന്ന മദ്രാസ് ഗവണ്മെന്റിൽത്തന്നെ ഇരുന്നുകൊള്ളട്ടെ എന്നു മലയാളികൾ സമ്മതിക്കുന്നു. പ്രത്യേകം ഒരു ലിംഗ്വിസ്റ്റിക് ഗ്രൂപ്പ് ഉണ്ടാക്കുവാൻ കഴിവില്ലാത്ത പ്രദേശങ്ങൾകൂടി മദ്രാസിൽ ചേക്കുവാൻ യാതൊരു വിമനസ്സും പ്രകടിപ്പിക്കാത്ത കേരളീയരോടു തുല്യമായ ഒരു മനോഭാവം മദ്രാസ് ഗവണ്മെന്റും ഇവിടത്തെ തമിഴ്നാടു് സ്നേഹിതന്മാരും പ്രകടിപ്പിക്കുന്നില്ലല്ലോയെന്നുള്ളതിൽ വളരെ ഖേദമുണ്ടു്. മാത്രമല്ല, ചതുരശ്രമൈലിനു ആയിരത്തിൽപ്പരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ ചെറു രാജ്യത്തിൽ തമിഴ് ഭൂരിപക്ഷമില്ലാത്ത നീലഗിരി മുതലായ സ്ഥലങ്ങൾ ചേർക്കണമെന്നു് ആവശ്യപ്പെടാതിരുന്നിട്ടും പിന്നെയും സാമ്രാജ്യവാദികളെപ്പോലെ കേരളീയർ—പ്രത്യേകിച്ചു് വാസ്തവത്തിൽ അവർക്കുതന്നെ ലജ്ജാകരമാണു്.

അടുത്തതു് ലക്ഷദ്വീപിനേയും അമിൻ ദ്വീപിനേയും മറ്റും സംബന്ധിച്ചു രണ്ടുണ്ടു്. ഈ ദ്വീപുകൾ കേന്ദ്രഗവണ്മെന്റിന്റെ അധികാരപരിധിയിൽ വരണമെന്നുള്ള കോൺഗ്രസ്സു് വർക്കിംഗ് കമ്മിറ്റിയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. എഴുപതു ചതുരശ്രമൈൽ വിസ്തീർണമുള്ള ഒരു സ്ഥലമാണു് ലക്ഷദ്വീപുകൾ. നമ്മുടെ കടൽക്കരയിൽനിന്നും നൂറോ നൂറമ്പതോ മൈൽ ദൂരെ സ്ഥിതിചെയ്യുന്നു. അവിടെ അധിവസിക്കുന്ന ജനങ്ങളുമായി നമുക്കു് ശരിയായ ബന്ധം സ്ഥാപിക്കുവാൻ വളരെയധികം വിഷമം ഉണ്ടു്. അതുകൊണ്ടു് നമുക്കു് അവരോടു് യോജിച്ചു നീതി ചെയ്യുവാൻ സാധിക്കുമോയെന്ന സംശയമാണു്. നമുക്കിപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചുവരുന്നതുപോലെയെങ്കിലും ഉള്ള പരിമിതമായ ഒരു ഭരണസംപ്രദായം അവിടെ ഉണ്ടാക്കിക്കൊടുക്കുന്നതെങ്കിൽ അനേകം കോടി രൂപ ചെലവാക്കേണ്ടതായി വരും. അതുപോലെതന്നെയാണ് അമീൻ ദ്വീപിന്റെ കാര്യവും. മുന്നു ചതുരശ്രമൈൽ സ്ഥലമാണ് അതിനുള്ളതു്. ചതുരശ്രമൈലിന് ഏകദേശം 1700 ജനങ്ങൾ അവിടെ താമസിക്കുന്നുണ്ടു്. അതും നമ്മുടെ സ്റ്റോറിനു താങ്ങാൻ സാധിക്കാത്ത സമ്പത്തികഭാരം വരുത്തിവയ്ക്കും. അതുകൊണ്ടു് അതു കേന്ദ്രഗവണ്മെന്റിന്റെ ഭരണത്തിൻ കീഴിൽ ഇരിക്കുകയാണു് നല്ലതു്.

സർ, അതിന്ത്യതക്കം മാത്രമല്ല, സ്റ്റോറേറ്റ് ആർഗനൈസേഷനേയുംകൂടി ഉണ്ടാക്കുന്നതു്. ഇവിടെ ഒരു കേരളസംസ്ഥാനം രൂപം പ്രാപിക്കുമ്പോൾ നമ്മുടെ ഭാവിയെ സംബന്ധിച്ചു ഗൌരവമേറിയ പല കാര്യങ്ങളും അഭിമുഖീകരിക്കേണ്ടതായി വരും. ഭാഷാപരമായ ന്യൂനപക്ഷങ്ങൾക്കു് പരിരക്ഷ നൽകുന്നതിനുള്ള ചില നിർദ്ദേശങ്ങൾ ഇതിൽ പ്രൊപ്പോർട്ടിലുണ്ടു്. ന്യൂനപക്ഷഭാഷ പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുക, ഔദ്യോഗികാവശ്യത്തിനുപയോഗിക്കുക, ഉദ്യോഗം പങ്കുവയ്ക്കുക തുടങ്ങിയവയാണു് ആ നിർദ്ദേശങ്ങൾ. പക്ഷെ അവകൊണ്ടു മാത്രം ഇതു സംബന്ധിച്ചുണ്ടാകുന്ന പല പ്രശ്നങ്ങൾക്കും പെട്ടെന്നു പരിഹാരമുണ്ടാക്കുവാൻ കഴിയുമോയെന്ന സംശയമാണു്.

മറ്റൊന്നു നമ്മുടെ സ്റ്റോറിലെ അതിത്തിതക്കങ്ങളെപ്പറ്റിയാണു്. അതിത്തികളെ സംബന്ധിച്ചു് ഇരു ഗവണ്മെൻറുകളും തമ്മിൽ കൂടിയാലോചിക്കേണ്ടതായി വരും. കിഴക്കു പശ്ചിമഘട്ടങ്ങൾ കേരളസംസ്ഥാനത്തിന്റെ അതിത്തിയായി കിടക്കുന്നതുകൊണ്ടു് കഴപ്പുമില്ല. അതുപോലെ പടിഞ്ഞാറു കടലുമാണു്. പക്ഷെ തെക്കും വടക്കും ഉള്ള നില അതല്ല. നെയ്യാറിൻകര താലൂക്കിന്റെ അതിത്തി സൗകര്യമനുസരിച്ചു്, ഇപ്പോഴത്തേതിനെ അപേക്ഷിച്ചു്, അങ്ങോട്ടോ ഇങ്ങോട്ടോ മാറേണ്ടതായി വരും. ഒരു നാച്ചുറൽ ബൗണ്ടറി ഉണ്ടായിരിക്കുന്നതു രണ്ടുകൂട്ടർക്കും നന്നായിരിക്കും. ഭരണപരമായ സൗകര്യങ്ങളും നോക്കിയും തർക്കങ്ങളില്ലാത്തവിധത്തിലും ഏതെങ്കിലും നാച്ചുറൽ ബൗണ്ടറിയെ അടിസ്ഥാനമാക്കി അതിത്തികൾ നിർണ്ണയിക്കുന്നതായിരിക്കും നല്ലതു്. അതിനു വേണ്ടിവന്നാൽ ഏതാനും ചതുരശ്രമൈൽ സ്ഥലം നമുക്കു വിട്ടുതരണമെന്നു് തമിഴരോടു് നമുക്കു് അഭ്യർത്ഥിക്കാം. വടക്കു കാസർകോട്ടു താലൂക്കിന്റെ കാര്യത്തിൽ ഒരു നാച്ചുറൽ ബൗണ്ടറിയുടെ അടിസ്ഥാനത്തിൽ ചന്ദ്രഗിരിപ്പുഴയുടെ വടക്കുഭാഗത്തുള്ള താലൂക്കുകൾ വിട്ടുകൊടുക്കുവാൻ സമ്മതിക്കുന്നതിൽ വിരോധമില്ല. തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചും അങ്ങനെ ഒരു സൗജന്യമനോഭാവത്തോടുകൂടിയ തീരുമാനം ഉണ്ടാക്കുന്നതുകൊള്ളാം.

മറ്റൊന്നു സർവ്വീസ് ഇൻറിഗ്രേഷനെ സംബന്ധിച്ചാണു്. കമ്മീഷൻ റിപ്പോർട്ടിൽ അതിനെപ്പറ്റിയും പറയുന്നുണ്ടു്. ഇന്നു ഇരുസ്റ്റോറുകളിലും ഉള്ള സർവീസുകൾ ഇൻറിഗ്രേറ്റു ചെയ്യുന്ന കാര്യം ഇതിക്കട്ടെ. ഇപ്പോൾ സർവീസിൽ പ്രവേശിച്ചു് ആറും ഏഴും കൊല്ലം കഴിഞ്ഞതിനുശേഷം സ്ഥിരമാകാത്ത അനേകം ഉദ്യോഗസ്ഥന്മാർ ഈ രാജ്യത്തുണ്ടു്. തിരുവിതാംകൂറും കൊച്ചിയുമായിട്ടുള്ള ഇൻറിഗ്രേഷൻ മൂലം ഉണ്ടായിട്ടുള്ള തർക്കങ്ങൾ തീരാതെ ഇന്നും കിടപ്പുണ്ടു്. പുതിയ സ്റ്റോറുണ്ടാകുമ്പോൾ

[ശ്രീ. എം. പി. മേനോൻ]

മ്പോൾ പുതിയ തക്കങ്ങളും ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഈ തക്കങ്ങൾ ഉന്നയിച്ചുവരുന്നതിനു മുമ്പായി ഇവിടെയുള്ള സർവീസിനെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. സ്ഥിരമല്ലാതെ സർവീസിലിരിക്കുന്ന ജോലിക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികളാണ് ആദ്യമായി എടുക്കേണ്ടതു്.

നമ്മുടെ കേരളസംസ്ഥാനരൂപീകരണത്തെപ്പറ്റി ആലോചിക്കുമ്പോൾ സർവപ്രധാനമായി പൊന്തിവരുന്നതു പെരിയാർ തടാകത്തിൻറെ കാര്യമാണു്. പെരിയാർ തടാകം മദ്രാസ് ഗവണ്മെൻറ് പണം ചെലവാക്കി കെട്ടിച്ചതാണു്. പെരിയാർ തടാകത്തിൽ ആരെങ്കിലും ചെല്ലണമെന്നുണ്ടെങ്കിൽ മൻക്കുട്ടി മദ്രാസ് ഗവണ്മെൻറിൻറെ അനുവാദം വാങ്ങേണ്ടിയിരിക്കുന്നു. ഈ നില മാറണം. അതുകൊണ്ടു് പെരിയാർ തടാകത്തിനു മദ്രാസ് ഗവണ്മെൻറ എത്ര പണം ചെലവാക്കിയിട്ടുണ്ടോ അതിൻറെ കണക്കനുസരിച്ചു് ആ പണം മുഴുവൻ തേയ്മാനവും കഴിച്ചു് ബാക്കി കൊടുത്തു് അവരുടെ ബാദ്ധ്യതയിൽ നിന്നും പെരിയാർ തടാകത്തെ മോചിപ്പിക്കേണ്ടതാണു്. അതിൻറെ അർത്ഥം പെരിയാർ ഡാമിലെ വെള്ളം മദ്രാസിനു കൊടുക്കണ്ടായെന്നല്ല. ഡാം നമ്മുടെയായാലും അവരുടേതായാലും വെള്ളം കൊണ്ടുപോകുന്നതിനു വിരോധമില്ല. പക്ഷെ അതിനെ സംബന്ധിച്ചുള്ള സർവ അവകാശങ്ങളും ഈ ഗവണ്മെൻറിനു മാത്രമായിരിക്കേണ്ടതാണു്.

അവസാനമായി എനിക്കു് ഒരു കാര്യംകൂടി പറയുവാനുണ്ടു്. ഒരു കേരളസംസ്ഥാനം ഉണ്ടാകുമ്പോൾ ഈ സ്റ്റേറിനു അതിശക്തമായ വിധത്തിൽ അതിൻറെ സാമ്പത്തികപ്രശ്നത്തെ അഭിമുഖീകരിക്കേണ്ടതായിവരും. ഇപ്പോൾത്തന്നെ നമുക്കുള്ള ബാദ്ധ്യതകൾക്കും പുറമെ മറ്റു സാമ്പത്തിക പ്രശ്നങ്ങളും സ്റ്റേറിനെ അഭിമുഖീകരിക്കും. അതായതു കാലത്തു് ധനകാര്യമന്ത്രിമാർ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടു് ചെയ്യുന്ന പ്രസംഗങ്ങളിൽ ഫെഡറൽ ഫിനാൻഷ്യൽ ഇൻറിഗ്രേഷൻകൊണ്ടു് നമ്മുടെ സ്റ്റേറിനു തളർച്ചയാണുണ്ടായിരിക്കുന്നതെന്നു പറഞ്ഞിട്ടുണ്ടു്. പുതിയ സ്റ്റേറുണ്ടാകുമ്പോൾ കഴിഞ്ഞകാലത്തു നമുക്കുണ്ടായിട്ടുള്ള അനുഭവം വച്ചുകൊണ്ടു് അതുപോലെയുള്ള അപകടങ്ങൾ വരാതിരിക്കാൻ വേണ്ടി കേന്ദ്രഗവണ്മെൻറുമായി കൂടിയാലോചിച്ചു വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാണു്. പക്ഷെ അതിലേയ്ക്കു ശക്തമായ ഒരു ഭരണകൂടം നമുക്കിന്നില്ല. ഇന്നത്തെ രാഷ്ട്രീയ പരിതഃസ്ഥിതി വച്ചുകൊണ്ടു നോക്കുമ്പോൾ അങ്ങനെ കേന്ദ്രഗവണ്മെൻറുമായി വാദിച്ചു നമ്മുടെ ആസ്തി ബാദ്ധ്യതകളെ നിർണ്ണയപ്പെടുത്തുന്നതിനുള്ള തൻറേടവും ശക്തിയും ഇന്നത്തെ ഗവണ്മെൻറിനുണ്ടാകുമോ എന്നു സംശയമാണു്. അതുകൊണ്ടു് ഏറ്റവും ദുർബലമായ ഒരു ഗവണ്മെൻറാണു് ഇപ്പോൾ ഭരണാധികാരത്തിലിരിക്കുന്നതെന്നോർത്തു് ഈ രാജ്യത്തിൻറെ ഭാവിയെ കരുതി എല്ലാ കക്ഷികളും പൊതുവായ ഒരു നിലയെടുക്കണമെന്നും, അങ്ങനെ ജനങ്ങൾ സംഘടിച്ചുനിന്നു സുശക്തവും സുഭദ്രവുമായ ഒരു കേരളസംസ്ഥാനത്തിൻറെ രൂപവൽക്കരണത്തെ ത്വരിതപ്പെടുത്തണമെന്നും ഈ സഭയിലെ എല്ലാവരോടും അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞു് : സർ, ഈ സഭയുടെ മുൻപിൽ ചർച്ചയ്ക്കായി ശ്രീ. പനമ്പിള്ളി അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ അനുകൂലിച്ചല്ല ഞാൻ സംസാരിക്കുന്നതു്. ശ്രീ. വിശ്വംഭരൻ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിച്ചാണു് ഞാൻ സംസാരിക്കുന്നതു്. ഒരു കേരള സംസ്ഥാനം രൂപം എടുക്കണമെന്നുള്ള അഭിപ്രായം ഉണ്ടായിട്ടു് വളരെ കാലമായി. അങ്ങനെ വളരെ കൊല്ലങ്ങളായി നാം ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന കേരളസംസ്ഥാനം സമീപകാലത്തു രൂപീകൃതമാകുമെന്നുള്ളതു് ആശ്വാസകരവും അഭിമാനകരവുമാണു്. അതു നമ്മുടെ സംസ്ഥാനത്തെ മനസ്സുകൊണ്ടു് ഒരു മാതൃകയായിട്ടാണു് ഞാൻ കരുതുന്നതു്. ഇക്കാര്യത്തിൽ എനിക്കും ശ്രീ. പനമ്പിള്ളിക്കുള്ളതുപോലെതന്നെ ആഹ്ലാദവും അഭിമാനവും ഉണ്ടു്.

കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കേരളസംസ്ഥാന രൂപീകരണത്തെ സംബന്ധിച്ചു് പല ആക്ഷേപങ്ങളും ഉണ്ടെങ്കിലും അതിന്റെ ലക്ഷ്യത്തോടും തത്വത്തോടും ഞാൻ യോജിക്കുകമാത്രമാണു് ചെയ്യുന്നതു്. എങ്കിലും കേരളസംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ഏതാനും വിഭാഗങ്ങളും, അതും മനോഹരങ്ങളായ പ്രദേശങ്ങളും വെട്ടിമുറിയ്ക്കുന്നതിനെ അനുവദിച്ചുകൊടുക്കാൻ നാട്ടുകാർക്കു ക്ഷമയും സമ്മതവും ഉണ്ടെന്നു പറയാൻ നിവൃത്തിയില്ല. പ്രസ്തുത കേരളസംസ്ഥാനം തെക്കൻതിരുവിതാംകൂറിന്റെ ഏതാനും ഭാഗം ഒഴിവാക്കിക്കൊണ്ടുള്ള ഒരു രൂപീകരണമാണു് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അതു് എന്റെ അഭിപ്രായത്തിൽ രാജ്യത്തിന്റെ സാമ്പത്തികഭദ്രതയ്ക്കും ഭൂമിശാസ്ത്രപരമായ കടപ്പിനും, എന്നല്ലാ ആചാര സംസ്കാരങ്ങൾക്കും കടകവിരുദ്ധമായിട്ടുള്ള ഒരു പ്രവൃത്തിയാണു്. തെക്കൻതിരുവിതാംകൂർക്കൂടി ഉൾപ്പെടുത്തിയുള്ള ഒരു കേരളം, കാസർകോടു് കൂടല്ലൂരുംകൂടി ഉൾപ്പെടുത്തിയുള്ള ഒരു കേരളമാണു് ഇവിടെ നമുക്കാവശ്യം. ഈ സ്ഥലങ്ങൾ ഉൾപ്പെടാത്ത ഒരു കേരളം ഒരു യഥാർത്ഥ കേരളമാകയില്ല. ഒരു യഥാർത്ഥ കേരളസംസ്ഥാനം രൂപമെടുത്തെങ്കിലേ നമ്മുടെ സാമ്പത്തിക ഭദ്രതയ്ക്കു തകരാറു വരുവാതിരിക്കയുള്ളൂ. പതിനൊന്നു സാംസ്ഥാനിക ഗവണ്മെന്റുകാരുടെ ഭരണത്തിൽ ഏതാണ്ടു് അറുനൂറിൽപ്പരം നാട്ടുരാജ്യങ്ങളിൽ നാട്ടുരാജാക്കന്മാർ ഭരിച്ചിരുന്ന ഇൻഡ്യാമഹാരാജ്യം സ്വാതന്ത്ര്യം കിട്ടിയശേഷം 27 സംസ്ഥാനങ്ങളായി കുറയുകയാണു ചെയ്തതു്. ചെറിയ ചെറിയ യൂണിറ്റുകളായിരുന്നതു് സാമ്പത്തികാഭിവൃദ്ധിക്കും സംസ്ഥാനങ്ങളുടെ പുരോഗതിക്കും സാരമായ പ്രതിബന്ധം ഉണ്ടാക്കുമെന്നു കരുതിയായിരിക്കണം ഇപ്രകാരം രൂപീകൃതമായിട്ടുള്ളതു്. എന്നാൽ ഇന്നത്തെ കമ്മിഷൻ റിപ്പോർട്ടിൽ മുമ്പുണ്ടായിരുന്ന 27 സംസ്ഥാനങ്ങളും 16 സംസ്ഥാനങ്ങളായി കുറച്ചിരിക്കുകയാണു ചെയ്യുന്നതു്. ഓരോ സ്റ്റേറ്റിനെയും പുരോഗതിയുടെ പേരിൽ കൂടുതൽ കൂടുതൽ ഉയർത്തുന്നതിനും ഭരണപരമായ കാര്യങ്ങളിൽ കൂടുതൽ സൗകര്യപ്രദമായ വിധത്തിലും രൂപീകരിച്ചിരിക്കയാണു്. അങ്ങിനെ സാമൂഹ്യമായും സാമ്പത്തികമായും ഉള്ള വികസനസാദ്ധ്യതയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനങ്ങളുടെ എണ്ണം കുറച്ചു്, വിസ്തൃതംകൂട്ടി പുനഃസംഘടിപ്പിക്കുന്ന ഒരു ലക്ഷ്യമാണുള്ളതെങ്കിൽ കേരളസംസ്ഥാനത്തെ ഈ മാതിരി വെട്ടിക്കുറയ്ക്കേണ്ട ആവശ്യമില്ലായിരുന്നു. ഈ കൃത്യം കമ്മിഷൻ നിർവഹിച്ചിട്ടുള്ളതു് ഈ സംസ്ഥാനത്തെ പൊതുജനങ്ങളുടെ അഭിപ്രായത്തെ ആദരിച്ചല്ലെന്നുള്ളതു് നിസ്സംശയമാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ചു]

ഒരു രാജ്യത്തിന്റെ ഏതാനും ഭാഗം വെട്ടിയെടുത്തു് മറ്റൊരു രാജ്യത്തിൽ ചേർക്കണമെങ്കിൽ തീർച്ചയായും ആ രാജ്യത്തെ പൊതുജനങ്ങളുടെ അനുവാദം ആവശ്യമാണു്. മാത്രമല്ല, ഒരു രാജ്യത്തിന്റെ ഏതാനും ഭാഗം മറ്റൊരു രാജ്യത്തിനു്, ഒരു ഗവണ്മെന്റിനു വേണമെന്നു് ആഗ്രഹിക്കുന്നതും ശരിയാണെന്നു തോന്നുന്നില്ല. ആ നിലയിൽ രാജ്യസ്നേഹമുള്ള ഏതൊരാൾക്കും കമ്മിഷന്റെ ഈവിധ വിഭജനത്തിൽ അമർഷം തോന്നാതിരിക്കയില്ല.

തിരുവിതാംകൂർ–കൊച്ചിയിൽ 16 ലക്ഷത്തോളം വരുന്ന തമിഴരിൽ ഏഴെട്ടു ലക്ഷം തമിഴരെ മദ്രാസിലേയ്ക്കു കൊണ്ടുപോയാൽ പൊതുവെ അതു തമിഴരുടെ രക്ഷാവ്യവസ്ഥയ്ക്കുതന്നെ ഹാനികരമല്ലെ എന്നാണു് ചോദിക്കുന്നതു്. ഒരു രാജ്യത്തിന്റെ ഏതെങ്കിലും കുറെ ഭാഗം മറ്റൊരു രാജ്യത്തിനോടു ചേർക്കണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ ആ രാജ്യത്തെ പൊതുജനാഭിപ്രായം എന്താണെന്നു് ആരാഞ്ഞിട്ടുവേണം തീരുമാനിക്കേണ്ടതു്. എന്നാൽ ഈ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തു് നിവസിക്കുന്ന ജനങ്ങളുടെ മാത്രം അഭിപ്രായം അന്വേഷിച്ചായിരിക്കണം കമ്മിഷൻ ഈ മാതിരി റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. കമ്മിഷന്റെ ഈ വിധ റിപ്പോർട്ടു് സ്വീകാര്യമാണോ എന്നു ചോദിച്ചാൽ അല്ലെന്നു് തീർത്തു പറയാൻ എനിക്കു സന്തോഷമുണ്ടു്. പക്ഷേ, ഈ കാര്യത്തെ സംബന്ധിച്ചു് ഔദ്യോഗികമായി ഒരഭിപ്രായം പ്രകടിപ്പിക്കാൻ ഈ ഗവണ്മെന്റു് തയ്യാറാകേണ്ടതായിരുന്നു. ഇന്നുതന്നെ തെക്കൻ തിരുവിതാംകൂറിൽ ന്യൂനപക്ഷമുള്ള തമിഴരും മലയാളികളും തമ്മിൽ വളരെ അസുഖകരമായ ഒരു നിലയിലാണു് കഴിഞ്ഞുകൂടുന്നതു്. തെക്കൻ താലൂക്കുകളും മദിരാശിയോടു് ചേർക്കുന്നപക്ഷം ആ ഭാഗങ്ങളിലുള്ള ന്യൂനപക്ഷക്കാരായ ആളുകളുടെ ഭാവി എന്താണെന്നും അവർ ഏതു തരണക്കെടത്തിൻകീഴിലാണു് ജീവിക്കേണ്ടതെന്നുമുള്ള കാര്യം ചിന്തിക്കേണ്ടതാണു്. അതേക്കുറിച്ചു് ചിന്തിക്കുകയും അവരുടെ ജീവനേയും, സ്വത്തിനേയും സംരക്ഷിക്കുകയും ചെയ്യേണ്ടതു് പ്രത്യേകിച്ചും ഈ ഗവണ്മെന്റാണു്. തെക്കൻ തിരുവിതാംകൂറിലെ ഏതാനും താലൂക്കുകൾ മദ്രാസു് പ്രവിശ്യയോടുകൂടി ഉൾപ്പെടുത്തിയാൽത്തന്നെ കേരളത്തേക്കാൾ ഏറെവും വിസ്താരമേറിയ ഒരു ഭൂഖണ്ഡത്തിൽ ലയിക്കാൻ സാധിച്ചു എന്നുള്ളതിൽ കവിഞ്ഞു് മറ്റു് ഒരു മേന്മയും ഉണ്ടാകാൻ പോകുന്നില്ല. മൂന്നുകോടി ജനങ്ങളും ഏകദേശം 51000 ച. മൈലും വിസ്താരമുള്ള ഒരു ഭൂവിഭാഗമാണു് മദ്രാസു് പ്രവിശ്യ. ഈ അഞ്ചു താലൂക്കുകളുംകൂടി അവിടെ ലയിച്ചില്ലെങ്കിൽത്തന്നെ യാതൊരു പോരായ്മയും ഉണ്ടാകാൻ പോകുന്നില്ല. നേരേമറിച്ചു് ഈ അഞ്ചു താലൂക്കുകളും ഏകദേശം 15,000 ചതുരശ്ര മൈൽ വിസ്തൃതിയും 136 ലക്ഷം ജനങ്ങളും നിർദ്ദിഷ്ട കേരളത്തിൽനിന്നും വിട്ടുപോയാൽ അതു് സാമ്പത്തികമായും, സാമൂഹ്യമായും ഉള്ള ഭദ്രതയ്ക്കും വളർച്ചയ്ക്കും സാരമായ ന്യൂനത ഉണ്ടാകുന്നതാണു്. സർ, കളച്ചലിലെ ലോഹമണൽ വ്യവസായത്തിൽ നിന്നും ആണ്ടിനാൽ ഏകദേശം അരക്കോടി രൂപയാണു് നമുക്കു് കിട്ടിക്കൊണ്ടിരിക്കുന്നതു്. നിലംകൃഷിയെ സംബന്ധിച്ചാണെങ്കിൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് ഒരു ഏക്കറിനു് 6.8 ടൺ നെല്ലു് തെക്കൻ തിരുവിതാംകൂറിൽ നിന്നു കിട്ടുമ്പോൾ മറ്റു പ്രദേശങ്ങളിൽ നിന്നു കിട്ടുന്നതു് 1 ടൺ നെല്ലാണു്. അങ്ങിനെ ലോഹമണ

LIBRARY ARCHIVES Kerala Legislative Assembly

ലിലും കൃഷിവിളവിലും വളരെ പ്രാധാന്യമർഹിക്കുന്നതും അതേ സമയത്തു് നമ്മുടെ വരുമാനം വർദ്ധിപ്പിക്കുന്നതുമായ സ്ഥലവിഭാഗങ്ങളെ മദ്രാസിനു വിട്ടുകൊടുക്കാമെന്നു പറയുന്നതു് ഒരിക്കലും നീതീകരിക്കത്തക്കതല്ല, വഹിക്കത്തക്കതുമല്ല. ഇനിയും തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ഗവൺമെൻറ് വിപുലമായ തോതിൽ കൃഷി വികസനവും സഞ്ചാരസൗകര്യവും നടത്തിയിട്ടുണ്ടു്. ഉദാഹരണമായി തിരുവിതാംകൂറിൽ ആദ്യം സിമൻറ റോഡു് ഉണ്ടാക്കിയതു് തെക്കൻ തിരുവിതാംകൂറിലാണു്. കൃഷിക്കു് ഉപയുക്തമായ പേച്ചിപ്പാറ അണ കെട്ടിയതും അവിടെത്തന്നെയാണു്. മാത്രമല്ലാ നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം സൌജന്യനിരക്കിൽ ആരംഭിച്ചതും അവിടെയാണു്. ഇതിനെല്ലാറ്റിനും പുറമേ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ജനങ്ങൾക്കു മാത്രമല്ല ഇൻഡ്യൻയൂണിയനിലെ സകല ജനങ്ങൾക്കും അഭിമാനിക്കാവുന്ന ഒരു മഹൽക്കാര്യമായ, രാഷ്ട്രപിതാവായിരുന്ന മഹാത്മജിയുടെ സ്മാരകം നിർമ്മിച്ചിരിക്കുന്നതും അവിടെത്തന്നെയാണു്. ഇങ്ങനെ എവംവിധേന തെക്കൻതിരുവിതാംകൂറിനു് രാജ്യത്തിൻറെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു് അഭിമാനിക്കത്തക്ക ഒരു നിലയാണുള്ളതു്. ഏതാണ്ടു് 46.4 സാക്ഷരതപമുള്ള ജനങ്ങൾ 24.6 സാക്ഷരതപമുള്ള മദ്രാസ് പ്രവിശ്യയിലേയ്ക്കു് പോകണമെന്നു് നിർബന്ധിക്കുകയാണു്. ഇൻഡ്യയുടെ ഏറ്റവും തെക്കേ അറ്റത്തു കിടക്കുന്ന മനോഹരമായ കന്യാകുമാരിയെ സന്ദർശിക്കുന്നതിനുവേണ്ടി ലോകത്തിൻറെ നാനാഭാഗത്തുനിന്നും ആളുകൾ വന്നുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ള കന്യാകുമാരി കേരളത്തിൽനിന്നും വിട്ടുപോകുകയെന്നതു് അപരിഹാര്യമായ ഒരു നഷ്ടമാണു്.

ഇന്നലെ എൻറെ ഒരു തമിഴ് സ്നേഹിതൻ തെക്കൻതിരുവിതാംകൂറിൽ ഈയിടെ നടന്ന വെടിവയ്പ്പിനെ സംബന്ധിച്ചു് സംസാരിക്കുകയുണ്ടായി. അദ്ദേഹം ആളുകളെ വ്യക്തിപരമായി ആക്ഷേപിക്കണമെന്നു് മനഃപൂർവ്വമായി ഉദ്ദേശിച്ചുകൊണ്ടായിരിക്കണം പ്രസംഗിച്ചിട്ടുള്ളതെന്നാണു് എനിക്കു് തോന്നുന്നതു്. സ്ഥാനത്തും അസ്ഥാനത്തും കടന്നുകയറി ആക്ഷേപിക്കുന്ന ഒരു പ്രകൃതമാണു് അതെന്നേ എനിക്കു പറയുവാനുള്ളൂ. തെക്കൻ തിരുവിതാംകൂറിൽ നടന്നിട്ടുള്ള വെടിവയ്പ്പിൻറെ നിദാനം എന്തായിരുന്നുവെന്നു് ചിന്തിച്ചിരുന്നു എങ്കിൽ ഈവിധ ആരോപണത്തിനു് കാരണം ഉണ്ടാകുകയില്ലായിരുന്നു. സർ, ഈ കുഴപ്പങ്ങൾ ഉണ്ടാക്കിയതു് ആരാണു്? യഥാർത്ഥത്തിൽ തെക്കൻ തിരുവിതാംകൂറുകാരുടെ അവകാശവാദങ്ങളെ നിഷേധിച്ചതുകൊണ്ടോ, അവഗണിച്ചതുകൊണ്ടോ ഉണ്ടായിട്ടുള്ള അനിഷ്ടസംഭവങ്ങളാണെന്നു് ചിന്തിക്കേണ്ടതാണു്. ഈ നിയമസഭയിൽത്തന്നെ അവർക്കു് അർഹതയുള്ള പ്രാതിനിധ്യം ഉണ്ടായിരുന്നില്ലേ? ഈ മന്ത്രിസഭയിൽ അവർക്കു് അംഗത്വമുണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നു. എന്നാൽ യാതൊരു കാരണവും കൂടാതെ ഒരു സുപ്രഭാതത്തിൽ അതു് വലിച്ചെറിഞ്ഞിട്ടു പോകുകയാണു ചെയ്തതു്. അതോടുകൂടി അതുവരെ ഒരുമിച്ചു് സഹകരിച്ചിരുന്ന മന്ത്രിസഭയ്ക്കു്, ഗവണ്മെൻറിനു എതിരായുള്ള അവിശ്വാസപ്രമേയത്തിനു അനുകൂലിച്ചു വോട്ടുചെയ്തതാരെല്ലാമാണു്? അതിനെ തുടർന്നു് ഒരു പ്രാതിനിധ്യത്തിരഞ്ഞെടുപ്പു് ഇവിടെ വരുത്തിവച്ചതു ആരാണു്? അതുനിമിത്തം ഈ സംസ്ഥാനത്തു് എത്ര ദിവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു]

മായ നഷ്ടമാണുണ്ടായതെന്നു ആക്കാണു് അറിഞ്ഞുകൂടാത്തതു്? അതോടു കൂടി അനിഷ്ടകരമായ പരിപാടികൾ സൃഷ്ടിക്കുകയാണു ചെയ്തതു്. വിപ്ലവം അഴിച്ചുവിട്ടാൽ അവയെ തടയേണ്ടതു് എല്ലാ ഗവണ്മെൻറിന്റെയും ചുമതലയായാണല്ലൊ. അതങ്ങിനെയിരിക്കട്ടെ.

സർ, ഇപ്പോൾ തമിഴ്നാട്ടുകാർ ദേവികുളവും പീരുമേടും സംബന്ധിച്ചു് അവകാശവാദങ്ങൾ പുറപ്പെടുവിക്കുകയാണു്.

[Mr. Speaker in the Chair]

SHRI A. KUNJAN NADAR: One question, Sir.

MR. SPEAKER: Are you yielding?

SHRI P. K. KUNJU: No. I am not yielding to any question raised by my hon. friend Shri Kunjan Nadar.

SHRI A. CHIDAMBARANATHA NADAR: Will you yield to any other member?

SHRI P. K. KUNJU: That has to be decided by myself.

ദേവികുളത്തെ തമിഴ്നാട് കാൺഗ്രസ്സിൽപ്പെട്ട തൊഴിലാളികളും ഐ. എൻ. ടി. യു. സി. യിലുള്ള തൊഴിലാളികളും തമ്മിൽ ഒരുതൊഴിൽത്തക്കം ഉണ്ടായി. അവിടെ യഥാർത്ഥത്തിൽ പി. എസ്സ്. പി. തൊഴിലാളികൾ ഇല്ലായിരുന്നു. ആ സംഘട്ടനത്തിൽ സമാധാനം പാലിക്കേണ്ടതു് ഗവണ്മെൻറിന്റെ ചുമതലയായതുകൊണ്ടു് ഒരു Prohibitory ആർഡർ പുറപ്പെടുവിക്കേണ്ടിവന്നു. സമാധാന പരിപാലനം ആവശ്യമായതുകൊണ്ടാണു് അങ്ങനെ ചെയ്യേണ്ടിവന്നതു്. യഥാർത്ഥത്തിൽ ഇതിന്റെ കാരണക്കാർ ആരെല്ലാമാണെന്നുള്ളതു് ഈ സഭയിലുള്ള എല്ലാ അംഗങ്ങൾക്കും അറിവുള്ളതാണു്.

SHRI A. KUNJAN NADAR: Sir, I rise to a point of Order. I want to have a ruling whether these things are relevant for the purpose of the present discussion. If such things are allowed, my prayer is that I should be allowed to reply to these.

MR. SPEAKER: We are discussing the relationship of Tamil Nad with the rest of Travancore-Cochin. So the matter is relevant. But I would request hon. Members to confine themselves to the recommendations of the S. R. Commission.

SHRI A. THANU PILLAI: May I mention that yesterday the reference to shooting could have been avoided. Any way it was brought in. I do not know whether it was the T. T. N. C. or the Congress Party members that referred to it.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞു് : സർ, വളരെ വേദനയോടുകൂടിയാണു് ഞാൻ ഈ കാര്യം പറയുന്നതു്. ദേവികുളത്തുണ്ടായ സംഘട്ടനം നിമിത്തം നിരോധനാജ്ഞ പുറപ്പെടുവിച്ചു. അതു ലംഘിക്കാൻ വേണ്ടി മുന്നൂറുമൈൽ അകലെനിന്നും ശ്രീ. നേശമണിയുടെ നേതൃത്വത്തിൽ കുറെ അധികം ആളുകളെ സംഘടിപ്പിച്ചു അവിടെ കൊണ്ടുപോകേണ്ട ആവശ്യമെന്തായിരുന്നുവെന്നാണു് ഞാൻ ചോദിക്കുന്നതു്.

ഇതിനുമേൽ ഉള്ള നടപടികൾ സമാരംഭിച്ചതിനുശേഷം തെക്കൻ തിരുവിതാംകൂറിൽ ഉളവായവ എന്തെല്ലാമായിരുന്നുവെന്ന ഈ നാട്ടിലുള്ള സകല ആളുകൾക്കും അറിയാം; പത്രലോകത്തിനും അതു് അറിയാവുന്നതാണു്. അങ്ങനെ അവിടെ കുഴപ്പങ്ങളുണ്ടായപ്പോൾ നയമസമാധാനം പാലിക്കുന്നതിനു് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ അവരുടെ ചുമതല സ്തുത്യർഹമായവിധം നിർവഹിച്ചതിനുവേണ്ടി, ആ പോലീസു ഉദ്യോഗസ്ഥന്മാരെ ഇന്നും അവിടെയുള്ള ജനങ്ങൾ ബഹുമാനിക്കുകയാണു്.

ശ്രീ. ഏ. കുഞ്ഞൻനാടാർ : സ്ത്രീകളെ ബലാൽസംഗം ചെയ്യുന്നതാണോ പോലീസുകാരുടെ സ്തുത്യർഹമായ ചുമതല?

ശ്രീ. പി. കെ. കുഞ്ഞു് : അങ്ങനെ ആ വിധത്തിൽ പോലീസുകാർ അപരാധികളാണെന്നു പറഞ്ഞിട്ടില്ലെന്നു മാത്രമല്ല, അവിടെ സമാധാനപരിപാലനം സ്തുത്യർഹമായവിധം നടത്തിയിട്ടു് ഡിപ്പാർട്ടുമെൻറു് മേലദ്ധ്യക്ഷനെ ഹാരമണിയിച്ചാണു് ആളുകൾ സ്വീകരിച്ചതു്.

ശ്രീ. ഏ. ചിദംബരനാഥനാടാർ : ഹാരമണിയിച്ചതു് ബഹുമനപ്പെട്ട മെംബറാണോ?

ശ്രീ. പി. കെ. കുഞ്ഞു് : അല്ല. അവിടത്തെ ജനങ്ങളും അവരുടെ നേതാക്കന്മാരും. ആ സംഭവങ്ങൾ അവിടെ നടന്നതിനുശേഷം, ഇന്നത്തെ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷമാണു് ആ പോലീസു് ഉദ്യോഗസ്ഥന്മാർക്കു് മെഡലുകളും മറ്റു സമ്മാനങ്ങളും നൽകിയതു്. അങ്ങനെ ചെയ്തതു് അദ്ദേഹത്തിൻറെ വ്യക്തിപരമായ കാര്യങ്ങളിലുള്ള പ്രവർത്തനത്തെ അനുമോദിച്ചല്ല. നേരെമറിച്ചു്, ആ ഉദ്യോഗസ്ഥൻറെ ഔദ്യോഗികകൃത്യം സ്തുത്യർഹമായി നിർവഹിച്ചതുകൊണ്ടാണു്. ഞാൻ പത്രങ്ങളിൽനിന്നാണു് ഇതു മനസ്സിലാക്കിയതു്. അതു് ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. ആരും അതു് നിഷേധിച്ചിട്ടുമില്ല. ആ സ്ഥിതിക്കു പോലീസുകാർ അവിടെ യാതൊരു അക്രമവും കാണിച്ചിട്ടില്ലെന്നു അംഗീകരിച്ചിരിക്കുകയല്ലേ? അതല്ലേ യാഥാർത്ഥ്യവും. ഇതിനു് കാരണക്കാർ അതായതു് തമിഴ്നാട്ടിലെ കുഴപ്പത്തിനു കാരണക്കാർ, തിരുവിതാംകൂർ–കൊച്ചിയ്ക്കു വെളിയിൽ ഉള്ളവരാണു്. അവരുടെ ഉപദേശം കൊണ്ടാണു് തെക്കൻ തിരുവിതാംകൂറിലും ദേവികുളം പീരുമേട്ടിലും ഉള്ള ചില ആളുകൾ അവിടെ കുഴപ്പം സൃഷ്ടിക്കുന്നതിനു മുതിർന്നതു്.

ശ്രീ. ഏ. കുഞ്ഞൻനാടാർ : വെളിയിൽനിന്നു് എന്നു പറഞ്ഞാൽ പാകിസ്ഥാനിൽനിന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞു: പാകിസ്ഥാൻ വളരെ ദൂരെയുള്ള ഒരു രാജ്യമാണ്. അവിടെയുള്ളവക്ക് ഇവിടെ കുഴപ്പം എന്തെങ്കിലും ഉണ്ടാക്കണമെന്ന ആഗ്രഹമുള്ളതായി തോന്നുന്നില്ല. ഇവിടെ അടുത്ത് തമിഴ് നാട്ടിൽനിന്നുള്ള ചില സുഹൃത്തുക്കൾ ഇവിടെ വന്ന് സമാധാനലംഘനത്തിനുള്ള ഉപദേശങ്ങൾ നൽകി. മി. സുബ്രഹ്മണ്യത്തിന്റെ പ്രസ്താവന തന്നെ ഇതിനു തെളിവാണ്. ഇവിടെ തമിഴരും മലയാളികളും ഒത്തൊരുമിച്ച് സൗഹാർദ്ദത്തോടുകൂടി താമസിച്ചുകൊണ്ടിരുന്ന സ്ഥലത്തെ വെട്ടിമുറിച്ചിട്ട്.....

ശ്രീ. എ. சிதம்பரநாத நாடார்: வெட்டிக் கொடுத்திருப்பது எங்கேயாக்குமென்று சொல்லமுடியுமா?

ശ്രീ. പി. കെ. കുഞ്ഞു: പല സ്ഥലത്തും വെട്ടിമുറിക്കണമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അങ്ങനെ വെട്ടിമുറിച്ചു തുണ്ടുതുണ്ടായി ഭൂമി വിഭജിക്കുന്നത് രാജ്യത്തിനു പൊതുവേതന്നെ ആപത്താണ്. അങ്ങനെ ഈ കേരളം വെട്ടിമുറിച്ച് ഭാഗിക്കണമെന്ന് ശ്രീമാൻ കാമരാജനാടാർ മുതലായവർ ഡൽഹിയിൽവച്ചും മദിരാശിയിൽവച്ചും ചെയ്തിട്ടുള്ള പ്രസ്താവനയിൽനിന്നും, ഞാൻ പറഞ്ഞതിന്റെ പരമാർത്ഥം എത്രമാത്രമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ദേവികുളവും പീരുമേടും അവർക്ക് കിട്ടേണ്ടതാണെന്ന് അവർ പറയുന്നു. മുൻപു രാജാക്കന്മാരും അവരുടെ സേനാനായകന്മാരും രാജ്യങ്ങൾ പിടിച്ചടക്കുന്നതിനു കാണിച്ചതുപോലുള്ള ഒരു ആക്രമണ മനസ്ഥിതിയാണ് മി. കാമരാജനാടാരും കൂട്ടരും കാണിക്കുന്നതു്. എന്നാൽ അതു നമുക്കു മനസ്സിലാക്കാം. പക്ഷെ നമ്മുടെ ഗവണ്മെന്റിന്റെ കീഴിലുള്ള സ്ഥലം മറ്റൊരു ഗവണ്മെന്റിനു വിട്ടുകൊടുക്കണമെന്നു് നമ്മുടെ ഗവണ്മെന്റിന്റെ കീഴിലുള്ള ആളുകൾ പറയുന്നതിന്റെ അർത്ഥമാണ് എനിക്കു് മനസ്സിലാകാത്തതു്. അങ്ങനെ വിട്ടുകൊടുക്കുകയാണെങ്കിൽ ആ പ്രദേശങ്ങളിൽ ഭൂരിപക്ഷമെന്നവകാശപ്പെടുന്ന ആളുകൾക്കും ന്യൂനപക്ഷമായ മലയാളികൾക്കും രാജ്യത്തിന്റെ പൊതുവെതന്നെയുള്ള ഭദ്രതയ്ക്കും യോജിച്ചതല്ല.

തെക്കൻ താലൂക്കുകൾ മദ്രാസിനു വിട്ടുകൊടുക്കേണ്ടതാണെന്നു ചിലർ ഇവിടെ പറയുകയുണ്ടായി. സർ, ഈ ഗവണ്മെന്റിന്റെ കീഴിലുള്ള സ്ഥലങ്ങൾ മദ്രാസിലേക്കു് വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചു് തൊഴിലാളികളുടെ കാര്യത്തിൽ താല്പര്യമുള്ള ഒരാളെന്ന നിലയിൽ ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ പറയാമെന്നു വിചാരിക്കുന്നു. ഇവിടെ പ്ലാന്റേഷൻ ലേബറിനു് ഇപ്പോഴത്തെ നിയമമനുസരിച്ചു് കൂലി നിശ്ചയിച്ചിട്ടുള്ളതു് ഒരു രൂപ ഒൻപതണ ആറു പൈസയാണ്. എന്നാൽ മദ്രാസിൽ ഈ ഇനത്തിൽ കൂലി നിശ്ചയിച്ചിട്ടുള്ളതു് 1 രൂപ 4 അണയാണ്. അപ്പോൾ ഓരോ ദിവസവും കൂലി ഇനത്തിൽ 5 അണ 6 പൈസയുടെ നഷ്ടമാണ് പ്ലാന്റേഷൻ തൊഴിലാളികളിൽ ഓരോരുത്തർക്കും ഉണ്ടാകാനിടയുള്ളതെന്നു കാണുവാൻ കഴിയുന്നതാണ്. തൊഴിലാളികളുടെ കാര്യങ്ങളിൽ താല്പര്യമുള്ള ഒരാളെന്ന നിലയിൽ തെക്കൻതാലൂക്കുകൾ മദിരാശിയിൽ ലയിക്കണമെന്ന വാദത്തെ എങ്ങനെ ഞാൻ അനുകൂലിക്കും? ഇങ്ങനെയുള്ള കാര്യങ്ങൾ ആലോചിക്കുമ്പോൾ എനിക്കു് തോന്നുന്നതു് ചില തൊഴിലാളിപ്രതിനിധികൾ വിട്ടുപോകണമെന്നു പറയുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വക പൊളിറ്റിക്കൽ ഇഷ്യൂവിലാണ്. ഈ രാജ്യം ഇന്ന് കാൺഗ്രസു പാർട്ടിയുടെ ഭരണത്തിൻകീഴിലിരിക്കുകയാണ്. ഈ പ്രദേശങ്ങളും ഇവിടം വിട്ടുപോകണമെന്നു ആവശ്യപ്പെടുന്നവർ ഇന്ന് കാൺഗ്രസ്സ് പാർട്ടി ഗവണ്മെൻറിനെ അനുകൂലിക്കുന്നവരാണ്. നാളെയും അവർ അനുകൂലിക്കും. എന്നാൽ അങ്ങനെ അവർ ഇതു വിട്ടുപോകുമ്പോൾ കാൺഗ്രസു പാർട്ടിയുടെ ശക്തി കുറയത്തക്കവണ്ണംചെയ്തു പന്ത്രണ്ട് മെംബറന്മാർ ഇവിടെ കുറയുമെന്നും അതോടൊപ്പം തങ്ങളുടെ ശക്തി അൽപ്പം വർദ്ധിക്കുമെന്നും അതുവഴി രാഷ്ട്രീയമായ നേട്ടങ്ങളുണ്ടാകുമെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളിൽ ചിലർ വിചാരിക്കുന്നുണ്ട്. അങ്ങനെയുള്ള വീക്ഷണകോണത്തിലല്ല ഞങ്ങൾ ഈ വാദമുഖത്തെ സമീപിക്കുന്നതു്. രാഷ്ട്രീയാഭിപ്രായം വച്ചുകൊണ്ടു് നേട്ടങ്ങളിൽ ഭ്രമിച്ചു് ഈ സംസ്ഥാനവിഭജനവാദഗതിയെ വിമർശിക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്നതു് ശരിയല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ടാണ് ഞങ്ങളുടെ പാർട്ടി ഇക്കാര്യത്തിൽ ഇത്ര ഉൽകൃഷ്ടമായ ഒരു നിലപാടു് എടുക്കുന്നതു്.

ദേവികുളം പീരുമേടിനെ സംബന്ധിച്ചു് പല ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞിട്ടുണ്ട്. നമ്മുടെ കാർഷികാദായനികുതിയുടെ 70 ശതമാനവും ദേവികുളം പീരുമേട്ടിൽനിന്നാണ് ലഭിക്കുന്നതു്. തിരുവിതാംകൂർ–കൊച്ചിക്കു് ഡാളർ സമ്പാദിച്ചുകൊടുക്കുന്ന ഒരു ഏരിയാ ആണ് ഇതു്. അങ്ങനെ സാമ്പത്തികമായി ഈ സംസ്ഥാനത്തിനു വലിയ താങ്ങായ വലിയ ഫലഭൂയിഷ്ഠമായ ഈ പ്രദേശം വിട്ടുകൊടുക്കുന്നതു് ഒരിക്കലും ശരിയായിരിക്കയില്ല. സുബ്രഹ്മണ്യവും കാമരാജനാടാരും എത്രകാലം വാദിച്ചാലും നമ്മുടെ ഗവണ്മെൻറിനു് ഇതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ഒരിക്കലും നമ്മുടെ കൈയിൽനിന്നു ഈ സ്ഥലം പോകുകയില്ല. പക്ഷെ അത്ര ആത്മാർത്ഥത നമ്മുടെ ഗവണ്മെൻറിനു് ഈ വിഷയത്തിൽ ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു. കാരണം, എസ്സ്. ആർ. കമ്മീഷൻ റിപ്പോർട്ടു് പുറത്തുവന്നതിനുശേഷം ഡൽഹിയിൽ ചീഫ് മിനിസ്റ്റേഴ്സിൻറെ ഒരു കാൺഫറൻസ് ഉണ്ടായിരുന്നു. അവിടെ ഉണ്ടായ വാദപ്രതിവാദങ്ങളും പത്രങ്ങളും മുഖാന്തിരം മനസ്സിലാക്കിയിടത്തോളം മറ്റു സംസ്ഥാനങ്ങളിലെ ചീഫ് മിനിസ്റ്റർമാർ അവരുടെ സംസ്ഥാനങ്ങളുടെ കാര്യം ശക്തിയായി വാദിച്ചുകൊണ്ടിരുന്നപ്പോൾ നമ്മുടെ ചീഫ് മിനിസ്റ്റർ ഭക്തവത്സലത്തോടും കാമരാജനാടാരോടും പറഞ്ഞ മറുപടി എന്താണെന്നു് അറിയാമോ?

Shri PANAMPILLI GOVINDA MENON: Does the hon. member know that the Chief Minister of Travancore-Cochin spoke and the other ministers did not speak?

ശ്രീ. പി. കെ. കുഞ്ചു്: പക്ഷെ അതൊന്നും പത്രങ്ങളിൽ കണ്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് വന്ന പത്രങ്ങൾ വായിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞു് : ഞാൻ [പരിവായി പത്രങ്ങൾ വായിക്കാറുണ്ടു്. അപ്പോഴൊന്നും കണ്ടില്ല. അതുകൊണ്ടാണു് ഞാൻ ഇതു പറഞ്ഞതു്. എസ്. ആർ. സി. റിപ്പോർട്ടിനെ സംബന്ധിച്ചു് കാൺഗ്രസ് വക്കിംഗ് കമ്മിറ്റി ഒരു തീരുമാനമെടുത്തു. എന്നാൽ ആ തീരുമാനമെടുക്കുന്നതിനു മുൻപു് ഈ സംസ്ഥാനത്തിന്റെ കാര്യങ്ങൾ അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കാതെ, അതുവരെ മൗനമായിരുന്നിട്ടു് ഒടുവിൽ അവസാനനിമിഷത്തിൽ മെമ്മോറാണ്ടവും മറ്റും കൊടുക്കുവാൻ ശ്രമിക്കുന്നതുകൊണ്ടു് അതിൽ അത്ര ആത്മാർത്ഥതയുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നുവെന്നു് ഞാൻ പറഞ്ഞതു്. വക്കിംഗ് കമ്മിറ്റി ഒരു തീരുമാനമെടുക്കുന്നതിനുമുൻപുതന്നെ ഈ കാര്യങ്ങൾ അവരുടെ മുൻപേ വച്ചിരുന്നുവെങ്കിൽ അവർ ഇങ്ങനെയൊരു തീരുമാനം ചെയ്യുകയില്ലായിരുന്നു. അതുപോലെതന്നെ ദേവികുളത്തു് മദ്രാസിലെ ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥൻ വന്നു് അവിടത്തെ ചില ആളുകളിൽ പ്രേരണ ചെലുത്തി സ്റ്റാറ്റിസ്റ്റിക്സ് ശേഖരിച്ചതായി ഉത്തരവാദിത്വമുള്ള ആളുകളിൽനിന്നും, പത്രപ്രസ്താവനകളിൽനിന്നും, മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. അതിന്റെ അടിസ്ഥാനമെന്താണെന്നു് നമ്മുടെ ഗവണ്മെന്റു് അന്വേഷിക്കുകയോ ആ പത്രറിപ്പോർട്ടു് നിഷേധിക്കുകയോ ചെയ്തിട്ടില്ല. മദ്രാസ് ഗവണ്മെന്റു് ഒരു പ്രസ്നോട്ടുമുഖേന അതു നിഷേധിച്ചിട്ടുണ്ടെങ്കിലും നമ്മുടെ ഗവണ്മെന്റു് അതിനെപ്പറ്റി അന്വേഷിച്ചിട്ടുപോലുമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മദ്രാസ് ഗവണ്മെറിന്റെ ഒരു ഉദ്യോഗസ്ഥൻ ദേവികുളത്തുവന്നു് സ്റ്റാറ്റിസ്റ്റിക്സ് കളക്റ്റ് ചെയ്തു എന്ന പത്രങ്ങളിൽ കണ്ടതിനെ നിഷേധിക്കേണ്ടതു് നമ്മുടെ ഗവണ്മെന്റോ അതോ മദ്രാസ് ഗവണ്മെന്റോ?

ശ്രീ. പി. കെ. കുഞ്ഞു് : നമ്മുടെ രാജ്യത്തു നടന്ന ഒരു സംഭവത്തെപ്പറ്റി നമ്മുടെ ഗവണ്മെന്റു് പ്രത്യേകിച്ചും ഈ ഘട്ടത്തിൽ ഇങ്ങനെയൊരു സംഭവമുണ്ടായതിനെ സംബന്ധിച്ചു്, ഒരു പ്രസ്നോട്ടുപോലും പുറപ്പെടുവിക്കാതിരുന്നതിലാണു് ഞങ്ങൾക്കു് ഇതിനെപ്പറ്റി സംശയമുണ്ടായതു്. ജനങ്ങൾക്കു് ഇതിനെപ്പറ്റി തെറ്റിദ്ധാരണയുണ്ടാകാതിരിക്കാനായിട്ടെങ്കിലും അതു് ചെയ്യേണ്ടതായിരുന്നു.

ശ്രീ. പ്രാക്കുളം മാസി : അങ്ങനെ ഉണ്ടായി എന്നുള്ളതു് ഇവിടത്തെ ഹോംമിനിസ്റ്റർ സമ്മതിച്ചിട്ടില്ലേ?

ശ്രീ. പി. കെ. കുഞ്ഞു് : അങ്ങനെ ഒരു പ്രസ്നോട്ടു് മദ്രാസ് ഗവണ്മെന്റു് പുറപ്പെടുവിച്ചതിൽ നമ്മുടെ ഗവണ്മെന്റു് അഹ്ലാദം പുറപ്പെടുവിച്ചതായി പേപ്പറിൽ കണ്ടു.

ശ്രീ. പ്രാക്കുളം മാസി : ഇങ്ങനെ മദ്രാസിലെ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇവിടെ വന്നിരുന്നുവെന്നു് ഇവിടത്തെ ഹോംമിനിസ്റ്റർ സമ്മതിച്ചതായി പത്രറിപ്പോർട്ടുകൾ ഇല്ലേ?

ശ്രീ. പി. കെ. കുഞ്ഞു് : ഉണ്ടു്.

ശ്രീ. എ. ജെ. ജോൺ : അങ്ങനെയല്ല ഹോംമിനിസ്റ്റർ പറഞ്ഞതു്. ഇങ്ങനെ ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥൻ ഇവിടെ വന്നതായും മറ്റുമുള്ള പത്രറിപ്പോർട്ടു് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നു ചോദിച്ചതിനു് ഉണ്ടു് എന്നു മറുപടി പറയുകയാണു് ചെയ്തതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞു് : എന്തായാലും ഇങ്ങനെ ഒരു റിപ്പോർട്ടു് കണ്ടു എന്നു മാത്രമാണു് ഞാൻ പറഞ്ഞതു്. ഈ നിലയിൽ കാര്യങ്ങൾ നടക്കുകയാണെങ്കിൽ അതു് ശരിയല്ലെന്നാണു് എന്റെ അഭിപ്രായം. ഇന്നത്തെ റെസല്യൂഷൻ ഡിസ്കഷനുവച്ചിട്ടുള്ള രീതി തന്നെയീ മാതിരി കാര്യങ്ങളിൽ നമ്മുടെ ഗവണ്മെന്റു് വേണ്ടപോലെ പ്രവർത്തിക്കുന്നുണ്ടെന്നു് പറയുവാൻ നിവൃത്തിയില്ലാത്ത മട്ടിലാണു്. കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു് ഈ സംഗതിയെപ്പറ്റിയുള്ള അഭിപ്രായം പറയുവാനുള്ള അവകാശം ഈ നിയമസഭയ്ക്കുണ്ടു്. ഒരു തീരുമാനമെടുത്തു് അതു് സെൻട്രൽ ഗവണ്മെന്റിനെ അറിയിക്കാനുള്ള അവകാശവും അധികാരവും ഈ നിയമസഭയ്ക്കുണ്ടു്. അതു് നിഷേധിക്കുന്ന വിധത്തിലാണു് ഈ പ്രമേയത്തിലെ വാക്യഘടന. അതു സംഭവ്യമാണു്: തെക്കൻതാലൂക്കുകളെ സംബന്ധിച്ചു് ഇവിടെ കോൺഗ്രസ് ഗവണ്മെന്റു് തമിഴക്കെതിരായ ഒരു നിലസ്വീകരിക്കുകയില്ല എന്നു് ഒരു ആരോപണം ഇവിടെ ഉണ്ടു്. അതനുസരിച്ചു് .....

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്താണു് ആരോപണം?

ശ്രീ. പി. കെ. കുഞ്ഞു് : ഈ തെക്കൻതാലൂക്കുകൾ മദ്രാസിനു് വിട്ടുകൊടുക്കുന്നതിനെ അനുകൂലിച്ചുകൊണ്ടുള്ള ഒരു നിലപാടു് സ്വീകരിക്കാമെന്നു് ഈ ഗവണ്മെന്റു് അവർക്കു് ഉറപ്പുകൊടുത്തതായിട്ടുള്ള ആരോപണം പത്രങ്ങളിൽ കണ്ടു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് അധികൃതമായ ഒരു പ്രസ്താവനയല്ലായിരുന്നുവെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അധികൃതമായി അതു് നിഷേധിക്കപ്പെടുന്നതുവരെ അതു വിശ്വസിക്കാനാണു് സാധ്യത.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഈ വിഷയത്തെക്കുറിച്ചു് ഒന്നു പറയുവാനുണ്ടു്. 1955 ഒക്ടോബർ 9—ാം നു ഞാൻ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചിദംബരനാഥനാടാർക്കു് എഴുതിയ കത്തിൽ തിരുവിതാംകൂർ തമിഴ്നാടു് കോൺഗ്രസ് കമ്മിറ്റിമേൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ കോൺഗ്രസ് പാർട്ടിയിൽ ചേരുന്നതുമൂലം സ്റ്റേറ്റു് റീ ഓർഗനൈസേഷനെ സംബന്ധിച്ചിടത്തോളം അവർ പുലർത്തിവരുന്ന ആശയങ്ങൾ മാറാതെവരുകയില്ല എന്നാണു് പറഞ്ഞിട്ടുള്ളതു്. ആ കാര്യം ഇംഗ്ലീഷ് പത്രങ്ങളിൽ വന്നിട്ടുണ്ടു്. മി. നേശമണി ആ വസ്തുത പത്രങ്ങൾക്കു് നൽകിയിട്ടുണ്ടു്. അതുകൊണ്ടു് തെക്കൻതാലൂക്കുകളെ സംബന്ധിച്ചു് മറ്റു വിധത്തിൽ എന്തെങ്കിലും ഒരു ധാരണ ഉണ്ടായിട്ടുണ്ടെന്നു് ഏതെങ്കിലും പത്രത്തിൽ വന്നിട്ടുണ്ടെങ്കിൽ അതു് തെറ്റാണെന്നും അതിനെ അടിസ്ഥാനപ്പെടുത്തി ബഹുമാനപ്പെട്ട മെമ്പർ വാദിക്കരുതു് എന്നും എനിക്കു് അപേക്ഷയുണ്ടു്.

10 A.M. ശ്രീ. പി. കെ. കുഞ്ഞു് : ഈ കാര്യങ്ങളെ സംബന്ധിച്ചുള്ള യാഥാർത്ഥ്യങ്ങൾ അറിയേണ്ടിയിരിക്കുന്നതുകൊണ്ടു് ഇത്രയും പറഞ്ഞു എന്നേയുള്ളൂ. ശ്രീ. നേശമണിയുടെ പ്രസ്താവന തന്നെ നാം ശ്രദ്ധിക്കേണ്ടതാണു്. ഇന്നലെ അതേ സംബന്ധിച്ചു ശ്രീ. ഡാനിയൽ ഇവിടെ പ്രസ്താവിച്ചതു് എന്താണെന്നും നാം നോക്കണം. ഇന്നലെ പറയുകയുണ്ടായി കോട്ടയത്തുവച്ചു കൂടിയ കോൺഗ്രസ് സമ്മേളനത്തിൽ .....

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാഗർകോവിലിൽ വച്ചു തിരുവിതാംകൂർ സ്റ്റേറ്റ്കാൺഗ്രസ് പാസാക്കിയതായ റെസല്യൂഷനെതിരായിട്ടാണ് കോട്ടയത്തുവച്ചു കാൺഗ്രസ് ഒരു റെസല്യൂഷൻ പാസാക്കിയതെന്നാണ പറഞ്ഞതു്. അതിലെന്താണ സാർ. ഇത്ര ഗൗരവമേറിയ ഒരു വാദപ്രതിവാദം നടക്കുന്ന സന്ദർഭത്തിൽ ഞാൻ പറഞ്ഞിട്ടുള്ള പ്രസ്താവനകൾക്കെതിരായി കോട്ടയത്തുവച്ചു ഒരു റെസല്യൂഷൻ പാസാക്കി എന്നു പറയുന്നതു എന്തിനുവേണ്ടിയാണ്. തിരുവിതാംകൂർ സ്റ്റേറ്റ്കാൺഗ്രസ് തെക്കൻതിരുവിതാംകൂറിലെ ജനങ്ങളുടെ അഭിപ്രായമനുസരിച്ചു ആ പ്രദേശങ്ങൾ മദ്രാസിൽ ലയിക്കുന്നതു സമ്മതമാണെന്ന അന്നൊരു പ്രമേയം പാസാക്കിയിട്ടുണ്ടു്. അങ്ങനെ തെക്കൻതിരുവിതാംകൂറിലെ ജനങ്ങൾക്കു് സ്വയം നിർണ്ണയാവകാശം തിരുവിതാംകൂർ സ്റ്റേറ്റ്കാൺഗ്രസ് നൽകിയതിനുശേഷം അതിനെ തുടർന്നു് സ്റ്റേറ്റ്കാൺഗ്രസ് ഇൻഡ്യൻനാഷണൽ കാൺഗ്രസിലേക്കു ലയിക്കുകയുമാണുണ്ടായതു്. അതിനു ശേഷം ഇപ്പോൾ കോട്ടയത്തുവച്ചു ചേർന്ന കാൺഗ്രസ് സമ്മേളനത്തിൽ തെക്കൻതിരുവിതാംകൂറിലെ നാലു താലൂക്കുകളും മദ്രാസിനോടു ചേർക്കാൻ സമ്മതമില്ലെന്നു് ഒരു റെസല്യൂഷൻ പാസാക്കിയതു തെറ്റാണെന്നാണു് ശ്രീ. ഡാനിയൽ ഇന്നലെ ഇവിടെ പറഞ്ഞതു്. അങ്ങനെ ശ്രീ. കുഞ്ഞിന്റെ പാർട്ടിയുടെ നേതാവായ ശ്രീ. താണുപിള്ള സ്റ്റേറ്റ്കാൺഗ്രസിന്റെ അദ്ധ്യക്ഷനായിരുന്നു് നാഗർകോവിലിൽ വച്ചു പാസാക്കിയ ഒരു തീരുമാനം തെറ്റാണെങ്കിൽ, അതിനെ ആസ്പദമാക്കി ഇന്നു് എന്നെ ആക്ഷേപിക്കാൻ ശ്രമിക്കുന്നതു അത്ര നന്നല്ല.

ശ്രീ. പി. കെ. കുഞ്ഞു്: ശ്രീ. നേശമണിയുടെ പ്രസ്താവനയുടെ ഉള്ളടക്കം പറഞ്ഞുവെന്നേയുള്ളൂ. ഞാൻ മി. മേനോനെ ആക്ഷേപിച്ചതല്ലെന്നു് അദ്ദേഹത്തിനറിയാം. ആരെയും ആക്ഷേപിക്കുന്ന പതിവു് എനിക്കില്ല സർ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. നേശമണിയുടെ പ്രസ്താവനയിൽ എന്താണുള്ളതു്?

ശ്രീ. പി. കെ. കുഞ്ഞു്: ഇവിടെ ചില മലയാളപത്രങ്ങളിൽ ഞാൻ പറഞ്ഞതുപോലെയുള്ള പ്രസ്താവനകൾ ഉണ്ടായിരുന്നു.

SHRI. PANAMPILLI GOVINDA MENON: One question:

ഈ നാഗർകോവിലിൽവച്ചു പാസാക്കിയതായ പ്രമേയത്തെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർക്കു് എന്തെങ്കിലും പറയാനുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞു് : അതു പറയേണ്ടതു ഞാനല്ല. അതുമായി ഇടപെട്ടതും എതിർത്തതുമായ കക്ഷിയോ ഉഭയകക്ഷികളോ ആണു് അതെപ്പറ്റി പറയേണ്ടതെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെമ്പർ തിരുവിതാംകൂർ സ്റ്റേറ്റുകാൺഗ്രസിൽപ്പെട്ട ആളാണെന്ന ധാരണയിൽ പറഞ്ഞതാണു്.

ശ്രീ. പി. വിശ്വംഭരൻ : നാഗർകോവിലിൽവച്ചു നടന്ന സ്റ്റേറ്റു കാൺഗ്രസ് സമ്മേളനത്തിൽ തെക്കൻതാലൂക്കുകളെ സംബന്ധിച്ചുള്ള പ്രമേയം പാസാക്കിയിട്ടില്ലെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞു് : അറിയാം. ഗവണ്മെൻറിന്റെ നയം സംബന്ധിച്ചാണു ഞാൻ പറഞ്ഞതു്. കാൺഗ്രസ് വർക്കിംഗ് കമ്മിറ്റി യുടെ തീരുമാനവും നമുക്കു സ്വീകാര്യമല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാൺഗ്രസ് വർക്കിംഗ് കമ്മിറ്റി ഇതു സംബന്ധിച്ചു് അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ലെന്നറി യാമോ ? ഒരു കേരളസംസ്ഥാനം സ്ഥാപിക്കണമെന്നുമാത്രമാണു് അവർ തീരുമാനിച്ചതു്. കേരളത്തിൽ ഉൾപ്പെടേണ്ട പ്രദേശങ്ങളെപ്പറ്റിയും മറ്റുമുള്ള കാര്യങ്ങളെപ്പറ്റിയും പിന്നീടു തീരുമാനം എടുക്കാമെന്നാണു് കാൺഗ്രസ് വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതു്. അങ്ങനെ നിശ്ച യിച്ചതു ഈ രാജ്യത്തെ പ്രത്യേകപരിതസ്ഥിതികളെ പരിഗണിച്ചാണു്. കാൺഗ്രസ് വർക്കിംഗ് കമ്മിറ്റി എടുത്തിട്ടുള്ള തീരുമാനത്തിൽ ഒന്നാമ തായിട്ടുള്ളതു് ഒരു കേരളസംസ്ഥാനം ഉണ്ടാകണമെന്നാണു്. അതിൽ ഉൾ പ്പെടേണ്ട പ്രദേശങ്ങളും താലൂക്കുകളും ഏതെല്ലാമാണെന്നു് ഇനിമേലാണു് തീരുമാ നിക്കപ്പെടേണ്ടതു്. ആ പ്രമേയത്തിനശേഷമാണു് തെക്കൻതിരുവിതാം കൂറിലെ നാലു താലൂക്കുകളും, കൊല്ലം ഡിസ്ട്രിക്ടിലെ ചെങ്കോട്ട താലൂക്കും, ദേവികുളം പീരുമേട്താലൂക്കുകളും മദ്രാസിനോടു ചേർക്കണമെന്നും മറ്റു മുള്ള വാദങ്ങളും ശക്തി പ്രാപിച്ചു തുടങ്ങിയതു്.....

ശ്രീ. കെ. ബാലകൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. മറ്റടി പ്രസംഗം അവസാനത്തേക്കു് മാറ്റിവയ്ക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ സൗകര്യമായിരുന്നു.

മി. സ്പീക്കർ : ഇവിടെ പറയുന്ന ചില വസ്തുതകളിൽ ചില വിശദീകരണങ്ങളും ആവശ്യമായി വരുമ്പോൾ ആ വിവരങ്ങളും നൽക ന്നതു് അംഗങ്ങൾക്കെല്ലാവർക്കും വാദപ്രതിവാദത്തിനു സഹായകമാണു്.

ശ്രീ. പി. കെ. കുഞ്ഞു് : ഇതിന്റെ വിശദാംശങ്ങളെല്ലാം ഹൈ പവർ കമ്മീഷൻ തീരുമാനിക്കപ്പെടണമെന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയാണു്. പക്ഷേ, ഈ ഇഷ്യൂസ് ഒക്കെ തീരുമാനിക്കുന്നതിനവേണ്ടി നിയുക്തമാകുന്ന ഹൈ പവർ കമ്മീഷനിലെ അംഗമായ കാൺഗ്രസ് പ്രസിഡൻറിന്റെ അടുക്കൽ ഈ കാര്യങ്ങൾ ഒന്നിലധികം പ്രാവശ്യം ആലോചനാവിഷയ മായിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞു് : അങ്ങനെയാണെങ്കിൽ ഈ ദേവികുളം പീരുമേട്ടു് താലൂക്കുകളുടെ കാര്യം മാത്രം എടുത്തുപറയുന്ന കാൺഗ്രസ്സ് പ്രസിഡൻറിന്റെ പ്രസ്താവനകൊണ്ടു് എന്തിനെയാണു്. കാൺഗ്രസ് പ്രസിഡൻറിന്റെ പ്രസ്താവനയിൽ പറയുന്ന കാര്യങ്ങളെപ്പറ്റി തീരുമാനിക്കുന്നതിനു ഇവിടത്തെ പി. സി സി. പ്രസിഡൻറും, മദ്രാസിലെ കാൺഗ്രസ് പ്രസിഡൻറും കൂടി ആലോചിക്കേണ്ടതുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, കാൺഗ്രസ് പ്രസിഡൻറിന്റെ ഏതോ പ്രസ്താവനയിൽ ദേവികുളം പീരുമേടിനെപ്പറ്റി നിവേദനം നടത്തിയപ്പോൾ രണ്ടു കക്ഷികളുമായി ആലോചിച്ചു തീരുമാനിക്കാമെന്നു പറഞ്ഞു. അതുപോലെതന്നെ തെക്കൻതിരുവിതാംകൂറിലെ നാലുതാലൂക്കുകൾ മദ്രാസിനോടു ചേക്കേണ്ടതാണെന്നു് എസ്സ്. ആർ. സി. റിപ്പോർട്ടിൽ പറയുന്ന ഭാഗം ഭേദഗതി ചെയ്യത്തക്കവിധത്തിൽ മദ്രാസുമായിട്ടെൻറുമായി ആലോചിക്കണമെന്നും പറഞ്ഞിട്ടുണ്ടു്. തെക്കൻതിരുവിതാംകൂറിലെ നാലു താലൂക്കുകളും ചെങ്കോട്ടയും മദ്രാസിനോടു ചേരണമെന്നുള്ള ഈ എസ്സ്. ആർ. സി റിപ്പോർട്ടിൽ കേരളത്തെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറുമായി ആലോചിക്കണമെന്നു പറയുന്നുണ്ടു്. അതുകൊണ്ടു് ഈ വിഷയങ്ങളെപ്പറ്റിയും ആലോചിച്ചുനോക്കേണ്ടതാണു്. ഈ സംഗതികൾ ഞാൻ സഭയുടെ അറിവിലേക്കു വേണ്ടി പറയുന്നതാണു്. അതായതു്. ഹൈപവ്വർ കമ്മീഷൻറെ തീരുമാനത്തിനു വച്ചിട്ടുള്ള സംഗതികൾ, ഒന്നു്, തെക്കൻ താലൂക്കുകളെ സംബന്ധിച്ചുള്ളവ; രണ്ടു്, ചെങ്കോട്ടതാലൂക്കിൻറെ കാര്യം; മൂന്നു്, ഗൂഡല്ലൂർ താലൂക്കിൻറെ കാര്യം. ഈ മൂന്നു കാര്യങ്ങൾക്കും പുറമെ ദേവികുളം പീരുമേടു് താലൂക്കുകളെ സംബന്ധിച്ചും, കാസർകോടു താലൂക്കു വിട്ടുകിട്ടേണ്ടതിനെ സംബന്ധിച്ചും ഇതാണു് വസ്തുതകൾ.

ശ്രീ. പി. കെ. കുഞ്ഞു് : ഈ വസ്തുതകളുടെ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിനുവേണ്ടിയാണു് ഞാൻ ഇത്രയും പറഞ്ഞതു്. ഇതെ സംബന്ധിച്ചു് വർക്കിംഗ് കമ്മിറ്റി യെതൊരു തീരുമാനവും എടുത്തിട്ടില്ല എന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ. കേരളസംസ്ഥാനം രൂപംകൊള്ളണമെന്നുള്ളതല്ലാതെ വേറെ ഒന്നുമെടുത്തിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞു് : ഇതാണു വസ്തുതയെങ്കിൽ ഈ ചർച്ച തുടരണമെന്നു് എനിക്കാഗ്രഹമില്ല. മറ്റൊരു തീരുമാനവും എടുത്തിട്ടില്ലായെന്നുള്ളതു ചീഫ് മിനിസ്റ്ററിൽനിന്നും മനസ്സിലാക്കാൻ സാധിച്ചുസ്മിതിക്കു്.....——.....

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കേരളസംസ്ഥാനം വേണമെന്നുള്ള തീരുമാനം മാത്രം എടുത്തു.

ശ്രീ. പി. കെ. കുഞ്ഞു് : ആ തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. അതു് സ്വാഗതാർഹമാണെന്നു് ഞാൻ സമ്മതിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തക്കപ്പെട്ട സംഗതികൾ കാപ്പൺ ഡിസ്കഷനു് വച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ചു് : ഈ കാര്യത്തെ സംബന്ധിച്ചുള്ള ചർച്ചയുടെ കൂട്ടത്തിൽ കാസർകോടും ഉഡുപ്പിയും കൂടി കൂട്ടിച്ചേർത്തതിലേയ്ക്കു് നാളെ ഇവിടെ അവതരിപ്പിക്കാൻ പോകുന്ന പ്രമേയത്തിൽ വിട്ടുപോകയില്ലെന്നു പ്രതീക്ഷിക്കുന്നു.

ചെങ്കോട്ട താലൂക്കിന്റെ കാര്യം പറയുകയാണെങ്കിൽ, അവിടെ നിന്നുമാണു് അച്ചൻകോവിലാറും, കുളക്കട ആറും ഉൽഭവിച്ചു് ഈ സംസ്ഥാനത്തുകൂടി ഒഴുകുന്നതു്. ആ ഭാഗം മദ്രാസിലേയ്ക്കു വിട്ടുകൊടുക്കുന്ന പക്ഷം അതൊരു Inter States rivers-ന്റെ നിലവരുന്നതും വെള്ളം ഉപയോഗിക്കുന്നതിനെപ്പറ്റി വളരെ തർക്കങ്ങൾ ഉണ്ടാകുന്നതുമാണു്. അങ്ങനെ വരുന്ന പക്ഷം കൃഷികാര്യങ്ങൾക്കും, ജനങ്ങളുടെ ആരോഗ്യപരമായ ജീവിതത്തിനും അതു വൈഷമ്യമായിത്തീരുന്നതാണു്. ഈ കാരണങ്ങളാൽ ചെങ്കോട്ടതാലൂക്കു് ഒരു തരത്തിലും വിട്ടുകൊടുക്കാൻ നിവൃത്തിയില്ല. മി. വിശ്വംഭരന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ള പോലെ ചെങ്കോട്ട താലൂക്കിന്റെ ഒരു ഭാഗം ഒരു എൻക്ലേവായ് കിടക്കുന്നതുമാത്രം വിട്ടുകൊടുക്കുന്നതു് എന്നെ സംബന്ധിച്ചിടത്തോളം സ്വീകാര്യമായിരിക്കും. അവിടെയുള്ള ഫോറസ്റ്റ് ഏരിയായിൽ നിന്നും കിട്ടുന്ന വനവിഭവങ്ങൾ, മറ്റു സാമ്പത്തികമായ നേട്ടങ്ങൾ, ഇതെല്ലാം നമുക്കു് ഇനിയും ലഭ്യമാകയില്ല. ഈ കാരണങ്ങളാൽ ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു് ചെയ്യുന്നതു്.

Shri A. A. D. Luiz : Sir, I am afraid, my opinion with regard to the States Reorganisation Commission Report is quite different to what has been stated here by the hon. members. There is every possibility of my opinion being a much isolated one.

The demand for the reorganisation of the States in India is now seen equated with the demand for the formation of linguistic provinces. I would say fully equated but for the bi-lingual State of Bombay. This is indeed unfortunate. There is no justification for the establishment for some of the units specially in the manner recommended in the States Reorganisation Commission's Report. I concede that there is progressive public opinion in favour of Nationalisation of administrative units. But linguistically homogeneous units were not even thought of. I am of the opinion, Sir, that the heterogeneons units are the biggest tragedies for the great Bharat.

Sri P. D. Tandon while participating in the debate on the Andhra State Bill stated "In the context of economic distress in the country, the present concern with linguistic States is an utter perversion of priorities." I am not disrespecting the wishes of the Congress or those of our Chief Minister, nor am I intending to refrain from associating myself with the good wishes and blessings on the Kerala State

LIBRARY ARCHIVES Kerala Legislative Assembly

[Shri A. A. D. Luiz]

in the making but I have a very pointed question. I would like to know what part of our culture, what part of our economy, what part of our national aspirations was going to be frustrated or destroyed if the mal-formed, deformed and truncated State of Kerala is not created forthwith. Nothing would have happened. A Kerala State as recommended by the S. R. C. Report is just a mutilated, heterogeneous State inconsistent with historical precedence. I venture to state that when Parasurama becomes aware of the newly constituted Kerala State, he will turn in his grave (Laughter). I am not thoroughly conversant with the story of Parasurama who created Kerala but I feel confident that even he would be shocked, turning and twisting when told about the new Kerala State.

Sir, I am of opinion that the economic rehabilitation of our country should have been the prime goal and that should have been the basis for the reorganisation of India and that should have absorbed more of our energy. Unfortunately, the entire schemes stand drowned in the linguistic illusions and hallucinations of today.

The second is unemployment. The successive Governments have been pursuing a policy without any imagination or with any sense in the matter of education. The Travancore-Cochin Government is a huge machinery where thousands and hundreds of thousands of graduates and under-graduates are being produced every year. Where the country is heading nobody knows. The latest figure shows that more than 50 thousand School Finals are being coming out every year and that there are thousands of graduates & under graduates. Besides these there are many thousands who are studying in Madras and outside colleges. Inclusive of those figures, where will we be led there is no knowing. According to our system of education if a man is educated up to the IV standard, he is made unfit for life. That is the condition. He wants to live in luxury. He wants a wrist watch, a fountain pen, and like things. He refuses to attend to his father's occupation. He refuses to be an agriculturist. He wants the job of a clerk. In short due to the short sighted policy of this Government we have been producing a lot of such unfit persons. They are clamouring for jobs. The Ministers have not been able to do anything in that matter. That is the position.

LIBRARY ARCHIVES Kerala Legislative Assembly

[Shri A. Kunjan Nadar]

Then what is this communalism? That is only an aftermath of unemployment. Nobody can solve this unemployment. The Chief Minister said that the Government of India had promised to give help by crores. But I may tell the House that it is an all-India problem, and the people must have access to all areas throughout India. The people must be given opportunity to get themselves employed throughout India. That is what I want to urge at this juncture. If you take a very small, narrow-minded view, clannish view, say this is my Malayalam, this is my Tamil, the Tamils must be prosecuted and their heads cut off and so on and so forth, that kind of attitude will very badly re-act on you Malayalees and not on us. By our going to secede and join Tamil Nad, we are finding a solution to our problem; the problems of density of population, unemployment and rampant communalism.

The third problem is communalism. Every individual will have a bit of that in his heart. It is a question of degree. But why should we be here struggling against these communal cracks. Travancore-Cochin State, for the last several years, has been having a three cornered fight between three major communities.

SHRI K. C. ABRAHAM: Is there no communalism in Madras?

SHRI A. KUNJAN NADAR: There is. But there is difference in degree. As long as there are communities, that will exist in one form or another. All are communally minded. But there will be a huge difference in degree. Here the degree is much greater. In my opinion here it is on the increase. In Madras it is diminishing. The Travancore-Cochin or the Kerala State is not going to solve this. So I request all the members to vote with us requesting the Government of India to allow the 9 taluks which are predominantly Tamil speaking areas to secede from here and join Madras. If you have any doubt about Neyyattinkara or Chittoor, let us ask the Government of India to appoint a boundary commission to go into the question of demarcating the boundaries. With these words, I conclude.

ശ്രീ. കെ. ബാലകൃഷ്ണൻ : സംസ്ഥാന പുനഃസംഘടനാ കമ്മിഷന്റെ റിപ്പോർട്ടിനെപ്പറ്റി ഇൻഡ്യയുടെ വിവിധപ്രദേശങ്ങളിൽ നിയമസഭകൾക്കകത്തും പുറത്തും ഇന്നു തീവ്രമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കയാണ്. സാധാരണ ഗതിയിലുള്ള ഒരു റിപ്പോർട്ടിനെപ്പറ്റിയുള്ള ചർച്ചയല്ലാ ഇതു്. ജനങ്ങൾ അനേകം കൊല്ലങ്ങളായി പലതിവന്നി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള അഭിലാഷങ്ങളും, സ്വപ്നങ്ങളും ഒരു റിപ്പോർട്ടിന്റെ രൂപം കൊണ്ടു് പുറത്തു വന്നിരിക്കയാണു്. സ്വീകാര്യവും അസ്വീകാര്യവുമായ ഭാഗങ്ങളും അതിനകത്തുണ്ടു്. പക്ഷെ, മൊത്തത്തിൽ റിപ്പോർട്ടിലുള്ള കേരളത്തെ സംബന്ധിച്ച ഭാഗം ഞാൻ സ്വാഗതം ചെയ്യുന്നു. ഈ റിപ്പോർട്ടിലെ ചില ഭാഗങ്ങളും ഒരു നൂതനമായ ശക്തി ജനങ്ങളുടെ ഇടയിൽ ഇളക്കിവിട്ടിട്ടുണ്ടു്. നല്ലതിനും ചീത്തയ്ക്കും അവ പ്രയോജനപ്പെട്ടും. ജീവിതത്തിന്റെയും സങ്കല്പങ്ങളുടെയും അടിത്തറയെ പിടിച്ചു കുലുക്കുന്നതുകൊണ്ടു് ഈ റിപ്പോർട്ടിനെപ്പറ്റിയുള്ള ചർച്ചകളും ആവേശകരമായ ഒരന്തരീക്ഷത്തിലാണു് നടക്കുന്നതു്. നാടാകെ പ്രക്ഷോഭണങ്ങളും പ്രകടനങ്ങളും രൂപംകൊള്ളുന്നു. പ്രക്ഷോഭണങ്ങളും ലാത്തിച്ചാർജ്ജും വെടിവയ്പും വരെ ആയിട്ടുണ്ടു്. ബാംബെയിൽ ഏതാനും പേർ മരിച്ചെന്നും പത്രങ്ങളിൽ കാണുന്നു. എസ്. ആർ. സി. റിപ്പോർട്ട് ചർച്ചചെയ്യാൻ കൂടിയ ഈ സഭയെത്തന്നെ ഗംഭീരമായ ഒരു പ്രകടനം കൊണ്ടാണു് തുടങ്ങിയതു്. മുഖ്യമന്ത്രി അഭിപ്രായപ്പെട്ടപോലെ ഇതെല്ലാം കണ്ടുകൊണ്ടു് നിർവികാരമായി എഞ്ചുവടി വായിക്കുംപോലെ ഈ റിപ്പോർട്ടിനെപ്പറ്റി സംസാരിക്കാൻ നിവൃത്തിയില്ലെന്നു ഞാൻ ആദ്യമേ പറഞ്ഞുകൊള്ളട്ടെ. ഇന്നലെവരെ നാംഓരോരുത്തരും ജീവിച്ചുവന്നിരുന്ന ജന്മദേശം പോയി നാം ഒരു പുതിയ ജന്മഭൂമിയുടെ അവകാശികളാകാൻ പോകുന്ന ഒരു സന്ദർഭത്തിൽ എങ്ങനെയാണു് നിർവികാരമായി ആ പുതുമയുടെ പിറവി നോക്കിനിൽക്കുക? ഇവിടെത്തന്നെ സാധാരണഗതിയിൽ, വളരെ ശാന്തമായും, സമാധാനപരമായും സംസാരിച്ചു ശീലിച്ചിട്ടുള്ള ചില സാമാജികന്മാർ പോലും വികാരഭരിതരായി; പ്രക്ഷുബ്ധരായി പ്രസംഗിച്ചു കേട്ടു. ചിലർ നിയമസഭാതലത്തിൽ അനുവർത്തിക്കേണ്ട സാമാന്യമര്യാദ അതിലംഘിച്ചുകൊണ്ടു് ചില ചോദ്യവഷ്ങ്ങളും നടത്തുകയുണ്ടായി. ഇതു ഉള്ളിൽ തങ്ങിനിൽക്കുന്ന വികാരത്തിന്റെ പ്രതിഫലനമായി നാം കണക്കാക്കണം. പക്ഷെ ഒരു വ്യത്യാസമുണ്ടു്. സാധാരണഗതിയിൽ സ്വാരസ്യമായ കൂട്ടിച്ചേർക്കലുകളുമായി ഉരുവീരോടെ വാദിക്കുന്ന മുഖ്യമന്ത്രി ഈ റിപ്പോർട്ടിനെപ്പറ്റി ചെയ്ത പ്രസംഗം നിർവികാരമായിരുന്നു. ഇതു അത്ഭുതകരമായിരിക്കുന്നു. ഒരു കേരളം ഉടലെടുക്കുന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ അദ്ദേഹത്തിനെ രോമാഞ്ചവും തോന്നുന്നില്ല. പക്ഷെ ഈ നിർവികാരത്വം ഭാഗ്യവശാൽ മറവുള്ളവയ്ക്കില്ല. ഭാഷമാത്രം അടിസ്ഥാനമാക്കിയല്ല സംസ്ഥാനപുനഃസംഘടനയുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതെന്നു് എസ്. ആർ. സി. റിപ്പോർട്ടിൽ അമുഖമായി പറയുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അതു ശരിയല്ലെങ്കിലും ചില സ്ഥലങ്ങളിൽ വീക്ഷണഗതി കമ്മിഷൻ സ്വീകരിച്ചിട്ടുണ്ടു്. ഇന്നു ലാത്തിച്ചാർജ്ജും വെടിവയ്പും നടക്കുന്നതു ഭാഷാസംസ്ഥാനങ്ങൾക്കെതിരായി കമ്മിഷൻ വിധിയെഴുതിയിട്ടുള്ള പ്രദേശങ്ങളിലാണു്. ഭാഷ അടിസ്ഥാനമാക്കിത്തന്നെ എല്ലാ സംസ്ഥാനങ്ങളും പുനഃസംഘടിപ്പിക്കേണ്ടതായിരുന്നു; എന്നാണെന്റെ വാദം. ഒരു ഭാഷ സംസാരിക്കുന്ന ആളുകൾ ഒന്നിച്ചുനിൽക്കണമെന്നു് പറയുന്നതു് അവരുടെ ഭാഷയുടെ സാഹിത്യം വളർത്താനോ, സംസ്കാരം നിലനിറുത്താനോ മാത്രമല്ല. ഭാഷാപരസംസ്ഥാനങ്ങൾക്കു വേണ്ടിയുള്ള വാദത്തിനു കാരണങ്ങളെപ്പറ്റിയുള്ള ആധുനികസങ്കല്പവുമായി അടുത്ത ബന്ധമുണ്ടു്. സങ്കുചിതത്വമായി, ഭാഷാസംസ്ഥാനവാദം വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ബാലകൃഷ്ണൻ]

വർ എന്തടിസ്ഥാനത്തിലാണ് ഭാഷാസംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള വാദം നടത്തുന്നതെന്നു മനസ്സിലാക്കാൻ ശ്രമിക്കണം. ബഹുമാനപ്പെട്ട ചേർപ്പുമെമ്പർ ഇന്നലെ ഈ സഭയിൽ പ്രസ്താവിച്ചുപോലെ ഒരു പ്രദേശത്തെ ജനങ്ങൾക്കു ഏറ്റവുമധികം ബന്ധം അവിടത്തെ മണ്ണും ആ മണ്ണിന്റെ സംസ്കാരത്തിൽ നിന്നുടലെടുത്ത ഭാഷയുമായിട്ടാണ്. വികാരങ്ങൾ മറ്റുള്ളവരിലേക്കു പകരാനുള്ള രൂപം വാക്കുന്ന ശില്പിയാണ് ഭാഷയെങ്കിൽ വികാരങ്ങൾ രൂപം കൊള്ളുന്നപോലെ തന്നെ പുറത്തുവരുന്നതു അവനവന്റെ മാതൃഭാഷയിലായിരിക്കും. ചിന്താസരിണിതന്നെ മാതൃഭാഷയുടെ ഓളങ്ങളിലൂടെയായിരിക്കും നീന്തിത്തുടിക്കുക. എന്റെ കരച്ചിലും ചിരിയും ഹൃദയത്തിന്റെ സ്പന്ദനംപോലെ ഭാഷയ്ക്കു പ്രതിഫലിപ്പിക്കണമെങ്കിൽ ആ ഭാഷ എന്റെ മാതൃഭാഷയായിരിക്കണം. ജനഹൃദയങ്ങളിൽ രൂപം കൊള്ളുന്ന വികാരങ്ങൾ മാനിക്കുകയാണ് ഭരണകൂടങ്ങളുടെ ചുമതല. എന്തെന്തു വികാരങ്ങളാണ് മനുഷ്യമനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നതെന്നറിയണമെങ്കിൽ അവന്റെ ഹൃദയത്തുടിപ്പ് അമ്മയുടെ മുലപ്പാലു് ഉണ്ണുംമുമ്പു് പ്രതിഫലിപ്പിക്കാനുപയോഗിച്ച രൂപം തന്നെ ഉപയോഗിച്ചു് പറയുന്നതു് കേൾക്കാനും മനസ്സിലാക്കാനും കഴിയുന്ന ഭരണകൂടമുണ്ടാക്കണം. ജീവിതത്തിന്റെ എല്ലാ തുറകളിലും നിയന്ത്രണത്തിന്റെ ബന്ധുമായി നിൽക്കുന്ന ഭരണകൂടം ആ ഹൃദയവികാരങ്ങൾ എത്ര ദൂരം മാനിക്കുന്നുണ്ടെന്നറിയണമെങ്കിൽ ഭരണകൂടവും ജനങ്ങളുടെ ഭാഷയിൽ തന്നെ ആ വികാരങ്ങൾക്കു് മറുപടി പറയണം. ജനങ്ങളെ ജനങ്ങളുടെ ഭാഷയുപയോഗിച്ചു് ഭരിക്കണമെന്നത്രേ. അവിടെയാണ് ജനങ്ങൾക്കുവേണ്ടി ജനങ്ങൾ ഭരിക്കുന്ന ജനങ്ങളുടെ ഭരണകൂടം യഥാർത്ഥമായി ഉടലെടുക്കുന്നതു്. അവിടെ മാത്രമെ ഭരണകൂടത്തിനു് ജനങ്ങളുമായി അഭേദ്യമായ ബന്ധം പുലർത്താൻ കഴിയു. ഒരു പ്രദേശത്തെ ജനങ്ങൾ അവരുടേതായ ഭാഷയിൽ ഭരണകാര്യങ്ങൾ കൈകാര്യം ചെയ്യണമെന്നു് പറയുന്നതു്, വേറൊരുഭാഷ സംസാരിക്കുന്ന ആളുകളുമായിട്ടുള്ള സംഘടനം, അനുഭവിക്കാതിരിക്കുമാറാകണമെന്നു് കരുതുന്നതു്, ഉച്ചക്കിറുക്കാണു്. ഇവിടെ മലയാളക്കരയിലെ ആളുകൾ മലയാളഭാഷ സംസാരിക്കുന്ന ആളുകൾ മലയാളഭാഷയിൽ തന്നെ ഭരണകാര്യങ്ങൾ കൈകാര്യം ചെയ്യണമെന്നു് വാദിക്കുമ്പോൾ മറ്റു ഭാഷ സംസാരിക്കുന്ന ആളുകൾക്കു് അനിഷ്ടകരമായി അതിൽ എന്താണു് ഉള്ളതു്. മറ്റുള്ളവർ അവരുടെ ഭാഷയിൽ ഭരണം നടത്തട്ടെ. ഇവിടെയും തമിഴ്നാട്ടിലും വംഗദേശത്തും ഇങ്ങനെ ഭാരതത്തിലുമുള്ള ജനങ്ങൾ ഒന്നുപോലെ ഭരണകാര്യങ്ങൾ അറിയണമെന്നു് പറയുന്നതിൽ എവിടെയിരിക്കുന്ന സംഘടനത്തിനുള്ള മാർഗ്ഗം. എസ്. ആർ. സി. റിപ്പോർട്ട് തന്നെ ഈ വാദത്തിന്റെ യുക്തി അടിസ്ഥാനപരമായി അംഗീകരിച്ചിട്ടുണ്ടു്. അംഗീകരിക്കാതിരുന്ന സ്ഥാനങ്ങളിൽ അവർക്ക് പ്രമാദവും പറ്റിയിട്ടുണ്ടു്.

സർ, മലയാളസംസ്ഥാനം രൂപീകരിക്കണമെന്നുള്ള റിപ്പോർട്ട് പുറത്തുവന്ന നിമിഷം മുതൽ തന്നെ മലയാളസംസ്ഥാനത്തിൽ ഏതേതു പ്രദേശങ്ങൾ ഉൾപ്പെട്ടിരിക്കണമെന്നു് വിവിധ അഭിപ്രായങ്ങൾ പുറത്തുവന്നിട്ടുണ്ടു്. ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന ഒരു കേരളക്കരയുടെ സ്വപ്നമേഖലകളിൽ തങ്ങിനിൽപ്പുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ ആ ഭാവന ഉടലെടുത്തെന്നു് എനിക്കു് നിശ്ചയമില്ല് ചരിത്രാതീതകാലത്തിന്റെ ഏതു ഘട്ടത്തിൽ ഇങ്ങനെയൊരു കേരളമുണ്ടായിരുന്നു എന്നു് കണ്ടുപിടിക്കാൻ ഞാനൊരു പരിശ്രമം നടത്തിനോക്കി. ഒരിടത്തും കേരളം ഗോകർണ്ണം മുതൽ കന്യാകുമാരിവരെ വ്യാപിച്ചിരുന്നതായി പറഞ്ഞു കാണുന്നില്ല. ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള ഒരു കേരളസംസ്ഥാനം ഒരു കാലത്തു് ഇവിടെ ഉണ്ടായിരുന്നു എന്നുള്ള വാദത്തെ ചില തമിഴ് സുഹൃത്തുക്കൾ എതിർത്തിട്ടുണ്ടു്. പഴയ മലയാളം അമ്പലപ്പുഴയ്ക്കു തെക്കോട്ടു് വ്യാപിച്ചിരുന്നോ എന്നു് ബഹുമാനപ്പെട്ട ചേർപ്പുമെമ്പർ പ്രൊഫസർ മുണ്ടശ്ശേരി ഇന്നലെ സംശയം പുറപ്പെടുവിച്ചു കേട്ടു. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ആരും തന്നെ അങ്ങനെയൊരു കേരളം ഏതു കാലത്തു് നിലവിലിരുന്നു എന്നു പറഞ്ഞുകേട്ടിട്ടില്ല. ചരിത്രത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ അറിയപ്പെട്ട ചരിത്രത്തിലോ അറിയപ്പെടാത്ത ചരിത്രത്തിലൊ അത്ഭുതകരമായ കടംകഥകളും ഐതിഹ്യങ്ങളും ഉൾപ്പെടെ ഇങ്ങനെ ഒരു കേരളം ഉണ്ടായിരുന്നതായി ഒരു രേഖകളും ഇല്ല. ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള ഒരു രാജ്യം ഭരിച്ചിരുന്ന രാജകുടുംബത്തിന്റെയും കഥ ചരിത്രത്തിലില്ല. ചിലർ പറഞ്ഞപോലെ അത്തരമൊരു റിപ്പബ്ലിക്കിന്റെ കാര്യവും ചരിത്രത്തിൽ കാണുന്നില്ല. ഇവിടെ ശ്രീ. കുഞ്ഞൻനാടാരും ശ്രീ. ആറുമുഖമുട്ടം കേരളചരിത്രവുമായി നാഥമയ്യരുടെ സ്റ്റോറ്റ്മാനവലും ലാൻറ്റ്റവന്യൂറിപ്പോർട്ടും ഇവിടെ ഉദ്ധരിക്കുകയുണ്ടായി. സർ, എത്ര ഏറെ ഉദ്ധരണികൾ വേണമെങ്കിലും കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടന പല ഘട്ടത്തിൽ പല രീതിയിലായിരുന്നുവെന്നു് കാണിക്കുവാൻ, കൊണ്ടുവരാമെന്നു് കേരളചരിത്രം നാലുവാല്യങ്ങളായി പ്രസിദ്ധം ചെയ്തിട്ടുള്ള ശ്രീമാൻ പത്മനാഭമേനോന്റെ പ്രസിദ്ധീകരണത്തിൽ നിന്നു കാണാവുന്നതാണു്. ഈ വിവരങ്ങൾ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പിനെപ്പറ്റി കേരളത്തി വന്നിട്ടു് മടങ്ങിപ്പോയിട്ടുള്ള വിദേശസഞ്ചാരികളുടെ സഞ്ചാരക്കുറിപ്പുകളിൽനിന്നാണു് ലഭിച്ചിട്ടുള്ളതു്. ഈ സഞ്ചാരക്കുറിപ്പുകൾ വായിച്ചാൽ കേരളം ഏതു മുതൽ ഏതുവരെ ഉണ്ടായിരുന്നു എന്നുള്ളതിനെപ്പറ്റി ഒരു ഏകകണ്ഠമായ അഭിപ്രായം അവക്കൊ മറ്റു ചരിത്രകാരന്മാക്കൊ ഉണ്ടായിരുന്നില്ല, എന്നുള്ള നിഗമനത്തിലാണു് എത്തിച്ചേരേണ്ടിയിരിക്കുന്നതു്. സർ, പരശുരാമൻ മഴുവെറിഞ്ഞു് സമുദ്രത്തിൽ നിന്നും കേരളം വീണ്ടെടുത്തു എന്നുള്ള ഐതിഹ്യം ചരിത്രവുമായി ബന്ധപ്പെട്ടതല്ലെങ്കിലും കേരളം ഭൂഗർഭത്തിൽനിന്നു് പിൽക്കാലത്തു് സമുദ്രം വാറി ഉയർന്നുവന്നതാണെന്നു് തെളിയിക്കുന്നതിനു് മതിയായ കാരണങ്ങളുണ്ടു്. ആ പ്രദേശമാകെ ഒരുമിച്ചു് ഉയർന്നുവന്നതല്ലെന്നും പ്രത്യേകം പ്രത്യേകമായി പ്രത്യേകം കാലഘട്ടങ്ങളിൽ ഉയർന്നുവന്നതാണെന്നുമാണു് ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഒരു കാലത്തു് വക്കലവരെ എന്നും, ഒരുകാലത്തു്, ചേർപ്പുമെമ്പർ പറഞ്ഞതുപോലെ അമ്പലപ്പുഴവരെയുണ്ടെന്നും പറയുന്ന കേരളത്തിന്റെ അതിർത്തിയുടെ പൂർണ്ണവിവരങ്ങൾ കണ്ടുപിടിക്കുവാൻ ഞാൻ പരിശ്രമിച്ചു. എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു് കൊല്ലത്തു് നിന്നും വക്കലവരെയുള്ള പ്രദേശങ്ങൾ പിൽക്കാലത്തു് സമുദ്രത്തിൽനിന്നു് ഉയർന്നുവന്നതാണെന്നു് തന്നെ. വക്കലത്തുരുപ്പു് കഴിക്കാൻ പോയ സംഘക്കാർ അതിനകത്തു് കണ്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ബാലകൃഷ്ണൻ]

സമുദ്രാന്തർഭാഗത്തു് മാത്രം ജീവിക്കുന്ന ചില മത്സ്യങ്ങളുടെ ചെതുമ്പലും തുകലും വച്ചുകൊണ്ടു് അഭിപ്രായപ്പെട്ടതു് ആ പ്രദേശങ്ങൾ സമീപകാലത്തു് സമുദ്രാർഭാഗത്തിൽനിന്നു് ഉയർന്നു വന്നിട്ടുള്ളതാണെന്നാണു്. അതുപോലെ പടിഞ്ഞാറും നൂറാണ്ടു് അടുപ്പിച്ചാണു് കൊച്ചിക്കു സമീപം വൈപ്പിൻകരയെന്നൊരു പ്രദേശം സമുദ്രത്തിൽനിന്നു് ഉയർന്നുവന്നതു്. പുത്തൻകര എന്നു് ആ പ്രദേശത്തിനു് പേരുണ്ടായിരുന്നു. അതുകൊണ്ടു് കേരളം എത്രമുതൽ എത്രവരെ ഉണ്ടായിരുന്നുവെന്നു് ഖണ്ഡിതമായ ഒരഭിപ്രായം പറയുവാൻ ഒരു ഭൂമിശാസ്ത്രപണ്ഡിതനും സാധിക്കുകയില്ലെന്നാണു് എനിക്കു് തോന്നുന്നതു്. ചൈനീസ് യാത്രക്കാരനും പണ്ഡിതനും ബുദ്ധസന്യാസിയുമായ ഹ്യൂയങ്ങ്സാങ്ങ് കന്യാകുമാരിക്കു തെക്കു് 50 മൈൽ നീണ്ടുകിടന്നിരുന്ന ഒരു ഭൂപ്രദേശത്തെപ്പറ്റി പറഞ്ഞിട്ടുണ്ടു്. സമുദ്രത്തിലുണ്ടാകുന്ന കൊടുങ്കാറ്റുകളും ചലനങ്ങളും ഭൂമിശാസ്ത്രത്തിൽ മാറ്റം വരുത്താറുണ്ടു്. ഭൂമിശാസ്ത്രം ചരിത്രത്തെയും ഭാഷയേയും സംസ്കാരത്തെയും ചിലപ്പോൾ നിയന്ത്രിക്കാറുണ്ടു്. ഒരുകാലത്തു് തമിഴു് പ്രചാരത്തിലിരുന്ന കേരളക്കരയിൽ പിൽക്കാലത്തു് ഒരു മലയാണ്മയും അതു് വികസിച്ചു് ഒരു മലയാളവും രൂപമെടുത്തതിൽ ഭൂമിശാസ്ത്രത്തിനു് അതിന്റേതായ പങ്കു് വഹിക്കാനുണ്ടായിരുന്നു.

കേരളത്തിന്റെ വിസ്തൃതിയെപ്പറ്റി ഈ നാടു് സന്ദർശിച്ച യാത്രക്കാർ എഴുതിയ കുറിപ്പുകളും പരിശോധിച്ചു് പത്മനാഭമേനോൻ ചില നിഗമനങ്ങളിലെത്തുന്നുണ്ടു്. ഇബ്ൻ ബത്തൂത്തായുടെ കുറിപ്പുകളിൽ ആധാരമുറപ്പിച്ചു് അദ്ദേഹം കേരളചരിത്രം ഒന്നാംവാല്യത്തിൽ ഒരു ഭാഗത്തു് ഇങ്ങിനെ പറയുന്നു.

"At a later date, a point between Mt. D' Ely and Mangalore on the North and Kaulam on the South was the usual-limit assigned to Malabar. It may be noticed here that the country between Quilon and Comorin, known once as Mushaka is left out, as not forming part of Malabar during the mediaeval period."

ഇവിടെ മൂഷക എന്നു പറയുന്നതു മൂഷിക എന്നാണെന്നു മാണിയർ വില്യംസ് പറയുന്നു. കന്യാകുമാരി മുതൽ കൊല്ലംവരെയുള്ള സ്ഥലമാണു ഈ 'മൂഷിക' എന്ന നാമത്താൽ അറിയപ്പെട്ടിരുന്നതു്. റഷീദുദ്ദിൻ അൽബറൂണി തുടങ്ങിയ സഞ്ചാരികളുടെ കുറിപ്പുകളിൽനിന്നു പത്മനാഭമേനോൻ നടത്തിയിരിക്കുന്ന മറ്റൊരു നിഗമനം നോക്കുക.

"According to Rashidu'ddin, Al Biruni and others, Malabar extended from Quilon on the western coast to Nellore on the eastern coast, including both the Chola and Pandya kingdoms."

മലബാറിന്റെ അതിർത്തി നെല്ലൂർ മുതൽ ആണെന്നാണു പറയുന്നതു്. അപ്പോൾ കേരളത്തിനെ ഭൂമിശാസ്ത്രപരമായി എടുക്കുകയാണെങ്കിൽ നമ്മുടെ ഈ രാജാക്കന്മാരുടെ കൂട്ടത്തിൽ ചോളരാജാക്കന്മാരും പാണ്ഡ്യരാജാക്കന്മാരും ഉണ്ടായിരുന്നു എന്നു കണ്ടുപിടിക്കാൻ വിഷമമില്ല. ചോളനാണോ പാണ്ഡ്യനാണോ ഭരിച്ചിരുന്നതെന്ന തർക്കത്തിനു പ്രസക്തിയില്ലെന്നു ഇതിൽനിന്നു കാണാവുന്നതാണു്. ഈ ചോളരാജ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതും പാണ്ഡ്യരാജാക്കന്മാരും ഏതു ഭാഷയാണു സംസാരിച്ചിരുന്നതെന്നും അവർക്കു ഏതു സംസ്കാരമാണു ഉണ്ടായിരുന്നതെന്നും ഉള്ളതിനെ സംബന്ധിച്ചു് നാഗർകോവിലിലും മറ്റും നിന്നുവന്ന തമിഴ് സ്നേഹിതന്മാർക്കു് ഞങ്ങളുമായി അഭിപ്രായഭിന്നത ഉണ്ടാകേണ്ട കാര്യമില്ല. ഏതാണ്ടു് ഒരേ രൂപത്തിലുള്ള ഭാഷയായിരുന്നു ഈ ചോള പാണ്ഡ്യ രാജാക്കന്മാർ ഉപയോഗിച്ചിരുന്നതു്. അതു ഇന്നത്തെ തമിഴും മലയാളവും ചേർന്ന ഒരു സങ്കരഭാഷയായിരുന്നു. തമിഴരായിരുന്ന ഭരണകൂടം തമിഴ് ഭരണകൂടമായിരുന്നോ, മലയാളി ഭരണകൂടമായിരുന്നോ എന്നു കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടു് കാര്യമില്ല. ഇണ്ടർട്ടും, ഫോക്സും, റോട്ലറും ഈ അഭിപ്രായക്കാരാണു്. വിശ്രുതമായ അശോകചക്രവർത്തിയുടെ 13-ാമത്തെ എഡിക്ടിൽ അതായതു ബി. സി. 257-ാമാണ്ടിനോടടുപ്പിച്ചു ഉണ്ടായിരുന്ന കേരളത്തെപ്പറ്റി പറഞ്ഞിട്ടുള്ളതു നോക്കുക? ചോള പാണ്ഡ്യ രാജാക്കന്മാരെ കൂടാതെ ഒരു കേരളപുത്രനെപ്പറ്റി അവിടെ പരാമർശിച്ചുകാണുന്നു.

"The second and the 13th Edicts of the great Budhist Emperor Asoka, (B. C. 257) refer to the ruler of Kerala as Keralaputhra, and class his country as one of the Pratyantas or border-lands of the Empire. He is named along with Chola and Pandya in the south and Antiochus in the north.

ഇതിനെയൊക്കെക്കാൾ കുറച്ചു കൂടുതലായ മറ്റൊരു രേഖയുണ്ടു്. മൈസൂരും, തൊണ്ടിനാടും, കോയമ്പത്തൂരും ഒത്തുചേർന്നു ഭരിച്ചിരുന്ന ഒരു കേരളരാജാവിനെപ്പറ്റിയാണു പരാമർശം. ഡാ: ബേർണെറ ഈ വാദത്തെ മുറുകെപ്പിടിക്കുന്നു. ഈ രാജ്യം അശോകന്റെ കാലത്തിനു മുൻപുതന്നെ പ്രസിദ്ധമായ ഒരു സ്ഥാനം കരസ്ഥമാക്കിയിരുന്നുവത്രെ. കേരളചരിത്രത്തിൽ നിന്നു (പത്മനാഭമേനോന്റെ) സംഗതമായ ഭാഗം ഞാൻ വായിക്കാം.

"The Chera of Kerala Kingdom at one time loomed large on the map of Southern India. According to Dr. Burnett, the period from the third to the seventh century appears to have been the most flourishing one in the modern history of the kingdom. It then extended over the peresent Mysore, Coimbatore, Tondinad, South Malabar and Cochin. It formed one of the great triarchy of ancient Hindu kingdoms in the extreme south of India, and had already acquired a name before the third century B. C. Professor Dowson describes it at a later period as extending to the Mysore frontier in the north, District of Salem in the east, and the Travancore coast up to Calicut in the north-west. Its capital was Karur.

സർ, അന്നു ഇരിന്റെ കുറച്ചിറൽ കാരൂർ എന്ന ഒരു പ്രദേശമായിരുന്നു. ആ പ്രദേശത്തെ ചില ചരിത്ര ഗവേഷകന്മാർ തിരുവഞ്ചിയായി കരുതുന്നു. 'വഞ്ചിനാടു' എന്ന പേരു് അങ്ങനെയുണ്ടായതാണത്രെ. മറ്റു ചിലർ പറവൂരിനടുത്ത ഒരു പ്രദേശമായിരുന്നു കാരൂരെന്നാണു വാദിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ബാലകൃഷ്ണൻ]

ക്കുന്നതു്. എന്തുമാകട്ടെ. ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള ഒരു കേരളം ഒരു മലയാളി രാജാവിന്റെയോ മറ്റാരുടെയെങ്കിലുമോ ആധിപത്യത്തിൽ ഒരു കാലത്തും നിലനിന്നിരുന്നില്ല എന്നുമാത്രമാണെന്റെ വാദം. അതുകൊണ്ടു് പുരാണിക കേരളത്തിന്റെ കൈകാൽ മുറിച്ചു എന്നു വിലപിക്കുന്നതിൽ അർത്ഥമില്ല. ദക്ഷിണ തിരുവിതാംകൂറിലെ മൂന്നു റിപ്പബ്ലിക്കുകളുടെ കാര്യത്തെപ്പറ്റി കുഞ്ഞൻനാടാർ വളരെ ആവേശകരമായി പ്രസംഗിച്ചുകേട്ടു. ആ റിപ്പബ്ലിക്കുകളുടെ ചരിത്രം അദ്ദേഹത്തിനു നിശ്ചയമുണ്ടോ എന്നറിഞ്ഞില്ല. തമ്മിൽകുത്തും കുടിപ്പകയും കൊണ്ടു് ആ റിപ്പബ്ലിക്കുകൾ പ്രവർത്തനരഹിതമായി. ഭരണം നടത്താൻ അവസാനം പാണ്ഡ്യരാജാവിനെപ്പോയി ക്ഷണിച്ചു. പന്ത്രണ്ടു വർഷത്തേയ്ക്കുവീതം ഇങ്ങനെ ക്ഷണിക്കുകയായിരുന്നു പതിവു്. പക്ഷെ കുറെ കഴിഞ്ഞപ്പോൾ അവർ ക്ഷണിക്കപ്പെടാനായി കാത്തുനിൽക്കാതായി.

പക്ഷെ ഇതൊക്കെയാണെങ്കിലും കേരളത്തിനെപ്പറ്റി നാം അഭിമാനം കൊള്ളുന്നുണ്ടു്. എവിടെനിന്നുണ്ടായി ഈ അഭിമാനബോധം? ചരിത്രവും ഭൂമിശാസ്ത്രവുമല്ല, ഭാഷയാണാവേശം പകരുന്നതു്. ഭാഷാപരമായ സംസ്ഥാനങ്ങൾ വേണമെന്ന വാദം ചിലർക്കു ദഹിക്കാത്തതാണെന്നു ഞാൻ മനസ്സിലാക്കുന്നുണ്ടു്. അവർ കേരളസംസ്ഥാനം ഉടലെടുക്കുന്നതിൽ വളരെ ആവേശം കാണിക്കാത്തതു മനസ്സിലാക്കാൻ വിഷമമില്ല. അവരോടു് ആധുനിക ചിന്താഗതിയുടെയും സംകുചിതത്വമില്ലായ്മയുടെയും പേരിൽ ഭാഷാപര സംസ്ഥാനങ്ങൾക്കെതിരായ വാദം ഉന്നയിക്കരുതെന്നേ അപേക്ഷയുള്ളൂ. ഭരണസൗകര്യവും ഭരണാധികാരികളുടെ വീക്ഷണകോണിൽക്കൂടി നോക്കണമെന്നും ജനങ്ങളുടെ വീക്ഷണഗതിക്കു രണ്ടാംസ്ഥാനം നൽകിയാൽ മതിയെന്നുമാണു് ആ വാദത്തിന്റെ പൊരുൾ. ഞാൻ ആ വാദം നിരാകരിക്കുന്നു. സർ, ഇന്നലെ ഈ നിയമസഭയിൽതന്നെ നടന്ന ചർച്ചകളും മദ്രാസ് നിയമസഭയിൽ നടന്ന ചർച്ചകളും നോക്കിയതിൽനിന്നു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു ഒരു കേരളസംസ്ഥാനത്തിന്റെ രൂപീകരണത്തെ സംബന്ധിച്ചിടത്തോളം ഇന്നുള്ള അഭിപ്രായഭിന്നതകൾ ഈ തമിഴ്താലൂക്കുകൾ തമിഴ്പ്രദേശങ്ങളിലേയ്ക്കു പോകണമോ, അതോ കേരള സംസ്ഥാനത്തിൽതന്നെ തുടരണമോ എന്നുള്ളതിനെ സംബന്ധിച്ചാണെന്നാണു്. തെക്കൻ തിരുവിതാംകൂറിലെ നാലു താലൂക്കുകൾ മദ്രാസ് പ്രവശ്യയിലേയ്ക്കു ചേർക്കണമെന്നു എസ്. ആർ. സി. റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. അങ്ങനെ റിപ്പോർട്ടു ചെയ്യത്തക്ക ഒരു പരിതഃസ്ഥിതി ഉണ്ടായതു എങ്ങനെയാണെന്നു ഒന്നു തിരിഞ്ഞുനോക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഇന്നു് ഒരു തമിഴ്മാകാണത്തെപ്പറ്റി പുകഴ്ത്തുകൊണ്ടു് തമിഴ്നാട്ടിലെ അമ്മമാർ മനോഹരമായ താരാട്ടുപാട്ടുകൾ പാടി അവരുടെ കുഞ്ഞുങ്ങളെ ഉറക്കുന്നതായി മി: ഡാനിയൽ പ്രസംഗിച്ചുകേട്ടു. ഒരു തമിഴ്മാകാണത്തിനുവേണ്ടിയാണു തിരുവിതാംകൂർ തമിഴ്നാട്ടു കോൺഗ്രസ് ആരംഭിച്ചതെന്നും തോന്നുന്നു. ഇതു കേട്ടാൽ അതു ശരിയായ ചരിത്രമല്ല. വളരെ പിറകോട്ടു പോകണ്ട, ഓർമ്മ പുതുക്കിയാൽ മതി; ചരിത്രം തെളിഞ്ഞുകാണാം. ഐക്യകേരളത്തിനുവേണ്ടി മുറവിളിച്ചു് ഒരു സമ്മേളനം നടക്കുകയുണ്ടായി. ആ സമ്മേളനം ഉൽഘാടനത്തിനു കൊച്ചിയിലെ ഒരു മഹാരാജാവു തയാറായി. ആ സംരംഭം തിരുവിതാംകൂറിൽ ഭരണാധികാരത്തിലിരുന്നവർക്കു അപ്രിയമുളവാക്കി. ഭരണ

LIBRARY ARCHIVES Kerala Legislative Assembly

ക്രമത്തിൽ ചില മാറ്റങ്ങൾ ഉണ്ടാക്കുവാൻവേണ്ടി, ഭരണാധികാരം ജനങ്ങളിലേയ്ക്കു മാറ്റിക്കിട്ടുവാൻവേണ്ടി തിരുവിതാംകൂറിൽ അന്നു ശക്തിയായ പ്രക്ഷോഭണങ്ങൾ നടക്കുന്നുണ്ടായിരുന്നു. ആ പ്രക്ഷോഭണത്തിനു ഒരു തിരിച്ചടിയായും ഐക്യകേരളം നിരുത്സാഹപ്പെടുത്തുന്നും ഒരു ഭിന്നിപ്പിക്കൽ പ്രവൃത്തി ഭരണാധികാരികൾ ആവശ്യമായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ പ്രേരണയിൽ ഉടലെടുത്ത തുവാനമായ ഒരു സംഘടനയാണു ഇന്നു ഒരു കൊടുങ്കാറ്റായി മാറിയിരിക്കുന്നതു്. വെറും ആരോപണം നടത്താൻവേണ്ടി മാത്രമായി ഞാൻ പറയുന്നതല്ല. അന്നു തമിഴ്നാടു കോൺഗ്രസിനു തമിഴ്മാകാണം ഒരു ലക്ഷ്യമായിരുന്നില്ല. തമിഴർ സ്റ്റേറ്റു കോൺഗ്രസ്സിന്റെ പിന്നിലില്ല എന്നു വരുന്നതിൽ കവിഞ്ഞു രാഷ്ട്രീയ ഉദ്ദേശമുണ്ടായിരുന്നില്ല. കാലം നമ്മുടെ രാഷ്ട്രീയ ചിത്രത്തിൽ പല മാറ്റങ്ങളുണ്ടാക്കി, ഉത്തരവാദിത്വഭരണം ഉടലെടുത്തപ്പോൾ ഒരു രാഷ്ട്രീയ ശക്തിയായി തുടരാൻ തമിഴ്നാടു കോൺഗ്രസ്സിനു തിരഞ്ഞെടുപ്പു രംഗത്തു ഇറങ്ങേണ്ടിവന്നു. അവർ സ്റ്റേറ്റു കോൺഗ്രസ്സുമായി വിലപേശി. എല്ലാ സമുദായികസംഘടനകളെയും അവരുടെ ഭൂതകാല ചരിത്രംനോക്കാതെതന്നെ അണിനിരത്തിപ്പിടിക്കാൻതയ്യാറായിരുന്ന കോൺഗ്രസ്സ് തമിഴ്നാടു കോൺഗ്രസ്സിനെമാത്രം അകറ്റി നിറുത്താൻ തീരുമാനിച്ചു. അതുകൂടി അവർ ചോദിച്ചതു നാലു സീറ്റുകളിൽ മത്സരിക്കാനുള്ള അവകാശമായിരുന്നു. നിർഭാഗ്യവശാൽ അതു നിഷേധിക്കപ്പെടുകയുണ്ടായതു്.

12 noon

അന്നു് ഒരു രാഷ്ട്രീയ പ്രക്ഷോഭണം കഴിഞ്ഞു. വിജയശ്രീലാളിതരായി ഈ നാട്ടിലെ ജനങ്ങളും മിക്കവാറും നൂറുശതമാനവും പിന്നിലുണ്ടെന്ന അവകാശബോധത്തോടുകൂടി മറ്റു രാഷ്ട്രീയപാർട്ടികളെ പുറത്തിക്കാൻപോലും അവസരമില്ലാത്തരത്തിൽ ഒറ്റ രാഷ്ട്രീയപാർട്ടിയായി ഒറ്റ നേതൃത്വത്തിന്റെ കീഴിൽ ജനങ്ങളും മിക്കവാറും സംഘടിച്ചു നിന്നിരുന്ന കാലമായിരുന്നതുകൊണ്ടു് തമിഴ്നാടുകോൺഗ്രസിന്റെ വാദങ്ങളും കൂട്ടാക്കണമെന്നു് സ്റ്റേറ്റുകോൺഗ്രസിനു തോന്നിയില്ല. ഈ കാര്യങ്ങളും ഞാൻ പറയുന്നതു് ഒരു പത്രപ്രവർത്തകനെന്നനിലയിൽ അന്നു ഞാൻ ശേഖരിച്ചുവച്ചവിവരങ്ങളും വച്ചുകൊണ്ടാണു്. തമിഴ്നാടുകോൺഗ്രസിന്റെ രാഷ്ട്രീയമായ വിശ്വാസപ്രമാണം എന്താണെന്നു മനസ്സിലാക്കുന്നതിനുവേണ്ടി അന്നത്തെ തമിഴ്നാടുകോൺഗ്രസ് പ്രസിഡൻറായ നഥാനിയലുമായി ഞാനൊരു പത്രപ്രവർത്തകനെന്നനിലയിൽ അദ്ദേഹത്തിന്റെ വീട്ടിൽവച്ചും തമിഴ്നാടുകോൺഗ്രസ് ആഫീസിൽവച്ചും ദീർഘസമയം സംഭാഷണങ്ങളും നടത്തി. തമിഴ്നാടുകോൺഗ്രസിന്റെ യഥാർത്ഥ രാഷ്ട്രീയസത്ത എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഞാനും ഒന്നിച്ചു് വളരെദൂരം സഞ്ചരിച്ചു. എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞതു് തമിഴ്നാടുകോൺഗ്രസ്കാർക്കു് കൂടുതൽ തമിഴ്സ്കൂളുകളും കൂടുതൽ തമിഴ് ഉദ്യോഗസ്ഥന്മാരും വേണമെന്നുള്ളതാണു് അവരുടെ പ്രധാനലക്ഷ്യമെന്നായിരുന്നു. രാഷ്ട്രീയമായി അവർക്കു ഒരു പ്രത്യേക ഡി. സി. സി. വേണമെന്നേ വാദമുണ്ടായിരുന്നുള്ളൂ. തമിഴ് മാകാണവാദമോ, മറ്റുദ്ദേശങ്ങളോ ഉണ്ടായിരുന്നില്ല. ഈ തമിഴ്നാടു കോൺഗ്രസ് എന്ന തുവാനം ഏതാനും നേതാക്കന്മാരുടെ കയ്യിലിരിക്കുന്ന എന്നു തോന്നുന്നുണ്ടെങ്കിലും ജനങ്ങളുടെ മൂലമായ വികാരങ്ങളിലേക്കു് ഇറങ്ങിച്ചെല്ലുമ്പോൾ ഈ തുവാനം ഒരു കൊടുങ്കാറ്റായി രൂപാന്തരപ്പെടുന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ബാലകൃഷ്ണൻ]

പോകുന്നു എന്നുള്ളതും, അതു നിസ്സാരമായി തള്ളിക്കളയാൻ കഴിയുന്ന ഒരു പ്രശ്നമല്ലെന്നും അന്നു ഞാൻ എന്റെ പത്രത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. ആ റിപ്പോർട്ട് ഞാൻ ഇന്നു വീണ്ടും എടുത്തുനോക്കി. അന്നു തമിഴ്നാട്ടുകോൺഗ്രസ് ഒരു പ്രസ്ഥാനമാകാൻ പോകുന്നുവെന്നോ ആ പ്രസ്ഥാനത്തിൽനിന്നു എന്തെങ്കിലും ഭാവി ഉണ്ടാകാൻ പോകുന്നുവെന്നോ ഇവിടെയുള്ള ആളുകൾക്കു തോന്നിയില്ല. അങ്ങിനെ തോന്നാതിരുന്നതു് തമിഴ്നാട്ടുകോൺഗ്രസ് പെട്ടെന്നുണ്ടായതുകൊണ്ടുമാത്രമല്ല, തമിഴ്നാട്ടിലെ ജനങ്ങളുടെ രാഷ്ട്രീയ കഴിവുകളെപ്പറ്റി വടക്കുള്ളവർക്കു നിസ്സാരമായ ഒരു ചിന്തമാത്രം ഉണ്ടായിരുന്നതുകൊണ്ടു കൂടിയായിരുന്നു എന്നാണെന്റെ വിശ്വാസം. കഴിഞ്ഞകാലത്തു തമിഴ്നാടുപ്രദേശത്തു സ്ഥാപിതതാൽപ്പര്യമുണ്ടായിരുന്ന ആളുകൾ. പിൽക്കാലത്തു് വടക്കോട്ടു നീങ്ങി. ശ്രീ. കുഞ്ഞൻനാടാർ പറയുകയുണ്ടായി, അവിടെയുള്ള ഭൂമിയിൽ രണ്ടു ശതമാനംപോലും മലയാളികൾക്കില്ലെന്നു്. അദ്ദേഹത്തിനു ഈ കണക്കു് എവിടെനിന്നു ലഭിച്ചുഎന്നു് എനിക്കു് നിശ്ചയമില്ല. രണ്ടു ശതമാനം ഭൂമിയിൽ പ്രവർത്തിക്കുന്നവർപോലും മലയാളികളായില്ലെന്നാണു് വാദമെങ്കിൽ അതു ചിലപ്പോൾ ശരിയായിരിക്കാം. ഭൂസ്വത്തുടമയെ സംബന്ധിച്ചിടത്തോളം മലയാളികൾ തെക്കൻതിരുവിതാംകൂറിലുള്ള തമിഴ്പ്രദേശങ്ങളിൽ വളരെ വളരെ സ്ഥാപിതതാൽപ്പര്യങ്ങൾ ഉണ്ടെന്നാണു് എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ആ പ്രദേശങ്ങളിൽ താമസിക്കുന്ന മലയാളിജനതയ്ക്കു ഭൂമി കൈവന്നുചേർന്നതു് ചരിത്രപരമായ കാരണങ്ങളാലും വിലകൊടുത്തും ഉണ്ടായിട്ടുള്ളതാണു്. ഇങ്ങനെ പല രീതിയിൽ ഭൂസ്വത്തുടമസ്ഥന്മാരായ മലയാളികൾക്കു് അവിടെത്തന്നെ പാർക്കാനും പ്രവർത്തിക്കാനും പ്രേരണ നൽകിയിരുന്നതു്. അക്കാലത്തു രാജ്യഭരണം നടത്തിയിരുന്ന രാജാവു വാണിരുന്നതു തെക്കൻതിരുവിതാംകൂറിലുള്ള ഒരു കൊട്ടാരത്തിൽ ആയിരുന്നതുകൊണ്ടാണു്. ഇന്നും ഈ രാജ്യം സന്ദർശിക്കുന്ന ആളുകൾക്കും ചരിത്രാന്വേഷണകുതുകികൾക്കും വളരെയധികം അത്ഭുതമുണ്ടാക്കുന്ന ഒരു ചരിത്രകൗതുകവസ്തുവാണു് പദ്മനാഭപുരം കൊട്ടാരം. ആ കൊട്ടാരത്തിൽ മഹാരാജാവു താമസിച്ചിരുന്നതിനു പുറമേ, സെക്രട്ടേറിയറ്റ്, പട്ടാളത്തെ സൂക്ഷിക്കുവാനുള്ള പൂർകൾ, രാജകീയക്ഷേത്രവും ആ ക്ഷേത്രത്തിൽ ഉത്സവം നടത്താനുള്ള ചട്ടവട്ടങ്ങളും, എല്ലാംതന്നെ ആ കെട്ടിടത്തിൽ ഒതുക്കി, ആ ഒരു കൊട്ടാരത്തിൽ ഇരുന്നുകൊണ്ടു് രാജ്യഭരണത്തിന്റെ എല്ലാ തുറകളിലും ശ്രദ്ധചെലുത്തത്തക്ക അത്ഭുതകരമായ ഒരു സംവിധാനമായിരുന്നു ഉണ്ടായിരുന്നതു്.

ആ കൊട്ടാരത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവു താമസിച്ചു് രാജ്യഭരണം നടത്തിയിരുന്ന കാലത്തു് ഈ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം, രാജ്യഭക്തി രാജഭക്തിയായി പരക്കെ വിശ്വസിക്കപ്പെട്ടിരുന്നു. മഹാരാജാവു തിരുവനന്തപുരത്തേക്കു താമസംമാറി തിരുവനന്തപുരം തലസ്ഥാനനഗരമായി രൂപാന്തരപ്പെട്ടപ്പോൾ തെക്കൻതിരുവിതാംകൂറിൽ താമസിച്ചിരുന്ന മലയാളികൾ തിരുവനന്തപുരത്തും തിരുവനന്തപുരത്തിനു വടക്കും താമസം മാറുകയുണ്ടായി. അവർ വിട്ടിട്ടു പോന്ന ഭൂമികളിൽ അവരുടെ ഉടമസ്ഥാവകാശം നിലനിൽക്കുവോളമെന്നു വിളവിറക്കാനും വിളവെടുക്കാനുമായി ആരുവാമൊഴിക്കപ്പുറത്തുനിന്നും പ്രയത്നശീലരായ തമിഴ്തൊഴിലാളികളെ ക്ഷണിക്കേണ്ടിവന്നു. അവർ

LIBRARY ARCHIVES Kerala Legislative Assembly

മണ്ണിനോട് ബന്ധംപുലത്തി, മണ്ണുമായി അലിഞ്ഞുചേർന്ന് അതുടെ പുരയിടമെന്ന നോക്കാതെ ആ മണ്ണിൽ വിളവുണ്ടാക്കി. ഭൂസ്വത്തുടമസ്ഥന്മാരായ ജന്മിമാർ കരുണപൂർവ്വം അവരെ നോക്കിയില്ലെന്ന മാത്രമല്ല, ഫ്യൂഡലിസ്റ്റിന്റെ സാമ്പത്തികക്രമത്തിന്റെ ഏറ്റവും ഭീഷിച്ചുരൂപത്തിൽ അവരോട് പെരുമാറി. സാമ്പത്തികമായ അധഃപതനവും ചൂഷണവും എന്തുതന്നെ ആയിരുന്നാലും മനുഷ്യപ്രകൃതത്തിന്റെ മനോഹരമായ ചില അദ്ധ്യായങ്ങളും ഫ്യൂഡലിസ്റ്റിനുള്ളവും എഴുതി ചേർത്തിട്ടുണ്ട്. തിരുവനന്തപുരംമുതൽ വടക്കോട്ട് പോകുമ്പോൾ ജന്മിയും കുടിയാനുമായി ഫ്യൂഡലിസ്റ്റിന്റെ സാമ്പത്തികസമ്പ്രദായം അതിന്റെ മൂർദ്ധന്യത്തിൽ നിന്നിരുന്ന കാലത്തുതന്നെ ഉണ്ടായിരുന്ന മനുഷ്യത്വപരമായ ബന്ധം തെക്കൻതിരുവിതാംകൂറിലുള്ള ജന്മിമാരും അവിടെ കൃഷി ചെയ്യുന്നവരുമായി ഉണ്ടായിരുന്നില്ലെന്നുള്ളതു് ഒരു വാസ്തവമാണ്. അവരുടെ ശബ്ദങ്ങളെല്ലാം വനരോദനങ്ങളായി പരിണമിക്കുന്ന ഒരന്തരീക്ഷത്തിൽ അവരുടെ മുന്നിലേക്കുവന്ന തമിഴ്നാട് കോൺഗ്രസ് പ്രസ്ഥാനത്തെ അവർ മുറുകെപ്പിടിച്ചു. എന്തുലക്ഷ്യത്തോടുകൂടി രൂപീകരിച്ചതായ രാഷ്ട്രീയ പാർട്ടി ആയിരുന്നാലും വേണ്ടില്ല, തമിഴ്നാടുകോൺഗ്രസ് ഒരു കൊടുംകാറ്റായി പടർന്നുപിടിച്ചു. തമിഴ് സംസാരിക്കുന്ന സഹോദരങ്ങളുമായി ചേർന്ന് ഒരു തമിഴ്മാകാണം ഉണ്ടാക്കുന്നതിലേക്ക് തമിഴ് നാട് കോൺഗ്രസ് നേതാക്കന്മാർ പറയാതെതന്നെ അവർ കുതിച്ചുചാടുകയുണ്ടായി. തമിഴ് സംസാരിക്കുന്ന ജനങ്ങളുമായി ഒത്തുചേർന്ന് ഭാഷാപരമായ അടിസ്ഥാനത്തിൽ ഒരു ഭരണസംവിധാനം ഉണ്ടാക്കണമെന്ന് തമിഴ് ജനതയുടെ ഹൃദയത്തിൽ ഉടലെടുത്തുവന്ന രാഷ്ട്രീയവികാരത്തിന്റെ തെളിവാണ് തമിഴ്പ്രദേശങ്ങളിലെ തമിഴ്ജനത തമിഴ്മാകാണവാദം നേതാക്കന്മാർ ശബ്ദിക്കുന്നതിനു മുമ്പുതന്നെ മുഴക്കിയതിൽ നാം കാണുന്നതു്.

തിരുവിതാംകൂർ തമിഴ്നാടുകോൺഗ്രസുകാർ സ്വാമികളെപ്പറ്റിയും ആത്മപത്രികളെപ്പറ്റിയും ഉദ്യോഗങ്ങളെപ്പറ്റിയും വാദം നടത്തുമ്പോൾ പനകയറിയും, പാതി പട്ടിണിയിലും ജീവിക്കുന്ന, ഉണ്ടെടത്തോളം വിദ്യാഭ്യാസം സിദ്ധിക്കാതെ അവശ വർഗ്ഗപ്പട്ടം മാത്രം പ്രാപ്തമായിട്ടുള്ള ഒരു ജനവിഭാഗം അവരുടെ മാതൃഭാഷയുടെ പേടസ്ഥാനത്തിൽ തമിഴ് നാട് തമിഴർക്ക് എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ട് അണിനിരന്നു. ആ മനുഷ്യാവകാശത്തെ നിഷേധിക്കാൻ ലോകത്തുള്ള ഒരു ശക്തിക്കും സാധിക്കുമെന്നു തോന്നുന്നില്ല. തമിഴ്നാടുകോൺഗ്രസ് നേതാക്കന്മാർക്കുതന്നെ സ്വാമികൾക്കു വേണ്ടിയോ; ആത്മപത്രികൾക്കുവേണ്ടിയോ, മദ്രാസ് നിയമസഭയിൽ പോയി വാദിച്ചാൽ അവർക്കു രക്ഷകിട്ടാൻ പോകുന്നു എന്നു് എനിക്ക് വിശ്വാസമില്ല. ഇന്നു രാജ്യത്തെയും മദ്രാസ്പ്രാവിൻസിലേയും ഭരണക്രമവും കണക്കുകളും നോക്കുമ്പോൾ ആ നിലയിൽ എന്തെങ്കിലും രക്ഷ അവർക്കുണ്ടാകുമെന്നു് കരുതേണ്ട കാര്യമില്ല. അതൊന്നും ഉണ്ടാകയില്ലെന്ന വിശ്വാസത്തോടുകൂടിയും കൂടുതൽ കരം കൊടുക്കേണ്ടിവരുമെന്നുള്ള ബോധത്തോടുകൂടിയും തമിഴ്നാട് തമിഴർക്ക് എന്ന വാദത്തിൽ ഉറച്ചുനിന്നു് എന്തുകഷ്ടനഷ്ടങ്ങളും ദുരിതങ്ങളും ഉണ്ടായാലും അതിനെ ബോധപൂർവ്വം സമീപിച്ചുകൊണ്ട് തങ്ങളുടേതായ ഒരു ഭരണക്രമം ഉണ്ടാക്കാൻ, അങ്ങേഅറ്റത്തെ ത്യാഗത്തിനു തയ്യാറാണെന്ന ബോധത്തോടുകൂടി, തമിഴ്നാട് മദ്രാസ് പ്രവിശ്യയിൽ ലയിക്കണമെന്നു് പറഞ്ഞു പോകയാണെങ്കിൽ ഞാൻ എന്റെ തമിഴ്നാട് സഹോദരന്മാരോടു് യോജിക്കുന്നു.

2/3950/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ബാലകൃഷ്ണൻ]

പക്ഷെ, അതോടുകൂടി, വിദേശശക്തികളുമായി എതിർത്തു്, അവ ക്കെതിരായി സംഘടിച്ചു പോരാട്ടം നടത്തിയ സൈന്യത്തിന്റെ നായക നായി ഒടുവിൽ വിദേശങ്ങളിൽ പോയി താമസിക്കേണ്ടിവന്ന നമ്മുടെ മഹാനേതാവായ ശ്രീ. സുബാഷ് ചന്ദ്രബോസ്, അദ്ദേഹത്തിന്റെ സൈന്യ ത്തിനു ആവേശം നൽകാൻവേണ്ടി, നമ്മുടെ മഹാനേതാക്കന്മാരെ സ്മരിച്ച ഒരു സന്ദർഭത്തിൽ, അദ്ദേഹം തയാറാക്കിയ ലിസ്റ്റിൽ ഒന്നാമതായി പൊന്തിവന്ന ശ്രീ. വേലുത്തമ്പിയുടെ ജന്മദേശം കൂടി നിങ്ങൾ നമ്മുടെ നാട്ടിൽനിന്നും മദ്രാസിലേക്കു കൊണ്ടുപോകുന്നുണ്ടു്. ഈ നാട്ടിൽ ശക്ത മായ ഒരു ഭരണക്രമം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു ഭരണസംവിധാന ത്തിന്റെ ആസ്ഥാനം ആയിരുന്ന ചില ഭാഗങ്ങൾ കൂടി—ചരിത്രാന്വേഷ കരായ പലർക്കും ആകർഷകവും അത്ഭുതകരവുമായ ചില സ്ഥലങ്ങൾ കൂടി— നിങ്ങൾ നിങ്ങളോടുകൂടി മദ്രാസ് പ്രവിശ്യയിലേയ്ക്കു കൊണ്ടുപോകുന്നുണ്ടു്. അതുപോലെ കംസൻ കല്ലിൽ അടിച്ചു കൊല്ലുന്നതിനുവേണ്ടി പൊക്കിയെ ടുത്ത കൊച്ചുകുഞ്ഞു് വഴുതിപ്പോയി, കന്യകയായിതീർന്ന കുമാരിയെ പ്രതി ഷ്ഠിച്ചിരിക്കുന്ന കന്യാകുമാരി മനോഹരമായ ശിലാരേഖകളും, കൊത്തു പണികളും കൊണ്ടു പ്രസിദ്ധമായിതീർന്നിട്ടുള്ള ശുചീന്ദ്രം, മുതലായി ഈ നാട്ടിലെ മതവിശ്വാസികളായ ജനങ്ങൾ പുണ്യസ്ഥലങ്ങളായി, പുണ്യ സ്നാനത്തിനും ദർശനത്തിനും മറ്റും ഉപയോഗിച്ചു വരുന്നതായ കുറെ ഏറെ സ്ഥലങ്ങൾ നിങ്ങൾ നിങ്ങളോടുകൂടി മദ്രാസിലേക്കു കൊണ്ടുപോക കയാണു്. പരമാർത്ഥത്തിൽ ചരിത്രാതീതകാലം മുതൽ ഇന്നുവരെയുള്ള ആ പ്രദേശങ്ങളുടെ കഥയെപ്പറ്റി നോക്കുമ്പോൾ, രഷ്ട്രീയമായ വികാര ങ്ങളെ അടക്കിവച്ചുകൊണ്ടു നോക്കുമ്പോൾ, ആദ്യമായും അവസാനമായും ഈ സ്ഥലങ്ങളും നമ്മുടെ സംസ്കാരവുമായി ഉള്ള ബന്ധത്തെപ്പറ്റി നോക്കുമ്പോൾ ആ സ്ഥലങ്ങൾ ഈ രാജ്യം വിട്ടുപോകുന്നതു നിർവ്വികാര മായി നോക്കിനിൽക്കാൻ സാദ്ധ്യമല്ല. പക്ഷെ, അവിടെ വികാരങ്ങൾ ചിന്തയ്ക്കു പിഴടേണ്ടിയിരിക്കുന്നു. തമിഴ് സംസാരിക്കുന്ന ജനങ്ങൾ നൂറാണ്ടുകളായി നിവസിക്കുന്ന തെക്കൻപ്രദേശങ്ങൾ തമിഴ്നാട്ടിൽ ലയിക്കാതെ തരമില്ല. എങ്ങനെയെങ്കിലും ഒരു ശല്യം ഒഴിഞ്ഞുപോകട്ടെ, ഒരു ഭാരിതം ഒഴിയട്ടെ എന്നുള്ള മനോഭാവത്തോടുകൂടിയല്ല ഞാൻ ഇതു പറയുന്നതു്. നാം എല്ലാവരും ഒന്നിച്ചു കഴിഞ്ഞുകൂടിയിട്ടുള്ളവരും, ഇനി യും ഒന്നിച്ചു കഴിയേണ്ടവരുമാണു്. എപ്പോഴും തമ്മിൽ സഹാർദ്ദ മായി സംസാരിക്കാനുള്ള ആളുകളാണു്. ഒരു നാട്ടിലെ ആളുകളാണു് എന്നുള്ള ബോധത്തോടുകൂടി വേണം നിങ്ങൾ പിരിഞ്ഞുപോകേണ്ടതു്. നിങ്ങളുടെ ഭാഷ സംസാരിക്കുന്ന ഒരു വലിയ വിഭാഗം ആളുകൾ ഞങ്ങ ളോടും ഞങ്ങളുടെ ഭാഷ സംസാരിക്കുന്ന ഒരു വിഭാഗം ആളുകൾ നിങ്ങ ളോടും ഒത്താശചെയ്തു് ഇരുരാജ്യത്തും ജീവിക്കാൻ പോകുകയാണു്. ഈ അവസരത്തിൽ നാം തമ്മിൽ മത്സരിച്ചു്, ഞാൻ നിന്നെ പടവെട്ടി ജയിച്ചു, നീ എന്നോടു പടവെട്ടി തോറ്റു എന്നുള്ള മനോഭാവത്തോടു കൂടി, ഭാഷാപരമായ അടിസ്ഥാനത്തിൽ മാത്രം അങ്ങോട്ടുമിങ്ങോട്ടും കൂടുതൽ കൂടുതൽ ആക്ഷേപിക്കാനും ചരിത്രത്തിൽ നിന്നും സൌകര്യമായ് അദ്ധ്യായങ്ങൾ ഉദ്ധരിച്ചുകൊണ്ടു് ഈ പ്രദേശങ്ങൾ മറ്റാരുടേയും വക യല്ലെന്നും, മറ്റാരുമല്ല ഭരിച്ചിരുന്നതെന്നും, ഞങ്ങളുടെ വക മാത്രമാണെ ന്നുംമറ്റുമുള്ള അവകാശവാദങ്ങളുമായി പിരിയാനും ശ്രമിക്കാതെ ഈ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ ഇങ്ങനെ പിരിയുന്നതു് ഒരു നല്ല കാര്യത്തിനാണെന്നും ഒരു നല്ല ദേവിക്കുവേണ്ടിയാണെന്നും ഉള്ള ബോധത്തോടുകൂടി പിരിയണം. ആ അടിസ്ഥാനത്തിൽ സൗഹാർദ്ദത്തോടുകൂടി നമുക്കു പിരിയാം. അങ്ങനെ പരസ്പരം സൌഹാർദ്ദമായി പിരിഞ്ഞാൽ ദക്ഷിണതിരുവിതാംകൂറിലെ തമിഴ്പ്രദേശങ്ങളിലും, കേരളസംസ്ഥാനത്തിലും നമുക്കു് സൗഹാർദ്ദമായിത്തന്നെ ജീവിക്കാൻ കഴിയും. ലോകത്തിൽ എവിടെയെങ്കിലും രണ്ടു ഭാഷകർ തമ്മിൽ അടുത്ത ബന്ധം ഉണ്ടെങ്കിൽ, അതു തമിഴും മലയാളവും ഭാഷകർക്കാണു്. ഇവിടെയുള്ള തമിഴ് സുഹൃത്തുക്കൾ നിയമസഭയിൽ തമിഴിൽ പ്രസംഗിച്ചാൽ എനിക്കും, ഞാനും എന്റെ മലയാളി സുഹൃത്തുക്കളും മലയാളത്തിൽ പ്രസംഗിച്ചാൽ എന്റെ തമിഴ്സ്നേഹിതന്മാക്കും നല്ലവണ്ണം മനസ്സിലാകത്തക്കവണ്ണമുള്ള ബന്ധമാണു് ഈ ഭാഷകർക്കുതമ്മിൽ ഉള്ളതു്. ഒരു പക്ഷേ മലയാളം സംസാരിക്കുന്ന ആളുകൾക്കു, മലയാളത്തിനെക്കാൾ നല്ലവണ്ണം തമിഴ മനസ്സിലാക്കാൻ കഴിയുമെന്നും വരും. ശ്രീ. കുഞ്ഞൻനാടാരെക്കാൾ നല്ലവണ്ണം തമിഴ് മനസ്സിലാക്കാൻ, തമിഴ് എഴുതാനും വായിക്കാനും എനിക്കുതന്നെ കഴിയും. നമ്മുടെ സംസ്ഥാനത്തെ ആളുകൾക്കു മലയാളവും തമിഴും സംസാരിക്കാനും എഴുതാനും വായിക്കാനും ഉള്ള സാഹചര്യമാണു ചരിത്രകാലം മുതൽക്കു് ഉണ്ടായിരുന്നതു്. നാം തമ്മിൽ പിരിയുമ്പോൾ മത്സരിക്കുകയും; പരസ്പരം ആക്ഷേപിക്കുകയും ചെയ്താൽ നമുക്കു് ഒരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടു യാതൊരു മത്സരബുദ്ധിയും കൂടാതെ, ദേശാഭിമാനബോധത്തിൽ അധിഷ്ഠിതമായ സൗഹാർദ്ദത്തോടുകൂടി പിരിഞ്ഞുപോകാൻ ഞാൻ എന്റെ തമിഴ് സ്നേഹിതന്മാരെ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ രാജ്യം, ചേര, ചോള, പാണ്ഡ്യരാജാക്കന്മാരുടെ മാത്രം ചരിത്രമല്ല. ചരിത്രത്തിലേക്കു കടന്നു നോക്കുകയാണെങ്കിൽ, അത്ഭുതകരമായ നേട്ടങ്ങൾ ഉണ്ടെന്നു അഭിമാനിക്കുന്ന ഒരു ജനതയെന്നുള്ള നിലയിൽ പരിശോധിക്കുകയാണെങ്കിൽ, തമിഴ് സുഹൃത്തുക്കളുടെയും, നമ്മുടെയും ചരിത്രം ചുഴിഞ്ഞു പരിശോധിക്കുകയാണെങ്കിൽ, ഇൻഡ്യയിലെ ദ്രുതകാലചരിത്രവും, നമ്മുടെ ചരിത്രവും, ഒന്നായിരുന്നുവെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. ശ്രീ. മുണ്ടശ്ശേരി ഇന്നലെ ഇവിടെ പ്രസ്താവിച്ചതുപോലെ, ലോകത്താകമാനം മതിക്കപ്പെട്ടുന്ന 'മോഹൻജോദരോ' സംസ്കാരം ദക്ഷിണേൻഡ്യയിൽ വളർന്നുവന്നിട്ടുണ്ടായിരുന്ന ദ്രാവിഡജനതയുടെ ദ്രുതകാല സംസ്കാരമായിരുന്നുവെന്നു എറെക്കുറെ ഖണ്ഡിതമായി ചില ചരിത്രാന്വേഷണകുതുകികളുടെ ഗവേഷണത്തിൽനിന്നും വ്യക്തമായി കഴിഞ്ഞിട്ടുണ്ടു്. ഈ വിവരം ഒരു സ്പാനിഷ് ഫാദർ ആയ ശ്രീ. ഹെറാസ് അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടു്. ഡ്രൈയിനേജ് മുടങ്ങിയ ചില ആധുനികപരിഷ്കാരങ്ങൾ 'മോഹൻജോദാരോ'യിൽ നിലനിന്നിരുന്നു. ചുട്ടെടുത്ത ഇഷ്ടികകൊണ്ടു കെട്ടിടങ്ങൾ നിർമ്മിക്കുക, സ്ത്രീകൾ ഇന്നു ധരിക്കുന്ന മാതിരിയുള്ള ആഭരണങ്ങൾ ഉപയോഗിക്കുക, റോഡുകളിൽ ഇഷ്ടികപോലെയുള്ള എതോ സാധനങ്ങൾ നിരത്തി ബലപ്പെടുത്തുക, മുതലായവ അന്നും ഉണ്ടായിരുന്നതായി കാണാം. അന്നു് ഒരു ഭരണക്രമവും, ഭരണാധികാരികളും ഉണ്ടായിരുന്നു. ഇതു ദ്രാവിഡസംസ്കാരമായിരുന്നുവെന്നു ഫാദർ ഹെറാസു വെറുതേ പറഞ്ഞതല്ല: ഇഷ്ടികകളുടെയും, ആഭരണങ്ങളുടെയും, ചരിത്രങ്ങളുടെയും, കല്ലുകളിൽ കൊത്തിയി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ബാലകൃഷ്ണൻ]

ട്ടുള്ള അക്ഷരങ്ങളുടെയും സൂക്ഷ്മപരിശോധനയിൽ, ആ രേഖകൾ മനസ്സിലാക്കാൻ കഴിവുള്ള ശബ്ദശാസ്ത്രവിദഗ്ദ്ധന്മാരെ ഒന്നിച്ചു ചേർത്തു നടത്തിയ ഗവേഷണഫലമായി കണ്ടുപിടിച്ചതാണ് ആ സംസ്കാരം ദ്രാവിഡസംസ്കാരമായിരുന്നുവെന്ന്. അന്നു പ്രയോഗത്തിലിരുന്ന ഭാഷകളുമായി ഏറ്റവും താദാത്മ്യമുള്ളതു് മലയാളം, തമിഴ്, കന്നഡം, തെലുങ്ക് എന്നീ ഭാഷകൾക്കാണെന്നും, മീനാട്ട്, ഇടനാട്ട്, മരംകൊത്തിനാട്ട് എന്നിങ്ങനെ മൂന്നായി ആ നാട്ടിനെ ഒരു തിരിച്ചിരുന്നുവെന്നും ആദ്ദേഹത്തിന്റെ പുസ്തകത്തിൽ കാണുന്നു. സർ, ഞാൻ ഈ വക കാര്യങ്ങൾ സംസാരിക്കുമ്പോൾ, ഞാൻ എസ്സ്. ആർ. സി. റിപ്പോർട്ടിൽനിന്നും അകന്നുപോകുന്നുവെന്ന എനിക്കറിയാം. മൈസൂർ ആർക്കിയോളജിക്കൽ സംസ്കാരത്തെയും അപേക്ഷിച്ചു കൂടുതൽ പുരാതനമായ ഈ സംസ്കാരം 'ഇൻഡ്യയെ കണ്ടെത്തൽ' എന്ന നെഹ്രുവിന്റെ പുസ്തകത്തിൽ പലഭാഗത്തും രോമാഞ്ചകഞ്ചുകിതനായി അദ്ദേഹം സ്മരിക്കുന്ന ഈ സംസ്കാരം, നമ്മുടെ വകയാണെന്നുള്ള ബോധത്തോടുകൂടി തമിഴും, മലയാളവും, കന്നഡവും, തെലുങ്കും സംസാരിക്കുന്ന സുഹൃത്തുക്കളോടായ് രുന്ന എന്ന ബോധത്തോടുകൂടി, അയ്യായിരത്തിലധികം വർഷങ്ങളായി വളർന്നുവന്നിട്ടുള്ള ഒരു സംസ്കാരമാണ് നമുക്കുള്ളതെന്ന ബോധത്തോടുകൂടി, നമ്മുടെ ഇടയിൽ ചില അതിർത്തികൾ നിർണ്ണയിക്കേണ്ടിവന്നു നാം തമ്മിൽ കൂടുതൽ അകലാനല്ല, കൂടുതൽ അടുക്കുവാനാണെന്നുള്ള ബോധത്തോടുകൂടി വേണം ഈ പ്രശ്നത്തെ സമീപിക്കേണ്ടതെന്നും അപ്രകാരം ഒരു പുതിയ സൗഹാർദ്ദബന്ധം പുലർത്തണമെന്നും എന്റെ തമിഴ്നാട്ട സ്നേഹിതന്മാരോട് ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, ഒരു കാര്യം കൂടി പ്രസ്താവിച്ചുകൊണ്ട് ഞാൻ ഈ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. കേരളസംസ്ഥാനം രൂപപ്പെട്ടുവന്നുവോൾ അതു വളരെ പിന്നോക്കം നിൽക്കുമെന്നും സാമ്പത്തികമായി വിഷമിക്കുമെന്നും ചില ആരോപണങ്ങൾ ഉണ്ട്. അതു ശരിയല്ലെന്നു കണക്കുകൾ കൊണ്ടു കാണാം. സർ, ആവശ്യമായ വിവരങ്ങൾ എന്റെ കൈവശമുണ്ട്. സമയപരിമിതിക്കൊണ്ട് ഞാൻ ആ രംഗത്തേക്കു കടക്കുന്നില്ല.

സർ, വരാൻപോകുന്ന കേരളത്തിൽ ദക്ഷിണതിരുവിതാംകൂറിലെ നാലുതാലൂക്കുകൾ പോകുന്നതോടൊപ്പം തന്നെ, അതിനെപ്പറ്റി ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. കുഞ്ഞൻനാടാർ, മനുഷ്യത്തത്തോടുകൂടി ഈ പ്രശ്നത്തെ സമീപിക്കണമെന്നു ഇവിടെ പറയുകയുണ്ടായി, അദ്ദേഹം ചില മർദ്ദനങ്ങളുടേയും, ചില ബലാൽസംഗങ്ങളുടേയും കഥകൾ പറയുകയുണ്ടായി. നെയ്യാറിൻ കരയ്ക്ക് അപ്പുറമുള്ള മർദ്ദനങ്ങളെയും ബലാൽസംഗങ്ങളെയും പറ്റി മാത്രമേ അദ്ദേഹം പറഞ്ഞുള്ളൂ. തമിഴ്നാട്ടിൽ മാത്രമല്ല മർദ്ദനം നടന്നതു്. മലയാളി മന്ത്രിമാർ കൂടുതൽ വൈരാഗ്യത്തോടെ മലയാളികളെ മർദ്ദിച്ചിട്ടുണ്ട്. ഞങ്ങൾ അനുഭവിച്ചതിലും മർദ്ദനങ്ങളും മറ്റും തമിഴ്നാട്ടുകാർക്ക് അനുഭവിക്കേണ്ടിവന്നിട്ടില്ലെന്നതന്നെ പറയാം. ഞങ്ങളിൽ പലരും ലാക്കപ്പിൽ കിടന്നു് അടി കൊണ്ടിട്ടുള്ളവരാണ്. അന്നു ലാക്കപ്പിലിട്ടു തല്ലിച്ചതച്ച കാര്യങ്ങളെപ്പറ്റി ഇവിടെ പരാമർശനമുണ്ടായ അവസരത്തിൽ അതിനനുകൂലമായി, മരണക്കിടക്കയിലായിരുന്നുവോണ്ടി കൈപൊക്കിയിട്ടുള്ള ശ്രീ. കുഞ്ഞൻനാടാരാണ് ഇപ്പോൾ മനുഷ്യത്വത്തെപ്പറ്റി ഗിരിപ്രസംഗം നടത്തുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കുഞ്ഞൻനാടാർ : മറിച്ചും നടന്നിട്ടില്ലേ?

ശ്രീ. കെ. ബാലകൃഷ്ണൻ : മി. കുഞ്ഞൻനാടാർ കൂടുതൽ ചോദിക്കാതിരിക്കുകയാണു ഭേദം. മർദ്ദനത്തെപ്പറ്റി ഇന്നു് ആവേശപൂർവ്വം പ്രസംഗിക്കുന്ന ശ്രീ. കുഞ്ഞൻനാടാർ, ഒരു മനുഷ്യനെ ഇവിടെവച്ചു് ചവുട്ടിതേച്ചു കാര്യം പറഞ്ഞപ്പോൾ, അതിനകത്തു ഫലിതം തേടി ചോല്യം ചോദിച്ച ആളാണു്. ഞങ്ങൾ എക്കാലത്തും എല്ലാവിധ മർദ്ദനങ്ങളേയും എതിർത്തിട്ടുള്ളവരാണു്. തമിഴ്നാട്ടിൽ നടന്ന മർദ്ദനങ്ങളെയും ശക്തിയായിത്തന്നെ എതിർത്തിട്ടുണ്ടു്.

ശ്രീ. കുഞ്ഞൻനാടാർ : ഒരു ചോദ്യം.

ശ്രീ. കെ. ബാലകൃഷ്ണൻ : ഈ കാര്യത്തിൽ എനിക്കു് ശ്രീ. കുഞ്ഞൻനാടാരുടെ ചോദ്യത്തിൽനിന്നും ഒരു വിജ്ഞാനവും സ്വീകരിക്കാനില്ല. സർ, ദേവികുളവും, പീരുമേട്ടും മദ്രാസു് പ്രവിശ്യയിൽ ലയിക്കേണ്ടതുണ്ടെന്നു മദ്രാസു് മന്ത്രി ശ്രീ. സുബ്രഹ്മണ്യം ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. 1800 മുതലുള്ള സെൻസസു് റിപ്പോർട്ടു വച്ചുകൊണ്ടാണു ഈ താലൂക്കുകളെല്ലാം മദ്രാസിൽതന്നെ ലയിക്കേണ്ടതാണെന്ന വാദം പുറപ്പെടുവിക്കുന്നതു്. എന്നാൽ എസ്. ആർ. സി. റിപ്പോർട്ടിനകത്തു ഈ പ്രദേശങ്ങളും കേരളത്തിൽതന്നെ ഉൾപ്പെടുന്നതാണെന്നുമുണ്ടു്.

ഈ പ്രശ്നം സമഗ്രമായി അപഗ്രഥിച്ചു, എസ്സു്. ആർ. സി. ചർച്ച ചെയ്തിട്ടുള്ളതാണു്. അതിനപ്പുറം ഒരു വാദം ആവശ്യമില്ല. ആ പ്രദേശവുമായി ബന്ധമുള്ളവരിൽ ഭൂരിഭാഗവും തമിഴരല്ല. ഒഴുകിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾ, അവിടം തമിഴനാട്ടിൽ ലയിച്ചാൽതന്നെ അതു ജന്മദേശമാക്കാൻ പോകുന്നില്ല.

ഒരു കാര്യം എനിക്കു പറയാനുണ്ടു്; ഭരണകൂടത്തോടു്. ദേവികുളവും പീരുമേട്ടും താലൂക്കുകൾ മദ്രാസിൽ ഉൾപ്പെടുത്തുമെന്നുള്ള പ്രതീക്ഷയിന്മേൽ, മദ്രാസു് ഗവണ്മെൻറ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ചില ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതായി പത്രങ്ങളിൽനിന്നും കാണാനിടയായി. ഈ താലൂക്കുകൾ സംബന്ധിച്ചു അവർ ഒരു ശക്തിയായ നിലപാടു സ്വീകരിച്ചിട്ടുണ്ടെന്നും, ഇതിലേക്കു ഹൈപവ്വർ കമ്മീഷനെ സമീപിച്ചിട്ടുണ്ടെന്നും അറിയുന്നുണ്ടു്. വിചിത്രവും നിർഭാഗ്യകരവുമായ ഒരു കാര്യമുണ്ടു്. പി. ടി. ഐ. റിപ്പോർട്ടുകളിൽനിന്നും, പത്രങ്ങളിൽനിന്നും വായിക്കാൻ കഴിഞ്ഞിട്ടുള്ളതു് എസ്സു്. ആർ. സി. റിപ്പോർട്ടിൽ ദേവികുളവും, പീരുമേട്ടും താലൂക്കുകളെ സംബന്ധിച്ചു കാര്യം ഹൈപവ്വർ കമ്മീഷന്റെ തീരുമാനത്തിനു വിട്ടുകൊടുത്തിരിക്കുന്നതായിട്ടാണു്. നമ്മുടെ പ്രതിനിധികൾ അവിടെ പോയിട്ടു മടങ്ങിവന്നവർ പറഞ്ഞതു്, ദേവികുളവും പീരുമേട്ടും താലൂക്കുകൾ വിട്ടുകൊടുക്കുന്നതിനെപ്പറ്റി ചർച്ചയൊന്നും ഉണ്ടായില്ല. ദക്ഷിണതിരുവിതാംകൂറിലെ താലൂക്കുകൾകൂടി കേരളത്തിൽ വിട്ടുകിട്ടുന്ന കാര്യത്തെപ്പറ്റിയുള്ള തർക്കമായിരുന്നു അവിടെ നടന്നതെന്നാണു്. ഇന്നത്തെ ഇൻഡ്യയുടെ ഭരണരീതിയെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സു് വർക്കിംഗ് കമ്മിറ്റിയുടെ വിധി അവസാനതീരുമാനമായിരിക്കുമെന്നുള്ളതുകൊണ്ടു കമ്മിറ്റിയുടെ തീരുമാനം നടപ്പിൽ വരികതന്നെ ചെയ്യും. കഴിഞ്ഞ ആഴ്ചയിൽ ശ്രീ. ധേബാർ മദ്രാസു് സന്ദർശിച്ച അവസരത്തിൽ പത്രപ്രതിനിധികൾ ചോദിച്ച ചോദ്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ബാലകൃഷ്ണൻ]

ത്തിനു് ദേവികുളവും പീരുമേട്ടും താലൂക്കുകളെപ്പറ്റിയുള്ള അവസാന തീരുമാനം ചെയ്യാനായി ഫൈപവ്വർ കമ്മീഷൻകൂടി ആലോചിക്കുമെന്നും ആ അവസരത്തിൽ തിരുവിതാംകൂർ—കൊച്ചിയിലേയും മദ്രാസിലേയും പ്രതിനിധികളെകൂടി വിളിക്കുമെന്നുമാണു് മറുപടി പറഞ്ഞതു്. തെക്കൻ താലൂക്കുകളുടെ കാര്യം അദ്ദേഹം പറഞ്ഞില്ല. മുഖ്യമന്ത്രി സഭയിൽ പറഞ്ഞതു് ശരിയായിരിക്കാം. അദ്ദേഹവുമായി പല കാര്യങ്ങളിലും അഭിപ്രായഭിന്നതയും വിയോജിപ്പും ഉണ്ടെങ്കിലും, ഈ കാര്യത്തിൽ ഞങ്ങൾ അദ്ദേഹത്തോടു യോജിക്കുകയാണു്. ദേവികുളവും പീരുമേട്ടും താലൂക്കുകൾ വിട്ടുകൊടുക്കുന്നതു നമ്മുടെ നാട്ടിന്റെ കരൾ പറിച്ചെടുക്കുന്നതുപോലെയാണു്. ആ താലൂക്കുകൾ മദ്രാസ് പ്രവിശ്യയോടു ചേർക്കാൻ പാടില്ലെന്നു പറഞ്ഞു്, തന്ത്രപരമായ ഞാണിന്മേൽ കളിയും, കസർത്തും നടത്തി, രാജ്യത്തെ ജനങ്ങളെ കബളിപ്പിക്കാതെ, ജൂഡ്യാവഹമായ ശുദ്ധാലോചനകൾ നടത്തി ഈ ഭാഗങ്ങൾ വിട്ടുകൊടുക്കേണ്ട ഒരു സാഹചര്യം സൃഷ്ടിക്കുകയാണെങ്കിൽ അതിനെ ശക്തിയായി എതിർക്കാൻ ഈ മണ്ണിൽ തന്നെ ആളുകൾ ഉണ്ടെന്നുള്ള കാര്യം മനസ്സിലാക്കി, ഇക്കാര്യത്തിലുള്ള അഭിപ്രായം തുറന്നുപറഞ്ഞു്, ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ടു അവരുടെ പിൻതുണയോടുകൂടി ആവശ്യമായ നടപടികൾ എടുക്കണമെന്നാണു് വളരെ ആവേശത്തോടും ഹൃദയോദ്ദീപനയോടും കൂടി അറിയിക്കാനുള്ളതു്. ഞാൻ ഇതു പറയാനുള്ള കാരണം, എസ്സ്. ആർ. സി. റിപ്പോർട്ട് ഈ സഭയിൽ ചർച്ചചെയ്യണമെന്ന ആവശ്യപ്പെടുന്ന ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊണ്ടു മുഖ്യമന്ത്രി, കേവലം ഒരു നിർവികാര ബ്രഹ്മംപോലെ പെരുമാറിയതുകൊണ്ടാണു്. സ്പീക്കർ സർലണ്ടിലെ, പോളണ്ടിലെ നടക്കുന്ന ഒരു സംഭവം പോലെ തോന്നത്തക്കവിധത്തിലും, വരാൻപോകുന്ന കേരളസംസ്ഥാനത്തെ ഒരു പുരയിടത്തിന്റെ പുറത്തു് ഒരു വക്കാലത്തുപിടിച്ചുകൊണ്ടു വക്കീൽ വാദിക്കുന്നതുപോലെയും, ആയിരുന്നു അദ്ദേഹത്തിന്റെ നില. അപ്രധാനമായ ഒരു കമ്മ്യൂണിസ്റ്റ് ലഘുലേഖയെപ്പറ്റി ഈ നിയമസഭയിൽ പ്രസംഗിച്ചാൽ, മദ്രാസ് നിയമസഭയിൽ കേൾക്കത്തക്കവിധം ശബ്ദമുയർത്തുന്ന മുഖ്യമന്ത്രി, ഈ നിർവികാരഭാവം ഉപേക്ഷിച്ചു വികാരാവേശത്തോടുകൂടി കേരളസംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ നിലകൊള്ളണമെന്നു ഞാൻ അപേക്ഷിക്കുന്നു. എല്ലാവിധ സഹായസഹകരണങ്ങളും അക്കാര്യത്തിൽ ഞാൻ വാഗ്ദാനം ചെയ്യുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, സംസ്ഥാനപുനഃസംഘടനാ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി പല ഭാഗത്തുനിന്നും അഭിപ്രായങ്ങൾ വന്നുകഴിഞ്ഞു. ഭാഷാപരമായ കാര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള പരാമർശങ്ങളാണു ഇവിടെ പ്രധാനമായും നടന്നുകണ്ടതു്. കേരളത്തിന്റെ കാര്യത്തിൽ മാത്രമല്ല, മദിരാശി സംസ്ഥാനത്തിന്റെയും, മറ്റു സംസ്ഥാനങ്ങളുടെയും, കാര്യം പരിശോധിക്കുകയാണെങ്കിൽ ഈ കാര്യത്തിനാണു കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതെന്നു കാണാം. ഇവിടെ ഇന്നു തീർക്കവിഷയമായിട്ടുള്ളതു ചില താലൂക്കുകൾ കേരളസംസ്ഥാനത്തോടു ചേർക്കുകയും, ചിലതു വിട്ടുകൊടുക്കുകയും ചെയ്യുന്ന കാര്യമാണു്. കേരളസംസ്ഥാനവും, മദിരാശി സംസ്ഥാനവും, കർണ്ണാടകസംസ്ഥാനവും ഇത്തരം ഓരോരോ പ്രശ്നങ്ങളാണു് കൈകാര്യം ചെയ്യുന്നതു്. മദ്രാസ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തു ഏതെല്ലാം താലൂക്കുകൾ കൂട്ടിച്ചേർക്കണം, കേരളസംസ്ഥാനത്തു് ഏതെല്ലാം ഉൾപ്പെടുത്തണം എന്ന ഒരു വാദഗതി മാത്രമാണു ഇപ്പോൾ നമ്മെ സംബന്ധിച്ചിടത്തോളം ചിന്താവിഷയമായിട്ടുള്ളതു്. കേരളത്തിൽ തെക്കൻതാലൂക്കുകൾ നാലും ഉൾപ്പെടുത്തണമെന്നും, ചെങ്കോട്ടകൂടി ഉൾക്കൊള്ളിക്കണമെന്നും ഒരഭിപ്രായമാണുള്ളതു്. എന്നാൽ മറുഭാഗത്തു ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതുകൂടാതെ ദേവികുളം പീരുമേടു താലൂക്കുകൾകൂടി മദിരാശിയിൽ ചേർക്കേണ്ടതാണെന്നാണു അഭിപ്രായഗതി. ഈ വിഷയത്തിൽ ഇവിടെ രാഷ്ട്രീയപാർട്ടികളുടെയും, വ്യക്തികളുടെയും അഭിപ്രായഭേദം ഉണ്ടായിട്ടുണ്ടു്. എന്റെ കാര്യം പറയുകയാണെങ്കിൽ, രാഷ്ട്രീയപാർട്ടിയുടെ നിലയിലല്ല സ്വന്തമായ ഒരു അഭിപ്രായമാണു് ഇതു സംബന്ധിച്ചു എനിക്കു പറയാനുള്ളതു്. തെക്കൻ താലൂക്കുകളെ സംബന്ധിച്ചു ശ്രീ. കുഞ്ഞൻനാടാരും മറ്റും പറഞ്ഞ അഭിപ്രായമാണു് എനിക്കുള്ളതു്. ആ താലൂക്കുകൾ വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം എനിക്കു അനുകൂലമായ അഭിപ്രായമാണുള്ളതു്. ഇന്നു ഇൻഡ്യൻ ഭരണം നടക്കുന്നതു ജനാധിപത്യ മര്യാദയനുസരിച്ചാണു്. ഒരു ജനതയുടെ അഭിലാഷം, ചിരകാലമായ അഭിലാഷം ആദരിച്ചു് രാഷ്ട്രപരമായ പ്രവിശ്യകൾ രൂപപ്പെടുത്തുന്ന ഈയവസരത്തിൽ, ഒരു പ്രദേശത്തെ സംബന്ധിച്ചു അവിടത്തെ ഭൂരിപക്ഷം ജനങ്ങളുടെ അഭിലാഷത്തെ മാനിക്കാതിരിക്കുന്നതു ഒട്ടും അഭിലഷണീയമല്ല. കമ്മിഷൻ റിപ്പോർട്ടിൽ ഇതുസംബന്ധിച്ചു വിവരം വ്യക്തമായി രേഖപ്പെടുത്തിയതിനുശേഷം ഇപ്പോൾ അതു അവരുടെ അഭിലാഷത്തെ ആദരിക്കാതെ മാറ്റാൻ ആവശ്യപ്പെടുന്നതു ശരിയാണെന്നു എനിക്കഭിപ്രായമില്ല. എന്നാൽ, അതു തീരുമാനിക്കേണ്ടതു കഴിഞ്ഞ തിരഞ്ഞെടുപ്പുകളുടെമാത്രം ഫലം അടിസ്ഥാനമാക്കിയായിരിക്കണമോ എന്നുള്ളതും പരിശോധിക്കേണ്ടതാണു്. ദേവികുളം പീരുമേടു താലൂക്കുകളുടെ കാര്യമാണെങ്കിൽ തിരഞ്ഞെടുപ്പുമൂലം അതു ഒരു തമിഴ് ഭൂരിപക്ഷപ്രദേശമാണെന്നു വിധിയെഴുതാൻ നിർവ്വാഹമില്ലാതെയാണിരിക്കുന്നതു്. തെക്കൻ താലൂക്കുകളെ സംബന്ധിച്ചിടത്തോളം തിരഞ്ഞെടുപ്പുഫലംകൊണ്ടു് ഏതാണ്ടു് അവർ ഉന്നയിക്കുന്ന വാദങ്ങൾ ശരിയാണെന്നു പറയാം. ചിറയിൻകീഴ് താലൂക്കിലെ കാര്യമാണെങ്കിൽ അവിടെ തമിഴനാടു കോൺഗ്രസ്സിനു കെട്ടിവച്ച പണം പോലും നഷ്ടപ്പെടുകയായിരുന്നു. ഇതെല്ലാംവച്ചു നോക്കുമ്പോൾ തെക്കൻ താലൂക്കുകളുടെ കാര്യം അവർ ആവശ്യപ്പെടുന്ന വാദങ്ങൾ കൊണ്ടുതന്നെ ന്യായീകരിക്കാവുന്നതാണെന്നു കാണാം. ആ താലൂക്കുകൾ അവർക്കു തീർച്ചയായും വിട്ടുകൊടുക്കേണ്ടതുതന്നെയാണു്. തമിഴ് സംസാരിക്കുന്നവരുടെ ഭൂരിപക്ഷം അടിസ്ഥാനമാക്കി താലൂക്കുകൾ വിട്ടുകൊടുക്കുകയും, കൂട്ടിച്ചേർക്കുകയും ചെയ്യുമ്പോൾ അതിനെല്ലാം ഉപരിയായി തിരഞ്ഞെടുപ്പിന്റെ കാര്യംകൂടി പരിഗണിക്കണമെന്നാണു് പറയാനുള്ളതു്. ഏതായാലും തിരഞ്ഞെടുപ്പുമൂലവും മറ്റു കാരണങ്ങളാലും ഒരു തമിഴ്പ്രദേശമെന്നു വ്യക്തമായിക്കഴിഞ്ഞിട്ടുള്ള തെക്കൻ താലൂക്കുകൾ വിട്ടുകൊടുക്കുന്ന കാര്യത്തിൽ ഇനി എതിരഭിപ്രായമുണ്ടാകേണ്ട ആവശ്യമില്ലാത്തതാണു. അഥവാ അങ്ങനെ ആ പ്രദേശങ്ങൾ കേരളസംസ്ഥാനത്തിനോടു ചേരണമെന്നുണ്ടെങ്കിൽ, അവിടത്തെ ജനങ്ങളും, ജനപ്രതിനിധികളും കഴിഞ്ഞ കാര്യങ്ങൾ എല്ലാം മറന്നു്, ആ താലൂക്കുകൾ കേരളസംസ്ഥാനത്തോടു ചേരുന്നതായിരിക്കും കൂടുതൽ നല്ലതെന്ന ഉത്തമ ബോദ്ധ്യത്തോടുകൂടി അവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ശിവരാമഭാരതി]

രുടേതായ ഒരാവശ്യമെന്ന നിലയിൽ ഈ കായ്ം കൈകായ്ം ചെയ്യണം. അതു ഉണ്ടാകരുതെന്നു എനിക്കു വിചാരമില്ല. അതു് തീരുമാനിക്കേണ്ടതു തമിഴ്നാട്ടു സ്നേഹിതന്മാരായ മെംബറന്മാരും അവിടത്തെ ജനതയുമാണു്. അവർ അങ്ങനെ ചെയ്യാൽ അതു കൂടുതൽ സ്വാഗതാർഹമായിരിക്കും. ഒരുപക്ഷേ, നാം എല്ലാംകൂടി അങ്ങനെ അഭ്യർത്ഥിച്ചാൽ അവർ അതിനു തയ്യാറാകുമെന്നും, അങ്ങനെയാണെങ്കിൽ പുതിയ കേരളത്തിൽ തെക്കൻ താലൂക്കുകളും കൂടി ഉൾപ്പെടുത്താൻ സാധിക്കുമെന്നും, അതിനു ബഹുമാനപ്പെട്ട തമിഴ്നാട്ടു മെംബറന്മാർ കായ്മായി ചിന്തിക്കണമെന്നും എനിക്കഭിപ്രായമുണ്ടു്.

തെക്കൻതാലൂക്കുകൾ തൊട്ടടുത്തുള്ള മദ്രാസിനോടു ചേർക്കുന്നതുകൊണ്ടു ഒരു തമിഴ്നാടു് സംസ്ഥാനം ഉണ്ടാകുമെന്നല്ലാതെ അവയ്ക്കു സാമ്പത്തികമായോ, സാംസ്കാരികമായോ വിശേഷവിധിയായി ഉടനടി ഒന്നും നേടാൻ സാധിക്കുകയില്ല. മാത്രമല്ല, താരതമ്യേന കൂടുതൽ വികസനപരമായ നേട്ടങ്ങൾ കിട്ടിക്കഴിഞ്ഞിരിക്കുന്ന തെക്കൻ താലൂക്കുകൾ മദ്രാസിൽ ലയിച്ചാൽ കുറേക്കാലത്തേയ്ക്കു അവയ്ക്കു പുതിയ പദ്ധതികളും, കൂടുതലായ ആസൂത്രികളും, സ്കൂളുകൾ മുതലായ സ്ഥാപനങ്ങളും ഉണ്ടാകാനുള്ള സാദ്ധ്യതയും ഇല്ലാതാകാനാണു് ഇടയുള്ളതു്. കേരളസംസ്ഥാനത്തു ചേർന്നുനിന്നാൽ ഇനിയും അവയ്ക്കു ആവശ്യങ്ങളും, നിവേദനങ്ങളുമായി പലതും നേടാൻ അവസരം ലഭിക്കുന്നതായിരിക്കും. ഒരു തമിഴ് സംസ്ഥാനത്തിനുവേണ്ടി ഇതുവരെ പല പ്രക്ഷോഭണങ്ങളും ബഹളങ്ങളും നടത്തി, ഒടുവിൽ അതിനു അനുമതിയും ലഭിച്ചതിനുശേഷം ഇങ്ങനെയൊരു തീരുമാനം എടുക്കുന്നതു ശരിയാണോ എന്നു അവയ്ക്കു ഒരു ആശങ്ക തോന്നിയേക്കാം. പ്രായോഗികമായ വസ്തുതകൾ പലതുംവച്ചു നോക്കുമ്പോൾ അവയ്ക്കു ഇങ്ങനെ ധീരമായ ഒരു നടപടി സ്വീകരിക്കുന്നതു കൂടുതൽ നന്നായിരിക്കുമെന്നാണു എന്റെ അഭിപ്രായം. കേരളത്തിലാണെങ്കിൽ, തലസ്ഥാനനഗരവുമായി വളരെ സാമീപ്യമുള്ള തെക്കൻ താലൂക്കുകൾക്കു എന്തു കായ്വും വളരെ കാലതാമസവും, പണച്ചെലവും കൂടാതെ സാധിക്കാനുള്ള സൗകര്യങ്ങളും സൗകര്യങ്ങളുമാണുള്ളതു്. നേരെമറിച്ചു മദ്രാസിലായാൽ പറക്കുകമാത്രം പോയി സാധിക്കാവുന്ന കായ്ങ്ങൾ മാത്രം വളരെ ക്ലേശിച്ചു സാധിക്കുമെന്നുമാത്രം. സാധാരണക്കാരുടെ ആവശ്യങ്ങളും പ്രശ്നങ്ങളുമാണു് കൂടുതൽ വിലമതിക്കപ്പെടേണ്ടതെങ്കിൽ, അതു സാധിക്കുന്നതിനു കേരളസംസ്ഥാനത്തോടു ചേർന്നു നിൽക്കുന്നതായിരിക്കും നല്ലതെന്നു എനിക്കു വിനീതമായ ഒരഭ്യർത്ഥനയുണ്ടു്. തെക്കൻ താലൂക്കുകൾ കേരളത്തിൽതന്നെ ഉൾപ്പെട്ടുന്ന കായ്ം അവർ വളരെ കായ്മായി തന്നു പുനരാലോചിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. പക്ഷേ തമിഴ്നാടു സഹോദരന്മാർ കേരളത്തിൽ ഉൾപ്പെട്ടു നിൽക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അവരെ വിട്ടുകൊണ്ടുള്ള ഒരു കേരളം തന്നെയായിരിക്കണം വേണ്ടതു് എന്നും ഞാൻ ആഗ്രഹിക്കുന്നു.

ദേവികുളത്തേയും പീരുമേടിനേയും സംബന്ധിച്ചിടത്തോളം ഒന്നു രണ്ടു വാക്കുകൂടി പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഈ താലൂക്കുകളിലെ ഭൂരിപക്ഷം ആളുകളും തമിഴ് സംസാരിക്കുന്നവർ ആയിരിക്കാം. പക്ഷേ, ഇവിടെ മറ്റു ചില സ്നേഹിതന്മാർ പറഞ്ഞതുപോലെ അവിടെയുള്ളവർ പുറമെനിന്നു വന്നവരാണു്. അവർ അവരുടെ സ്വന്തനിലയിൽ ഈ താലൂക്കുകൾ അവകാശപ്പെടാൻ ന്യായമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വംഭരൻ : കഴിഞ്ഞ രണ്ടു തെരഞ്ഞെടുപ്പുകളിലും തമിഴ്നാട് മെമ്പറന്മാർക്കാണ് വിജയം ലഭിച്ചതെന്നറിയാമോ?

ശ്രീ. കെ. എ. ശിവരാമഭാരതി : കഴിഞ്ഞ തെരഞ്ഞെടുപ്പിന് അവർക്ക് വിജയം ലഭിച്ചു എന്നറിയാം. രണ്ടു തെരഞ്ഞെടുപ്പുകൾക്കും കിട്ടിയോ എന്ന നിശ്ചയമില്ല. പക്ഷെ, തെരഞ്ഞെടുപ്പിലെ വിജയം കൊണ്ട് ഞാൻ പറഞ്ഞ വസ്തുത തെറ്റാക്കണമെന്നില്ല.

സർ, അവിടെ ഉള്ളവരിൽ അധികംപേരും പുറമെനന്നു വന്നവരാണെന്നു ഞാൻ പറഞ്ഞതല്ലൊ. അവരുടെ ശരിയായ താല്പര്യം എവിടെയാണ് ഉൾക്കൊള്ളുന്നതെന്നു മനസ്സിലാക്കിവേണം അവരുടെ കാര്യത്തെപ്പറ്റി ഒരു തീരുമാനം ചെയ്യുവാൻ. ഇൻഡ്യയെ നമ്മിൽനിന്നും ഭിന്നമായി കാണുവാൻ നാമാരും ആഗ്രഹിക്കുന്നില്ല. ഏതൊരു ഭാഗം കേരളത്തിൽനിന്നു മദ്രാസിലേയ്ക്കോ, അഥവാ മദ്രാസിൽനിന്നു കേരളത്തിലേയ്ക്കോ വിഭജിക്കപ്പെട്ടാലും അതു് ഇൻഡ്യയാണെന്നു് നമുക്കറിയാം. അതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യ ഒട്ടാകെ ഒരു സംസ്ഥാനപുനർവിഭജനം നടത്തുമ്പോൾ അതിലേതെങ്കിലും ഒരു ഭാഗത്തിനു് മറ്റൊരു ഭാഗത്തെ അപേക്ഷിച്ചു് ഭരണപരമായോ, സാമ്പത്തികമായോ ഉച്ചനീചത്വം ഉണ്ടായിക്കൂടാ. അതുകൊണ്ടു് കേരളാസ്റ്റേറ്റ് വളരെ കുറച്ചു വരുമാനമുള്ള ഒരു സ്റ്റേറ്റായിട്ടും, മദ്രാസ് സ്റ്റേറ്റ് കൂടുതൽ വരുമാനമുള്ള ഒരു സ്റ്റേറ്റായിട്ടും ഭാഗിക്കുന്നതു് ശരിയല്ല. ആ അടിസ്ഥാനത്തിൽ ദേവികുളം പീരുമേട് താലൂക്കുകൾ കേരളസംസ്ഥാനത്തിലുണ്ടായിരിക്കേണ്ടതു് വളരെ അത്യന്താപേക്ഷിതമായ ഒരു കാര്യമാണു്. വന്നും പോയുമിരിക്കുന്ന തൊഴിലാളികൾ മാത്രം താമസിച്ചുപോരുന്ന ആ സ്ഥലം തമിഴ്നാട്ടുകാരുടെ മുഴുവൻ സ്ഥലമാണു് എന്നവകാശപ്പെടുവാൻ സാധ്യമല്ല. ഒരുപക്ഷെ, തമിഴ് സംസാരിക്കുന്നവർ അവിടെ കൂടുതൽ ശതമാനമുണ്ടെന്നു സമ്മതിക്കാം. എന്നാൽ അതുകൊണ്ടായില്ല. കോയമ്പത്തൂർ മുനിസിപ്പാലിറ്റിയിലുള്ള ചില വാർഡുകളിൽ ന്യൂനപക്ഷംപേരും മലയാളികളാണു്. അതുകൊണ്ടു് ആ വാർഡുകൾ മുഴുവനുമോ, അല്ലെങ്കിൽ ആ ഡിസ്ട്രിക്റ്റോ കേരളത്തിനു് അവകാശപ്പെടാവുന്നതാണു്. ശ്രീ: കാമരാജനാടാർ ബാംഗ്ലൂരിലെ ആളുകളിൽ കുറേപ്പേർ തമിഴ് സംസാരിക്കുന്നവരായതുകൊണ്ടു് ബാംഗ്ലൂരു കൂടി തമിഴ് നാട്ടിലേയ്ക്കു ചേർക്കണമെന്നു പറയുമോ? അതുപോലെയാണു് ചിറ്റൂർ മദ്രാസിനോടു ചേർക്കണമെന്നുള്ളതും പറയുന്നതു്.

ശ്രീ. കുഞ്ഞൻനാടാർ ചിറ്റൂർ തമിഴ്നാട്ടിലെ ഒരു എൻക്ലേവ് ആണെന്നു പറഞ്ഞു. ശ്രീ. എ. ആർ. മേനോൻ അതല്ലെന്നു് ഉടനെ ധരിപ്പിക്കുകയും ചെയ്തു. ചിറ്റൂർ രണ്ടു ഭാഗങ്ങളായി കിടക്കുന്നു. ഒരു ഭാഗത്തു് നെന്മാറയും അതുകഴിഞ്ഞു് പതിനെട്ടുമൈൽ കഴിഞ്ഞാൽ തത്തമംഗലവും കിടക്കുന്നു. പടിഞ്ഞാറും വടക്കും തെക്കും ഭാഗങ്ങളിൽ മലബാറും കിടക്കുന്നു. ഒരു ഭാഗത്തു്, അതായതു് കീഴക്കുഭാഗത്തു മാത്രമാണു് പൊള്ളാച്ചി താലൂക്കിനോടു തൊട്ടു കിടക്കുന്നതു്. അതുകൊണ്ടു് എൻക്ലേവ് എന്നു പറയുന്നതു ശരിയല്ല. പണ്ടു് ചിറ്റൂർക്കാർ തങ്ങളെ മലബാറിലേയ്ക്കു ചേർക്കണമെന്നു് മുഖ്യമന്ത്രിയോടു് ആവശ്യപ്പെട്ടതായി പറയുകയുണ്ടായി. അങ്ങനെ പറയുവാൻ കാരണമുണ്ടു്. ഭരണപരവും മറ്റുമായ കാര്യങ്ങൾക്കു് കൊച്ചിയിലും മറ്റും പോകേണ്ടിവരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ശിവരാമഭാരതി]

പാലക്കാട്ടും മറ്റുംകൂടി അങ്ങോട്ടും ഇങ്ങോട്ടും പോകേണ്ടതായി ഉണ്ട്. കൺട്രോളും മറ്റും ഉണ്ടായിരുന്ന കാലങ്ങളിൽ രണ്ടും മൂന്നും പ്രാവശ്യം മലബാറ്റിലേയ്ക്കു വന്നിട്ടുവേണം കൊച്ചി സംസ്ഥാനത്തുതന്നെ എത്തുന്നതിനു്. ആ വൈഷമ്യം ഉള്ളതുകൊണ്ടു്, അതായതു് ബസ്സുയാത്രകളും മറ്റും രണ്ടു സംസ്ഥാനങ്ങളിൽക്കൂടി നടത്തുന്നതുകൊണ്ടുള്ള ക്ലേശംകൊണ്ടും മറ്റും ചിറ്റൂർ മദ്രാസിലേക്കു ചേർക്കണമെന്നു് അവർ പറഞ്ഞതാണു്, എന്നുവച്ചാൽ തൊട്ടുകിടക്കുന്ന മലബാറിലേക്കു് ചേർക്കണമെന്നർത്ഥം. അല്ലാതെ തമിഴ്നാട്ടിലേയ്ക്കു ചേർക്കണമെന്നല്ല. ചിറ്റൂർ താലൂക്കിൽ തൊണ്ണൂറഞ്ചു ശതമാനം ആളുകളും തമിഴ് സംസാരിക്കുന്നവരാണെന്നു പറഞ്ഞുകേട്ടു. ആ കണക്കു് എവിടെനിന്നു കിട്ടിയതാണെന്നു് എനിക്കറിഞ്ഞുകൂടാ. എന്തായാലും അതു് ശരിയല്ല. ഈ വാദം അടുത്ത കാലംവരെ ഉണ്ടായിട്ടില്ല. ചിറ്റൂർ താലൂക്കു് കോയമ്പത്തൂരിനോടു ചേർക്കണമെന്നു് അടുത്ത കാലംവരെ ആരും പറഞ്ഞു കേട്ടിട്ടില്ല. അടുത്ത അവസരത്തിൽ ഐക്യതമിഴകം നേതാവായ ശ്രീ. ശിവജ്ഞാനഗ്രാമണി ചിറ്റൂരിൽ വന്നു് ഏതുവിധത്തിലെങ്കിലും ചിറ്റൂർ താലൂക്കു് മദ്രാസിൽ ചേർക്കണമെന്ന വാദിച്ചതായി പത്രങ്ങളിൽ കണ്ടു. അവിടെ ഇതിലേയ്ക്കു് ശക്തിയായ പ്രക്ഷോഭണം നടത്തണമെന്നും, ഏതുവിധത്തിലുള്ള ത്യാഗങ്ങളും അനുഷ്ഠിക്കുന്നതിനും തയ്യാറാകണമെന്നും ഉള്ള ആവേശം ചിലർ ഇപ്പോൾ പ്രകടിപ്പിച്ചുവരുന്നുണ്ടു്. ഇങ്ങനെ ഒരു പ്രായം അടുത്ത കാലത്തു് അവിടെ ഉണ്ടായതിന്റെ കാരണം ശ്രീ. പട്ടം താണുപിള്ളയാണെന്നു പറയാതെ തരമില്ല. ഞാനദ്ദേഹത്തെ ആക്ഷേപിക്കുകയല്ല. ലാൻഡ് ബിൽസു് ഇവിടെ അവതരിക്കപ്പെട്ടിരുന്നില്ലെങ്കിൽ ഇങ്ങനെയുള്ള ഒരാലോചനയേ അവർക്കുണ്ടാകുമായിരുന്നില്ല. ബില്ലുകൾ അവതരിപ്പിച്ചുതീരുന്നതിനോടുകൂടി അവിടത്തെ ഭൂവുടമസ്ഥന്മാർക്കു് ഉടനടി തമിഴ്നാടിനോടു് ചേരണമെന്നാലോചനയുണ്ടായി. അക്കാലത്തുതന്നെ അവിടെ ഒരു സമ്മേളനം ഉണ്ടായി. വീണ്ടും ഒന്നുരണ്ടു സമ്മേളനങ്ങൾ അവിടെ നടന്നു. അടുത്ത സ്ഥലമാണു് പാലക്കാടു്. ചിറ്റൂർ മദ്രാസിലേക്കു ചേർക്കപ്പെടുന്നപക്ഷം പാലക്കാടും മദ്രാസിനോടു് ചേർക്കണം. പാലക്കാടു് കേരളത്തിലാണെങ്കിൽ ചിറ്റൂരും കേരളത്തിൽത്തന്നെ വരേണ്ടതാണു്. ഈ വഴക്കു് അവിടെ ഇതിനു മുമ്പുണ്ടായിട്ടില്ല.

അടുത്തതു് കാസർകോടിനെ സംബന്ധിച്ചുള്ളതാണു്. ഭരണപരമായ സൗകര്യത്തിനുവേണ്ടി ചന്ദ്രഗിരി പുഴയുടെ തെക്കുഭാഗത്തുള്ള പ്രദേശങ്ങൾ മാത്രമേ കേരളത്തിൽ ചേർക്കുവാൻ സൗകര്യമുള്ളൂ. അതുപോലെ ഗുഡല്ലൂർ പ്രദേശവും കേരളത്തോടു ചേർക്കേണ്ട ഒരു പ്രദേശമാണു്. മലബാറിലെ നിയമങ്ങൾതന്നെയാണു് അവിടെയും ഉള്ളതു്. അവിടെയുള്ള ഭൂവ്യവസ്ഥയും മറ്റു കാര്യങ്ങളും എല്ലാംകൂടി നോക്കുമ്പോൾ അതു് കേരളാസ്റ്റേറ്റിനോടു ചേർന്നുകിടക്കേണ്ടതാണെന്നു കാണുവാൻ സാധിക്കും. ഈ നിലയിലുള്ള ഒരു കേരളാസ്റ്റേറ്റായിരിക്കണം നമുക്കുള്ളതു്.

തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചു് എന്റെ സ്നേഹിതന്മാർ വീണ്ടും ആലോചിച്ചു് കേരളത്തിൽത്തന്നെ ഉറച്ചുനിൽക്കും എന്നാണെന്റെ വിശ്വാസം. ആ ഒരു നിലയെടുത്താൽ അവിടെയുള്ള എല്ലാവർക്കും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനു് സൗകര്യം ലഭിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടവർക്കുടി ഒന്ന് ചിന്നിന്ന് ഈ രാജ്യത്തിന്റെ കേരളക്കുടി മുതൽക്കൂട്ട് ണ്ടാക്കുന്നതിന്റെ പരിശ്രമിച്ചാൽ അതുവക്കും കേരളസ്റ്റേറിനും വളരെ നന്നായിരിക്കും. അതുപോലെ ചിറ്റൂർ, നെയ്യാറ്റിൻകര തുടങ്ങിയ താലൂക്കുകളും എല്ലാം കേരളത്തിൽത്തന്നെ ലയിക്കേണ്ടതാണ്. തുഡല്ലുരും കേരളത്തിൽ ഉൾപ്പെടണം. അങ്ങനെയുള്ള ഒരു സംസ്ഥാനം ഉണ്ടാക്കാൻ നാം ഒത്തൊരുമിച്ച് പരിശ്രമിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് വിരമിക്കുന്നു.

ശ്രീ. കെ. പി. ഗോപാലമേനോൻ : ഒരു കേരളസ്റ്റേറ് രൂപീകരിക്കുന്നതിനെ ഞാൻ അനുകൂലിക്കുകയാണ്. ഒരു കേരളസംസ്ഥാനം രൂപീകരിക്കുന്നതിനുവേണ്ടി വളരെക്കാലമായി കേരളീയർ വളരെ ആവേശത്തോടുകൂടി പല സംരംഭങ്ങളും നടത്തിയിട്ടുണ്ട്. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലും ഇതുപോലെ സംസ്ഥാനം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള മുറവിളികളും ഉണ്ടായതോടുകൂടി ഇൻഡ്യാഗവണ്മെന്റ് അതിലേയ്ക്ക് ഒരു ഉന്നതാധികാരക്കമ്മീഷനെ നിയമിക്കുകയും ആ കമ്മീഷൻ ഈ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. (തുടരും)

MR. SPEAKER : The House will now adjourn and meet at 8 A. M. tomorrow.

The Assembly adjourned at 1 P. M. to meet again at 8 A. M. on Wednesday, the 23rd November 1955.

LIBRARY ARCHIVES Kerala Legislative Assembly